ജനപഥം ഫെബ്രുവരി 2012

2012 International Year of Cooperatives

## കവർ സ്റ്റോറി




4
**സഹകരണവർഷത്തിൽ പുതിയ കാൽവയ്പുകൾ**
സി.എൻ. ബാലകൃഷ്ണൻ (സഹകരണമന്ത്രി)

6
**2012 – അന്താരാഷ്ട്ര സഹകരണ വർഷം**
എഴുമാവിൽ രവീന്ദ്രനാഥ്

11
**തെങ്ങു കൃഷിക്കൊരു സുവർണകാലം**
ടി.കെ. ജോസ് ഐ.എ.എസ്.

17
**പോറ്റമ്മയായ തെങ്ങ്**
വി.എസ്. ലാലി

28
**ആറന്മുളപ്പെരുമ**
വേറ്റിനാട് പി.എസ്. കുമാർ





37 ജില്ലകളിലൂടെ
44 ചരിത്രത്തിലൂടെ
45 വാർത്തയിൽ
47 പെൺജീവിതം
50 വായനശാല, പരസ്പരം
51 സമീക്ഷ
52 കാലത്തിനൊപ്പം

19
**അംബരചുംബി കൃഷി – പുതിയ പ്രതീക്ഷ**
സുരേഷ് മുതുകുളം

22
**നാഞ്ചിനാട്ടിലെ നെൽക്കൃഷി**
എം.പി. അയ്യപ്പദാസ്

26
**ചരിത്രവും പൗരാണികതയും കാത്തുസൂക്ഷിക്കുന്ന പുരാവസ്തുവകുപ്പ്**
കൃഷ്ണകുമാർ പൊതുവാൾ

31
**ദേവഭൂമി – ഉത്തരാഞ്ചൽ**
ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

34
**സുതാര്യകേരളം**


**കവർ: പ്രകാശ്. വി. എസ്**

## പ്രതികരണം




# ശുചിത്വകേരളം : നഗരസഭകളിൽ വാർഡുകമ്മിറ്റികൾ വേണം


സർക്കാരിന്റെ ഒരുവർഷത്തേക്കുള്ള കർമപരിപാടിയിൽ ശുചിത്വകേരളം പരിപാടിക്ക് പ്രത്യേക ഊന്നൽ നൽകിയതിന് നന്ദി.

മുഖ്യമന്ത്രിക്ക് പൗരസമിതി അയച്ച നിവേദനത്തിൽ മാലിന്യ മാനേജ്മെന്റിനെപ്പറ്റി വിശദീകരിച്ച മിക്ക കാര്യങ്ങളും ശുചിത്വകേരളം പരിപാടിയിൽ ഉൾപ്പെടുത്തിയത് പൗരസമിതിക്ക് ഏറെ സന്തോഷം നൽകുന്നു. പരിപാടി നടപ്പിലാക്കേണ്ട നഗരസഭകൾ ഇതുവരെ ഉണർന്നിട്ടില്ല. വിഷയം വാർഡു സഭകളിൽ വിശദമായി ചർച്ചചെയ്ത് കർമപരിപാടിക്ക് രൂപം കൊടുക്കണം. അതിന് എല്ലാ നഗരസഭകളിലും വാർഡു കമ്മിറ്റികൾ വേണം. കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 42 പ്രകാരം ഒരു ലക്ഷം ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡു കമ്മിറ്റിവേണം എന്ന നിയമം മാറ്റിയെഴുതി ജനസംഖ്യാമാനദണ്ഡമില്ലാതെ എല്ലാ നഗരസഭകൾക്കും എന്നാക്കണം. എങ്കിൽ മാത്രമേ 42 മുതൽ 47 വരെയുള്ള വകുപ്പുകൾക്ക് പ്രസക്തിയുള്ളൂ. ജനപങ്കാളിത്തവും അധികാരവികേന്ദ്രീകരണവുമില്ലാതെ കർമപരിപാടികൾ നടത്താൻ പ്രയാസമാകും. നഗരസഭകളെ വേണം ആദ്യം ബോധവത്കരിക്കേണ്ടത്.

***പി. രാമചന്ദ്രൻ നായർ***

*ജനറൽ സെക്രട്ടറി, പത്തനംതിട്ട പൗരസമിതി*

# അഴീക്കോട് യാത്രയായി



പ്രഭാഷണകലയുടെ ശക്തിയാൽ കേരളത്തിന്റെ ബൗദ്ധിക, സാംസ്കാരിക, സാമൂഹികമണ്ഡലങ്ങളിൽ പരിവർത്തനത്തിന്റെ മാറ്റൊലികൾ കേൾപ്പിച്ച വാഗ്മി ഡോ. സുകുമാർ അഴീക്കോട് നിര്യാതനായി.

സെന്റ് ആഗ്നസ് കോളേജിലെ മലയാളം അധ്യാപകനും പ്രസംഗകനുമായിരുന്ന വിദ്വാൻ പനങ്കാവിൽ ദാമോദരന്റെയും കേളോത്ത് തട്ടാരത്ത് മാധവിയമ്മയുടെയും മകനായി 1926 മേയ് 12 ന് കണ്ണൂർ ജില്ലയിലെ അഴീക്കോട്ടാണ് ജനനം.

പഠനം പൂർത്തിയാക്കിയ രാജാസ് സ്കൂളിലായിരുന്നു അഴീക്കോടിന്റെ അധ്യാപനരംഗത്തെ തുടക്കം. തുടർന്ന് കോഴിക്കോട് ദേവഗിരി കോളേജ്, മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ്, കോഴിക്കോട് സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങളിലെല്ലാം അധ്യാപകനായ അഴീക്കോട് കാലിക്കറ്റ് സർവകലാശാല പ്രൊ-വൈസ് ചാൻസലറും ആക്ടിങ് വൈസ് ചാൻസലറുമായിരുന്നു.

കാലിക്കറ്റ് സർവകലാശാലയുടെ ആദ്യ എമിററ്റസ് പ്രൊഫസർ, യു.ജി.സിയുടെ ആദ്യ നാഷണൽ ലക്ചറർ, നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ചെയർമാൻ (1993-96) എന്നീ പദവികളും ഇദ്ദേഹം അലങ്കരിച്ചിട്ടുണ്ട്.

അഴീക്കോടിന്റെ തത്ത്വമസി എന്ന ഗ്രന്ഥം കേന്ദ്ര-കേരള സാഹിത്യ അക്കാദമികളുടെ അവാർഡുകളടക്കം 12 ബഹുമതികൾ നേടി. 2004 ലെ എഴുത്തച്ഛൻ പുരസ്കാരത്തിനും അദ്ദേഹം അർഹനായി. 2007 ലെ പത്മശ്രീക്ക് അർഹനായെങ്കിലും അദ്ദേഹം നിരസിക്കുകയാണുണ്ടായത്.

തത്ത്വമസി, ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, മഹാത്മാവിന്റെ മാർഗം, പുരാതന കലാസാഹിത്യവും മറ്റും, മലയാളസാഹിത്യവിമർശനം, ജി. ശങ്കരകുറുപ്പ് വിമർശിക്കപ്പെടുന്നു, വായനയുടെ സ്വർഗത്തിൽ, മലയാളസാഹിത്യപഠനങ്ങൾ, തത്ത്വവും മനുഷ്യനും, ഖണ്ഡനവും മണ്ഡനവും, എന്തിനു ഭാരതധരേ, അഴീക്കോടിന്റെ പ്രഭാഷണങ്ങൾ, അഴീക്കോടിന്റെ ഫലിതങ്ങൾ, ഗുരുവിന്റെ ദുഃഖം, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, പാതകൾ കാഴ്ചകൾ, മഹാകവി ഉള്ളൂർ, അഴീക്കോടിന്റെ ആത്മകഥ, ഭാവന എന്ന വിസ്മയം, നവയാത്രകൾ, ഭാരതീയത, അഴീക്കോടിന്റെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, മഹാത്മാവിന്റെ മാർഗം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാർ, സാഹിത്യ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരുൾപ്പെടെ ആയിരങ്ങൾ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു.

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2012
പുസ്തകം 44 ലക്കം 2
e-mail : janapatham@prd.kerala.gov.in
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ ഇൻ ചാർജ്*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡപ്യൂട്ടി ചീഫ് എഡിറ്റർ*
**വി. ശുഭാമണി**
*ഡപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**എസ്.ആർ. പ്രവീൺ**

ഡിസൈനർ
**പ്രകാശ് വി. എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**എൻ. ഷൈലാബീഗം**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എൻ.പി. സന്തോഷ്,** കൊല്ലം
- **റ്റി.സി. ചന്ദ്രഹാസൻ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **എൻ. സുനിൽകുമാർ,** ആലപ്പുഴ
- **പി. വിനോദ്,**എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471- 2518171




# സഹകരണ വർഷം

മനുഷ്യചരിത്രം വികസിച്ചത് കൂട്ടായ്മകളിലൂടെയാണല്ലോ. കൊടുക്കൽവാങ്ങലുകളിലൂടെ പരസ്പരം താങ്ങും തണലുമായി സമൂഹം ചരിത്രത്തിലൂടെ സഞ്ചരിച്ചു. കൂട്ടായ്മകൾ ഒരു സംരംഭം എന്ന നിലയിൽ രൂപപ്പെടുന്നത് രേഖപ്പെടുത്തപ്പെട്ട ചരിത്രമനുസരിച്ച് 19 ാം നൂറ്റാണ്ടിലാണ്. പരസ്പരസഹായത്തിലൂടെ പുരോഗതി എന്നതു തന്നെയാണ് കൂട്ടായ്മകളുടെ ലക്ഷ്യം. ഇന്ന് 92 രാജ്യങ്ങളിലായി വ്യത്യസ്ത സംസ്കാരങ്ങളും ആചാരങ്ങളും ജീവിതരീതികളുമുള്ള കോടിക്കണക്കിന് ജനങ്ങളുടെ ആശ്രയമാണ് സഹകരണപ്രസ്ഥാനങ്ങൾ. ഐക്യരാഷ്ട്ര സംഘടന ഈ വർഷം സഹകരണ വർഷമായി ആചരിക്കുകയാണ്.

റോബർട്ട് ഓവൻ എന്ന ഇംഗ്ലീഷ് പൗരന്റെ എളിയ സംരംഭമാണ് പില്ക്കാലത്ത് വലിയ സഹകരണപ്രസ്ഥാനങ്ങൾക്ക് വിത്തുപാകിയത്. മിൽത്തൊഴിലാളികളുടെ ജീവിതക്ഷേമത്തിനുവേണ്ടി ആരംഭിച്ച കൂട്ടായ്മകൾ വളരെവേഗം തന്നെ ജനങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുകയാണുണ്ടായത്. വ്യവസായവിപ്ലവത്തെത്തുടർന്ന് തൊഴിൽരഹിതരായ നെയ്ത്തുതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടായിരുന്നു സഹകരണരംഗം വളർന്നത്. ബ്രിട്ടണിലെ സഹകരണമേഖലയുടെ വളർച്ച മറ്റ് ലോകരാഷ്ട്രങ്ങളെയും സ്വാധീനിക്കുകയുണ്ടായി. ജർമനിയിൽ കർഷകർ സഹകരണരംഗത്ത് കൂട്ടായ്മകൾ വളർത്തിയെടുത്തു. തുടർന്ന് ഇറ്റലി, ചൈന, ഡെൻമാർക്ക്, ഫ്രാൻസ്, കാനഡ, ജപ്പാൻ, ഇസ്രയേൽ, റഷ്യ, സ്വിറ്റ്സർലന്റ് എന്നിങ്ങനെ എല്ലാ രാജ്യങ്ങളിലും സഹകരണപ്രസ്ഥാനങ്ങൾ ആരംഭം കുറിച്ചു.

ഇന്ത്യയിൽ കർഷകരുടെ രക്ഷയ്ക്കായാണ് സഹകരണ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. 1892 ൽ ഹിമാചൽപ്രദേശിലെ ഉന ജില്ലയിൽ രൂപീകരിച്ച പഞ്ചവർ സംഘ് ആണ് ഇന്ത്യയിലെ ആദ്യ സഹകരണസംഘം. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ കർഷകജനത അനുഭവിച്ച ദുരിതങ്ങളിൽനിന്ന് രക്ഷനേടുന്നതിനും ഭൂ ഉടമകളുടെയും പലിശക്കാരുടെയും ചൂഷണങ്ങളിൽനിന്നും രക്ഷനേടുന്നതിനുമാണ് ഇന്ത്യയിൽ സഹകരണസംഘങ്ങൾ രൂപീകൃതമായത്.

ഇന്ത്യയിലെ ആദ്യ സഹകരണ നിയമം 1904 ലാണ് രൂപം കൊണ്ടത്. കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട്. ഈ ആക്ടിന്റെയും തുടർന്നുണ്ടായ മറ്റ് ആക്ടുകളുടെയും അടിസ്ഥാനത്തിലാണ് കേരളത്തിൽ സഹകരണസംഘങ്ങൾ രൂപം കൊണ്ടത്. 1904 ലെ നിയമത്തിൻ കീഴിൽ മലബാറിൽ ആദ്യമായി കൊടുവായൂർ ഐക്യ നാണയ സംഘം രൂപം കൊണ്ടു. തിരുവിതാംകൂറിൽ സഹകരണസംഘങ്ങൾക്ക് തുടക്കമിട്ടത് ആയില്യം തിരുനാൾ മഹാരാജാവാണ് (1914). ഇങ്ങനെ രൂപംകൊണ്ട ആദ്യ സഹകരണസംഘമാണ് തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. (ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്).

ഇന്ന് ജീവിതത്തിന്റെ എല്ലാ മേഖലയിലും സഹകരണപ്രസ്ഥാനങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ജനജീവിതം മെച്ചപ്പെടുത്തുന്നതിനും പ്രശ്ന സങ്കീർണമായ നിത്യജീവിതത്തിന് താങ്ങുമായി സഹകരണസംഘങ്ങൾ എല്ലാ ഗ്രാമങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണജനതയെ ചൂഷണമുക്തമാക്കി സ്വയംപര്യാപ്തമാക്കുന്നതിന് സഹകരണസംഘങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മത്സ്യം, പാൽ, കയർ, കൈത്തറി രംഗങ്ങളിൽ സഹകരണമേഖലയുടെ സാന്നിധ്യം സാധാരണ ജനങ്ങളുടെ ജീവിതത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്.

സജീവമായ ഒരു കാർഷികസംസ്കൃതിയുടെ തുടർച്ചയാണ് നമ്മുടെ ജീവിതം. എന്നാൽ ആ തുടർച്ചയ്ക്ക് ആധുനികജീവിതത്തിൽ വലിയ ഇടർച്ച സംഭവിച്ചിരിക്കുന്നു. കൃഷിയിടങ്ങൾ തരിശാവുകയും പിന്നെ കോൺക്രീറ്റ് സൗധങ്ങളായിത്തീരുകയും ചെയ്യുന്ന പ്രവണത ഒട്ടും കുറഞ്ഞിട്ടില്ല ഇപ്പോഴും നമ്മുടെ നാട്ടിൽ. പ്രകൃതിയിലേക്കും അതിന്റെ സഹജമായ ആവാസവ്യവസ്ഥയിലേയ്ക്കും മടങ്ങേണ്ടതിന്റെ ആവശ്യകത ലോകമാകെ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ നാം നമ്മുടെ പ്രകൃതിയെയും കൃഷിസമ്പ്രദായങ്ങളെയും പഴഞ്ചൻ എന്ന് മുദ്രകുത്തി പുറത്താക്കി വീടുകൾ പണിയുന്നു. കേരളത്തിൽ കേരം അന്യംനിന്നുപോകുന്നതിന് ഇനിയത്തെ തലമുറ സാക്ഷിയാകേണ്ടിവരുമോ?

കല്പവൃക്ഷമായ തെങ്ങിന്റെ സമൃദ്ധി നിലനിർത്തി പരിപാലിക്കുവാൻ സർക്കാർ സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ വീടിന്റെയും ഐശ്വര്യമായിരുന്ന തെങ്ങിനെ ഫലസമൃദ്ധമാക്കി നാടിന്റെ പേരിനെ അന്വർഥമാക്കുവാൻ എല്ലാവരുടെയും സജീവമായ പങ്കാളിത്തം ആവശ്യമാണ്.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

■ **സി.എൻ. ബാലകൃഷ്ണൻ** (സഹകരണ മന്ത്രി)

# സഹകരണ വർഷത്തിൽ പുതിയ കാൽവയ്പ്പുകൾ

**അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണമേഖലയുടെ പുതിയ കർമപരിപാടികൾ വിശദീകരിക്കുന്നു**

അന്താരാഷ്ട്ര സഹകരണ വർഷത്തെ സംസ്ഥാന സർക്കാർ സഹർഷം സ്വാഗതം ചെയ്യുന്നു. സർവതല സ്പർശിയായ നമ്മുടെ സഹകരണ മേഖലയെ കൂടുതൽ ഊർജസ്വലമാക്കുവാനുള്ള കർമ പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടുകഴിഞ്ഞു. കാർഷികരംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും പൊതുവിപണനരംഗത്തും മാത്രമല്ല ടൂറിസം, ദുർബല വിഭാഗങ്ങളുടെ ക്ഷേമം തുടങ്ങിയ രംഗങ്ങളിലും സഹകരണ വകുപ്പ് ശക്തമായ കാൽവയ്പുകളാണ് ഈ വർഷം നടത്തുന്നത്.

പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ ശാക്തീകരണത്തിലൂടെ മാത്രമേ നാടിന്റെ വികസനം സാധ്യമാകൂ. ഇതു ലക്ഷ്യമിട്ട് ഈ വർഷം 200 സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരിമൂലധനം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ ഈ സ്ഥാപനങ്ങൾ മുഖേന 2500 കോടി രൂപയുടെ കാർഷികവായ്പയും ഈ വർഷം നൽകും. വായ്പകൾ കൊടുക്കുന്നതുപോലെ തന്നെ അവയുടെ തിരിച്ചടവിന്റെ കാര്യത്തിലും മേൽനോട്ടമുണ്ടാവും. കൃത്യമായി തവണകളടയ്ക്കുന്ന കർഷകർക്ക് പലിശയിളവു നൽകുവാനാണ് തീരുമാനം. കുറഞ്ഞത് 25000 കർഷകർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കും. മറ്റൊന്ന് നെൽക്കൃഷിക്കുള്ള പലിശരഹിത വായ്പയാണ്. നെൽക്കൃഷിക്കായി വായ്പയെടുത്തവർ അടച്ചിട്ടുള്ള പലിശ പൂർണമായും റീ-ഇംബേഴ്സ് ചെയ്യുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. 30,000 കർഷകർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കും.



ഫാർമേഴ്സ് സർവീസ് സെന്ററുകൾ എന്ന നവീന ആശയം ഈ വർഷം പ്രായോഗികതലത്തിൽ കൊണ്ടുവരാൻ സഹകരണ വകുപ്പ് തീരുമാനമെടുത്തുകഴിഞ്ഞു. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി ഇത്തരം 50 സെന്ററുകൾ തുറക്കും. ഇവയിലൂടെ വിത്തും വളവും വിദഗ്ധോപദേശവും യഥാസമയം ലഭ്യമാക്കുവാനാണ് ആഗ്രഹിക്കുന്നത്. കൂടാതെ കാർഷികോത്പന്നങ്ങളുടെ സംഭരണത്തിനായി 20 ഗോഡൗണുകളും ആരംഭിക്കുന്നതാണ്. ഇതിലേക്ക് എൻ.സി.ഡി.സിയുടെ സഹകരണം തേടും. നിലവിലുള്ള അഞ്ച് പ്രോസസിങ് യൂണിറ്റുകളെ ആധുനികവത്കരിക്കുന്നതോടൊപ്പം 10 പുതിയ കൊപ്ര/നെല്ല് സംസ്കരണ യൂണിറ്റുകൾകൂടി ഈ സഹകരണ വർഷത്തിൽ യാഥാർഥ്യമാകും. എൻ.സി.ഡി.സിയെ കൂടാതെ കമ്മോഡിറ്റി ബോർഡുകളുടെയും സംസ്ഥാന പദ്ധതിയുടെയും സഹായം ഇതിലേക്ക് ലഭ്യമാക്കുവാനാണുദ്ദേശിക്കുന്നത്.

കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനത്തിന് പുതിയൊരു ദിശാബോധമുണ്ടാക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി അവയെ




**അന്താരാഷ്ട്ര സഹകരണ വർഷം 2012 ന്റെ ലോഗോ സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ പ്രകാശനം ചെയ്യുന്നു.**

പൂർണരൂപത്തിൽ ബാങ്ക് ആക്കി മാറ്റുവാൻ സഹകരണ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഞങ്ങൾക്കു ക ഴിഞ്ഞു. ബാങ്ക് നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി എന്ന പദ്ധതിക്ക് ഇവിടെ തുടക്കമായി. കൂടാതെ കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അനുമതിയും നൽകിക്കഴിഞ്ഞു. ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ക്രഡിറ്റ് എന്ന സംവിധാനവും വൈകാതെ ആരംഭിക്കും. ഉത്പാദനമേഖലയിൽ 50 ദീർഘകാല സംരംഭക വായ്പകൾ ഈ വർഷംതന്നെ നൽകും. ടൂറിസം പ്രൊമോഷനുവേണ്ടി അഞ്ച് സഹകരണസംഘങ്ങൾക്ക് ധനസഹായം അനുവദിക്കും.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ചരിത്രം തിരുത്തിക്കുറിച്ച സഹകരണമേഖല ഈ വർഷം അഞ്ചു പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കും. നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകളും ബിരുദാനന്തര ബിരുദ പഠനസൗകര്യവും ഈ വർഷം ഏർപ്പെടുത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പാലക്കാട് പുതിയ മെഡിക്കൽ കോളേജ്, തൃശൂരിൽ ഫാർമസി കോളേജ്, ഇടുക്കിയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രാരംഭപ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കമിട്ടു. 10 സഹകരണ ആശുപത്രികളുടെ വിപുലീകരണവും ഈ വർഷം തന്നെയുണ്ടാകും.

പൊതുവിപണിയിൽ ഫലപ്രദമായ ഇടപെടൽ നടത്തി ജനഹൃദയങ്ങൾ കീഴടക്കിയ കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനുള്ള പരിപാടിയാണ് ഈ വർഷത്തെ മറ്റൊരു ആകർഷണീയത. 50 പുതിയ ത്രിവേണി സ്റ്റോറുകൾ, 20 മൊബൈൽ സൂപ്പർ മാർക്കറ്റുകൾ, അഞ്ച് ഫ്ളോട്ടിങ് ത്രിവേണികൾ, 25 നീതി മെഡിക്കൽ സ്റ്റോറുകൾ, നാല് നീതി മെഡിക്കൽ വെയർഹൗസുകൾ, രണ്ടു ശീതീകരിച്ച ഗോഡൗണുകൾ എന്നിവ ഈ വർഷം കൺസ്യൂമർഫെഡ് ലക്ഷ്യമിടുന്നു. കൂടാതെ നന്മ പദ്ധതിയുടെ കീഴിൽ 2000 ന്യായവില വില്പനകേന്ദ്രങ്ങളും 20 കൺസ്യൂമർ യൂണിറ്റുകളും 5000 ഉത്സവകാല ചന്തകളും ഈ വർഷം ജനസേവനത്തിനായി സജ്ജമാകും.

പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കും ഈ വർഷം തുടക്കം കുറിക്കും. ഇവയുടെ പ്രവർത്തനം പഠിക്കുവാനായി ഒരു വിദഗ്ധ സമിതിയെ നിയമിക്കുവാൻ തീരുമാനമെടുത്തുകഴിഞ്ഞു. 50 വനിതാ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണവും ഈ വർഷം ലക്ഷ്യമിടുന്നു. കൂടാതെ അർഹതയുള്ള 20 എസ്.സി/എസ്.ടി സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും എൻ.സി.ഡി.സി/സംസ്ഥാന പദ്ധതി പ്രകാരം സാമ്പത്തികസഹായം അനുവദിക്കുകയും ചെയ്യും. എസ്.സി/എസ്.ടി ഫെഡറേഷന്റെ കീഴിലുള്ള ഔഷധനിർമാണ യൂണിറ്റായ ആയുർധാരയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ഈ വർഷം തുടക്കം കുറിക്കും.

സഹകരണമേഖലയുടെ വളർച്ചയ്ക്കനുസരിച്ച് സഹകരണ വകുപ്പിന്റെ പുനഃസംഘടന അനിവാര്യമായ ഒന്നാണ്. ഈ സഹകരണ വർഷത്തിൽത്തന്നെ ഇതു സംബന്ധിച്ച് തീരുമാനമുണ്ടാകും. ആധുനിക സാങ്കേതികവിദ്യയുടെ പിൻബലവും ഇതിനായി തേടും. കൂടാതെ സഹകരണസ്ഥാപനങ്ങളുടെ ഓഡിറ്റ് കുടിശിക സംബന്ധിച്ച ആക്ഷേപങ്ങൾക്കുള്ള പരിഹാരമായി 15000 ഓഡിറ്റ് ഈ വർഷം പൂർത്തിയാക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ■

50 പുതിയ ത്രിവേണി സ്റ്റോറുകൾ, 20 മൊബൈൽ സൂപ്പർ മാർക്കറ്റുകൾ, അഞ്ച് ഫ്ളോട്ടിങ് ത്രിവേണികൾ, 25 നീതി മെഡിക്കൽ സ്റ്റോറുകൾ, നാല് നീതി മെഡിക്കൽ വെയർ ഹൗസുകൾ, രണ്ടു ശീതീകരിച്ച ഗോഡൗണുകൾ എന്നിവ ഈ വർഷം കൺസ്യൂമർഫെഡ് ലക്ഷ്യമിടുന്നു. നന്മ പദ്ധതിയുടെ കീഴിൽ 2000 ന്യായവില വില്പന കേന്ദ്രങ്ങളും 20 കൺസ്യൂമർ യൂണിറ്റുകളും 5000 ഉത്സവകാല ചന്തകളും ഈ വർഷം സജ്ജമാകും

■ **എഴുമാവിൽ രവീന്ദ്രനാഥ്**

# 2012–അന്താരാഷ്ട്ര സഹകരണ വർഷം

**പരസ്പരസഹായത്തിലൂടെ സാമൂഹ്യപുരോഗതി എന്ന ലക്ഷ്യവുമായി ഇംഗ്ലണ്ടിലെ ഒരു കൊച്ചുഗ്രാമത്തിൽത്തുടങ്ങി ഇന്ന് ലോകമാകെവ്യാപിച്ച സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിലൂടെ**

രണ്ടായിരത്തിപന്ത്രണ്ട് അന്താരാഷ്ട്ര സഹകരണ വർഷമായി ആചരിക്കുവാൻ ഐക്യരാഷ്ട്ര സംഘടന ആഹ്വാനംചെയ്തിരിക്കുകയാണല്ലോ. പരസ്പര സഹായത്തിലൂടെ സാമൂഹ്യപുരോഗതി എന്ന ലക്ഷ്യവുമായി 19–ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ ഒരു കൊച്ചു ഗ്രാമത്തിൽ ഉടലെടുത്ത എളിയ സംരംഭത്തിൽനിന്ന് 92 രാജ്യങ്ങളിലായി ഒരു ബില്ല്യണിലധികം അംഗങ്ങളുള്ള ബൃഹത്തായ പ്രസ്ഥാനമായി പടർന്നു പന്തലിച്ച ഒന്നാണ് ഈ ജനകീയ കൂട്ടായ്മ.

സഹകരണം എന്ന മഹത്തായ ആശയത്തിന്റെ പിതാവ് റോബർട്ട് ഓവൻ ആണ്. 1771 ൽ വെയിൽസിലെ ന്യൂടൗണിലുള്ള ഒരു നിർധന കുടുംബത്തിൽ പിറന്ന ഓവൻ ഒമ്പതാം വയസ്സിൽതന്നെ കുടുംബം പുലർത്താൻ ഒരു മിൽത്തൊഴിലാളിയുടെ കുപ്പായമണിഞ്ഞു. സ്വപ്രയത്നത്തിലൂടെ അദ്ദേഹം തന്റെ 22–ാം വയസ്സിൽ താൻ പണിയെടുത്ത സ്ഥാപനമായ ന്യൂലെനാർക്ക് മില്ലിന്റെ ഉടമയായി. തൊഴിലാളികളുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും ഏറെയറിഞ്ഞ ഓവൻ ഉടമയായതോടെ അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തത്. തൊഴിലാളികൾക്കുവേണ്ടിയുള്ള കമ്യൂണിറ്റി വില്ലേജുകൾ, സൂപ്പർമാർക്കറ്റുകൾ, ലേബർ ബാങ്ക്, വിദ്യാഭ്യാസ, ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഓവന്റെ ആശയങ്ങളായിരുന്നു.

ഫാക്ടറിക്കുള്ളിൽ മാത്രമൊതുങ്ങുന്നതായിരുന്നില്ല ഓവന്റെ പ്രവർത്തനങ്ങൾ. 1821 ൽ ജോർജ് മൂഡി എന്ന പത്രാധിപരുടെ സഹകരണത്തോടെ അദ്ദേഹം ലണ്ടൻ കോ–ഓപ്പറേറ്റീവ് ആൻഡ് ഇക്കണോമിക്കൽ സൊസൈറ്റി സ്ഥാപിക്കുകയും തന്റെ ആശയപ്രചരണത്തിനായി 'ദി ഇക്കണോമിസ്റ്റ്' എന്ന പ്രസിദ്ധീകരണം തുടങ്ങുകയും ചെയ്തു. തുടർന്ന് അമേരിക്കയിലും തന്റെ കമ്മ്യൂണിറ്റി വില്ലേജ്, ലേബർ എക്സ്ചേഞ്ച് ബാങ്ക് തുടങ്ങിയവ അദ്ദേഹം പരീക്ഷിച്ചു.

ഓവന്റെ ആശയങ്ങളിൽ ആകൃഷ്ടനായി വൈദ്യവൃത്തി ഉപേക്ഷിച്ച് സഹകരണരംഗത്തേക്കു കടന്നുവന്ന സാമൂഹ്യപ്രവർത്തകനാണ് ഡോ. വില്യംകിങ് (1786–1865). ബ്രിട്ടൺ കോ–ഓപ്പറേ



റ്റീവ് ഫ്രണ്ട്‌ലി അസോസിയേഷന്റെ സ്ഥാപകനായ ഇദ്ദേഹം മുന്നൂറോളം ഗ്രാമീണ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും 'ദി കോ-ഓപ്പറേറ്റർ' എന്ന പ്രസിദ്ധീകരണത്തിന് തുടക്കമിടുകയും ചെയ്തു.

തുടർന്നാണ് ചരിത്രപ്രസിദ്ധമായ റോക്ക്ഡയിൽ പയനിയേഴ്സിന്റെ രംഗപ്രവേശം. വ്യാവസായികവിപ്ലവത്തെത്തുടർന്ന് ഭാഗികമായോ പൂർണമായോ തൊഴിൽരഹിതരായ മാഞ്ചസ്റ്ററിലെ റോക്ക്ഡയിൽ ഗ്രാമത്തിലുള്ള തൊഴിലാളികളുടെ ദുരിതപൂർണമായ ജീവിതത്തിന് അറുതിവരുത്താനാണ് ചാൾസ് ഹൊവാർത്ത് എന്ന നെയ്ത്തു തൊഴിലാളി 1843 ഓഗസ്റ്റ് 11 ന് ഒരു യോഗം വിളിച്ചുചേർത്തത്. റോബർട്ട് ഓവന്റെയും വില്യംകിങ്ങിന്റെയും ആശയങ്ങളായിരുന്നു ഹൊവാർത്തിനെ ഇത്തരമൊരു നടപടിക്കു പ്രേരിപ്പിച്ചത്. അതിൽ പങ്കെടുത്ത എല്ലാവരും ഒരു ജനകീയസംഘടന രൂപീകരിക്കാൻവേണ്ട പണം ഒരുവർഷംകൊണ്ട് സ്വരൂപിക്കുമെന്ന് പ്രതിജ്ഞയെടുത്തു. അങ്ങനെ 28 പേർ സമാഹരിച്ച 28 പൗണ്ട് മൂലധനമാക്കിയാണ് 1844 ഓഗസ്റ്റ് 15 ന് റോക്ക്ഡയിൽ സൊസൈറ്റി ഓഫ് ഇക്വിറ്റബിൾ പയനിയേഴ്സ് എന്ന സംഘം സ്ഥാപിച്ചത്. റ്റോഡ്‌ലെയിനിലെ ഒരു കുടുസ്സുമുറിയിൽ കൺസ്യൂമർ സ്റ്റോറും ഓഫീസുമായി പ്രവർത്തനമാരംഭിച്ച സൊസൈറ്റി 1867 ആയപ്പോൾ സമീപസ്ഥലങ്ങൾ വിലയ്ക്കുവാങ്ങി വിശാലമായ ഒരു സൂപ്പർമാർക്കറ്റും ഇംഗ്ലണ്ടിലെങ്ങും ഔട്ട്‌ലെറ്റുകളും അരഡസനോളം അനുബന്ധ കമ്പനികളും ആരംഭിച്ച് ഭരണകർത്താക്കളെപ്പോലും അത്ഭുതപരതന്ത്രരാക്കി. കോ-ഓപ്പറേറ്റീവ് ലാൻഡ് ആൻഡ് ബിൽഡിങ് കമ്പനി, കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് കമ്പനി എന്നിവ ഉദാഹരണങ്ങൾ മാത്രം.

> റ്റോഡ്‌ലെയിനിലെ ഒരു കുടുസ്സുമുറിയിൽ കൺസ്യൂമർ സ്റ്റോറും ഓഫീസുമായി പ്രവർത്തനമാരംഭിച്ച സൊസൈറ്റി 1867 ആയപ്പോൾ സമീപസ്ഥലങ്ങൾ വിലയ്ക്കുവാങ്ങി വിശാലമായ ഒരു സൂപ്പർമാർക്കറ്റും ഇംഗ്ലണ്ടിലെങ്ങും ഔട്ട്‌ലെറ്റുകളും അരഡസനോളം അനുബന്ധ കമ്പനികളും ആരംഭിച്ച് ഭരണകർത്താക്കളെപ്പോലും അത്ഭുതപരതന്ത്രരാക്കി

ബ്രിട്ടണിലെ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച മറ്റു രാജ്യങ്ങളെയും സ്വാധീനിച്ചു. ജർമനിയിൽ ഗ്രാമീണകർഷകർക്കായി എഫ്.ഡബ്ലിയു. റെയ്ഫീസണും (1818-1888), ചെറുകിടകച്ചവടക്കാർക്കും കൈത്തൊഴിലുകാർക്കുമായി ഷൂൾസ് ഡെലിഷും (1808-1883) സഹകരണസംഘങ്ങൾ സ്ഥാപിച്ചു. ഇറ്റലിയിൽ ലൂജി ലുസാറ്റി (1810-1880) എന്ന സാമൂഹ്യപ്രവർത്തകൻ സുഹൃത്സംഘങ്ങളായി ആരംഭിച്ച സ്ഥാപനങ്ങൾ ബാങ്കെ പോപ്പുലാറി (ജനങ്ങളുടെ ബാങ്ക്) ആയി മാറി. ഫ്രാൻസ്, ഡെൻമാർക്ക്, സ്വിറ്റ്സർലണ്ട്, റഷ്യ, ചൈന, അയർലണ്ട്, അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ജപ്പാൻ, ഇസ്രയേൽ എന്നിങ്ങനെ സമീപരാജ്യങ്ങളിലേക്കെല്ലാം സഹകരണ പ്രസ്ഥാനം അതിവേഗത്തിലാണ് പടർന്നത്.

## സഹകരണപ്രസ്ഥാനം ഇന്ത്യയിൽ

ഋണബാധ്യതയിൽപ്പെട്ട കർഷകരുടെ രക്ഷയ്ക്കായി ഒരു സർക്കാർ സംരംഭമായിട്ടാണ് സഹകരണപ്രസ്ഥാനം ഇന്ത്യയിൽ വളർന്നത്. 1892 ൽ ഹിമാചൽപ്രദേശിലെ ഉന ജില്ലയിൽ രൂപീകരിച്ച പഞ്ചവാർസംഘ് ആണ് ഇന്ത്യയിലെ ആദ്യ സഹകരണ സംഘം. പ്രകൃതിദുരന്തങ്ങളും വട്ടപ്പലിശക്കാരുടെയും കുത്തകവ്യാപാരികളുടെയും ചൂഷണവും മൂലം ദുരിതമനുഭവിക്കുന്ന ഇന്ത്യൻ കർഷകർക്കുമേൽ ബ്രിട്ടീഷ് സർക്കാരുകൾ അടിച്ചേൽപ്പിച്ച നികുതികൾ കൂനിന്മേൽ കുരുവെന്നപോലെയായി. മദിരാശിപ്രവിശ്യയിലും ഡക്കാൺപ്രദേശത്തും യു.പി.യിലും കർഷകർ സംഘടിക്കുകയും അവരുടെ പ്രതിഷേധപ്രകടനങ്ങൾ അക്രമാസക്തമാവുകയും ചെയ്തു. കർഷകരെ സാന്ത്വനിപ്പിക്കുവാൻ എല്ലായിടത്തും ലാൻഡ് ബാങ്കുകൾ സ്ഥാപിക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ നയം. 1892 ൽ മദിരാശിപ്രവിശ്യ സർക്കാർ ഇതേക്കുറിച്ച് പഠിക്കാൻ സർ ഫ്രഡറിക് നിക്കോൾസണെ ജർമനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലേക്കയച്ചു. ജർമനിയിലെ റയ്ഫീസൺ മോഡൽ സംഘങ്ങൾ കാർഷികമേഖലയിൽ ആരംഭിക്കാൻ അദ്ദേഹം ശുപാർശ ചെയ്തു. ഇതേ കാലയളവിൽ തന്നെ യു.പി സർക്കാർ നിയോ



റോക്ക്ഡെയിൽ പയനിയേഴ്സ്

ഗിച്ച സർ ഡ്യൂപ്പർ നിക്കസ് ഉത്തരേന്ത്യയിൽ പീപ്പിൾസ് ബാങ്കുകൾ സ്ഥാപിക്കുവാനുള്ള ശുപാർശ സമർപ്പിച്ചു. വിശദപഠനങ്ങൾക്കായി സർക്കാർ 1901 ൽ നിയമിച്ച ഫാമിൻ കമ്മിഷനും തുടർന്നുള്ള ലോകമ്മിഷനും ഗ്രാമീണ കാർഷികബാങ്കുകളിലൂടെ പ്രശ്നപരിഹാരം സാധിതമാകുമെന്ന് വിലയിരുത്തി. ഇതിനായി നിയമനിർമാണവും ശുപാർശ ചെയ്യപ്പെട്ടു. അതിന്റെ പരിണതഫലമാണ് 1904 ലെ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റീസ് ആക്ട്. ഇന്ത്യയിലെ ആദ്യത്തെ സഹകരണ നിയമമാണിത്. സഹകരണമേഖല കൂടുതൽ വിപുലമാക്കി 1912 ൽ രണ്ടാമതൊരു നിയമംകൂടി പാസായി. 1919 ൽ സഹകരണം ഒരു സംസ്ഥാനവിഷയമായിതീർന്നു.

സഹകരണരംഗത്ത് ത്രിതല സംവിധാനം (സംസ്ഥാനം, ജില്ല, ഗ്രാമം), ഉത്പാദനക്ഷമമായ കാര്യങ്ങൾക്ക് വായ്പ തുടങ്ങിയവ ഏർപ്പെടുത്തുവാൻ 1915 ലെ മക്ലഗാൻ കമ്മിറ്റി റിപ്പോർട്ട് കാരണമായി. ഈ രംഗത്തെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്നത് റിസർവ് ബാങ്ക് നിയമിച്ച എ.ഡി. ഗോർവാലാ കമ്മിഷൻ റിപ്പോർട്ടാണ് (1952). വലിയ വായ്പാസംഘങ്ങൾ സ്ഥാപിക്കൽ, വായ്പയെ വിപണനവുമായി ബന്ധിപ്പിക്കൽ, സ്റ്റേറ്റ് ബാങ്കുകളുടെ രൂപീകരണം, വിളവായ്പാ സമ്പ്രദായം നടപ്പാക്കൽ എന്നിവയായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ. 1972 ലെ സരയാകമ്മിഷൻ ഫാർമേഴ്സ് സഹകരണസംഘങ്ങളുടെയും 1979 ലെ ബി.ശിവരാമൻ കമ്മിഷൻ

> ഇന്ത്യയിൽ ഇന്ന് ഏറ്റവും മികച്ച രീതിയിൽ സഹകരണപ്രസ്ഥാനം മുന്നോട്ടുപോകുന്നത് കേരളത്തിലാണ്. വിവിധ മേഖലകളിലായി 25000ൽപ്പരം സഹകരണ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇവയെ പൊതുവേ രണ്ടായി തരംതിരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽവരുന്നവയും അല്ലാത്തവയും.

റിപ്പോർട്ട് നബാർഡിന്റെയും രൂപീകരണത്തിനു കാരണമായി.

റോക്ക് ഡെയിൽ പയനിയേഴ്സിന്റെ 28 പൗണ്ട് സമാഹരണത്തിന്റെ ചുവടുപിടിച്ച് മദിരാശി പ്രവിശ്യയിലെ ഗ്രാമീണകർഷകർ അണൈക്കൂട്ടങ്ങൾ രൂപീകരിച്ചു. ഈ പ്രവിശ്യയുടെ കീഴിലുള്ള പാലക്കാട്, മലബാർ പ്രദേശങ്ങളിൽ ഇത് ഐക്യനാണയസംഘങ്ങളായി അറിയപ്പെട്ടു. കൊച്ചിയിലും തിരുവിതാംകൂറിലും പരസ്പരസഹായസംഘങ്ങളെന്നായിരുന്നു ഇവയുടെ പേര്. 1904 ലെ സഹകരണ നിയമത്തിന്റെ കീഴിൽ മലബാറിൽ സ്ഥാപിതമായ ആദ്യസംഘം കൊടുവായൂർ ഐക്യനാണയ സംഘമാണ്. 1913 ലെ കൊച്ചിൻ പരസ്പരസഹായ റെഗുലേഷൻ പ്രകാരം ഒന്നാം നമ്പറായി എടവനക്കാട് പരസ്പരസഹായസംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. ആയില്യം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂറിൽ സഹകരണ നിയമത്തിന് നാന്ദികുറിച്ചത് (1914). ഇതനുസരിച്ച് രൂപീകരിച്ച ആദ്യസംഘമാണ് തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. (ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്). 1912 ലെ സഹകരണ നിയമമനുസരിച്ച് രൂപീകരിച്ച മലബാർ കോ-ഓപ്പറേറ്റീവ് സെൻട്രൽ ബാങ്ക് ആണ് പിന്നീട് കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ആയത്. ഐക്യകേരളം രൂപംകൊണ്ടതിനുശേഷം സഹകരണത്തിനായി ഒരു പ്രത്യേക വകുപ്പുതന്നെ ഇവിടെ രൂപംകൊണ്ടു. പ്രൊഫ. ജോസഫ് മുണ്ടശേരിയായിരുന്നു ആദ്യ സഹകരണമന്ത്രി. എന്നാൽ വ്യവസ്ഥാപിതമായ ഒരു സഹകരണ നിയമം രൂപംകൊണ്ടത് 1969 ൽ മന്ത്രി പി.ആർ. കുറുപ്പിന്റെ കാലത്താണ്. കേന്ദ്രത്തിൽ കൃഷിവകുപ്പിനോടൊപ്പമാണ് സഹകരണം ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിൽ ഇന്ന് ഏറ്റവും മികച്ച രീതിയിൽ സഹകരണപ്രസ്ഥാനം മുന്നോട്ടുപോകുന്നത് കേരളത്തിലാണ്. വിവിധ മേഖലകളിലായി 25000 ൽപ്പരം സഹകരണ




റ്റോഡ്ലെയിനിലെ നവീകരിച്ച മന്ദിരം


സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇവയെ പൊതുവേ രണ്ടായി തരംതിരിച്ചിട്ടുണ്ട്. സഹകരണവകുപ്പിന്റെ കീഴിൽവരുന്നവയും അല്ലാത്തവയും. സംസ്ഥാനതലത്തിൽ സഹകരണ രജിസ്ട്രാർ, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്കുതലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ, ഇൻസ്പെക്ടർമാർ എന്നിങ്ങനെയാണ് ഉദ്യോഗസ്ഥവിന്യാസം. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഡയറക്ടറും, ജോയിന്റ് ഡയറക്ടറും അസി. ഡയറക്ടറും ഓഡിറ്റർമാരും മൂന്ന് തലങ്ങളിലായി പ്രവർത്തിച്ചുവരുന്നു.


| | |
|---|---|
| പ്രാഥമിക സംഘങ്ങൾ | 1649 |
| ഖാദി വില്ലേജ് ഇൻഡസ്ട്രീസ് | 3170 |
| ക്ഷീരസംഘങ്ങൾ | 3448 |
| വ്യവസായസംഘങ്ങൾ | 2318 |
| മത്സ്യസംഘങ്ങൾ | 1214 |
| കയർസംഘങ്ങൾ | 850 |
| കൈത്തറിസംഘങ്ങൾ | 682 |
| രജിസ്ട്രാറുടെ കീഴിലല്ലാത്ത പ്രാഥമികസംഘങ്ങൾ | 11682 |

മറ്റു സ്വകാര്യ സ്ഥാപനങ്ങളോടു കിടപിടിക്കുന്ന രീതിയിലാണ് നമ്മുടെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം. ഇന്ത്യയിലെ സഹകരണബാങ്കുകൾ സ്വരൂപിക്കുന്ന ആകെ നിക്ഷേപത്തിന്റെ 73 ശതമാനം കൊച്ചുകേരളത്തിന്റെ സംഭാവനയാണ്. കേരളത്തിന്റെ ആകെ ബാങ്ക് നിക്ഷേപമായ 175000 കോടി രൂപയിൽ 75000 കോടി രൂപയും സഹകരണമേഖലയുടെ വിഹിതമാണ് (43%).

സഹകരണവിദ്യാഭ്യാസം, പരിശീലനം എന്നിവയ്ക്കായി വിപുലമായ സംവിധാനമാണ് നമുക്കുള്ളത്. ന്യൂഡൽഹി ആസ്ഥാനമായുള്ള നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ ഇതിനു നേതൃത്വം കൊടുക്കുന്നു. സംസ്ഥാന സഹകരണ യൂണിയനാണ് കേരളത്തിൽ ഇതിന്റെ ചുമതല. എല്ലാ താലൂക്കുകളിലും സർക്കിൾ സഹകരണ യൂണിയനുകളിലൂടെ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാരുടെ മേൽനോട്ടത്തിൽ സഹകരണ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ ജെ.ഡി.സി, എച്ച്.ഡി.സി & ബി.എം കോളേജുകളും സെന്ററുകളും നെയ്യാർഡാമിൽ ഒരു എം.ബി.എ കോളേജുമുണ്ട്. കുറഞ്ഞ ചെലവിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസം എന്ന ലക്ഷ്യവുമായി സ്ഥാപിതമായ കേപ്പ് (കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ)ന്റെ കീഴിൽ എൻജിനീയറിങ്, മെഡിക്കൽ കോളേജുകൾ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ 140 മണ്ഡലങ്ങളിലും സഹകരണസ്ഥാപനങ്ങളുടെ കീഴിൽ വിവിധ വിദ്യാഭ്യാസ പരിശീലനകേന്ദ്രങ്ങളുമുണ്ട്. സംസ്ഥാന സഹകരണമന്ത്രി സി. എൻ.ബാലകൃഷ്ണൻ, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ഇ. നാരായണൻ എന്നിവരാണ് കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് നേതൃത്വം നൽകുന്നത്.


റോബർട്ട് ഓവൻ


ഡോ. വില്യം കിങ്


ചാൾസ് ഹൊവാർത്ത്

## ഐ.സി.എ

92 രാജ്യങ്ങളിലെ 248 സഹകരണ ഫെഡറേഷനുകളുടെ സംഗമവേദിയാണ് ജനീവ ആസ്ഥാനമായുള്ള ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ഐ.സി.എ). 1895 ൽ സ്ഥാപിതമായ ഐ.സി.എയാണ് ആഗോളതലത്തിൽ സഹകരണമേഖലയുടെ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ഐ.സി.എയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഐ.സി.എ ഏഷ്യാപസഫിക്, ഐ.സി.എ ആഫ്രിക്ക, കോ-ഓപ്പറേറ്റീവ്സ് യൂറോപ്പ്, ഐ.സി.എ അമേരിക്കാസ് എന്നിങ്ങനെ നാല് മേഖലകളായി രാജ്യങ്ങളെ തിരിച്ചിട്ടുണ്ട്. കൂടാതെ അഗ്രികൾച്ചർ, ബാങ്കിങ്, കൺസ്യൂമർ, ഫിഷറീസ്, ഹെൽത്ത്, ഹൗസിങ്, ഇൻഷുറൻസ്, ഇൻഡസ്ട്രി എന്നിങ്ങനെ എട്ട് അന്താരാഷ്ട്ര സംഘടനകളും ഇതിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

## സഹകരണ പതാകയും ആഘോഷങ്ങളും

ഐ.സി.എയുടെ 1923 ലെ സമ്മേളനത്തിലെ തീരുമാന പ്രകാരമാണ് സഹകരണ പതാകയ്ക്ക് രൂപംകൊടുത്തത്. 3:2 അനുപാതത്തിൽ മഴവില്ലിന്റെ വർണങ്ങൾ നെടുനീളത്തിൽ ചേർന്നതാണ് ഈ പതാക. ചുവപ്പ് മുകളിൽ വരത്തക്കവിധമാണ് ഇത് ഉയർത്തേണ്ടത്. ജൂലൈ ആദ്യ ശനിയാഴ്ച അന്താരാഷ്ട്ര സഹകരണ ദിനമായി ആചരിക്കുന്നു. ജവാഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 മുതൽ ഒരാഴ്ചക്കാലം ഇന്ത്യയിൽ സഹകരണ വാരമായി ആഘോഷിക്കുന്നു.

## സഹകരണതത്ത്വങ്ങൾ

റോക്ക്ഡെയിൽ പയനിയേഴ്സ് 1844 ൽ രൂപംകൊടുത്ത നിബന്ധനകളാണ് സഹകരണ തത്വങ്ങളായി 1937 ൽ ഐ.സി.എ അംഗീകരിച്ചത്. 1966 ലെ ഐ.സി.എ സമ്മേളനം ഇവയിൽ കുറേ മാറ്റങ്ങൾ വരുത്തി. 1995 ൽ മാഞ്ചസ്റ്ററിൽ നടന്ന സമ്മേളനമാണ് ഇന്നത്തെ രീതിയിൽ തത്വങ്ങൾ പുനരാവിഷ്കരിച്ചത്.

- തുറന്നതും സ്വമേധയായുമുള്ള അംഗത്വം



- ജനാധിപത്യനിയന്ത്രണം
- അംഗങ്ങളുടെ സജീവമായ സാമ്പത്തികപങ്കാളിത്തം
- സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും
- വിദ്യാഭ്യാസ പരിശീലനപരിപാടികളും വിജ്ഞാനവ്യാപനവും
- സഹകാരികൾ തമ്മിലുള്ള സഹകരണം
- സാമൂഹ്യപ്രതിബന്ധത

## ആദ്യകാല മുന്നേറ്റങ്ങൾ

15-ാം നൂറ്റാണ്ടിൽത്തന്നെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രാക്‌രൂപങ്ങൾ ബ്രിട്ടനിൽ മുളപൊട്ടിയിരുന്നു. 1498 ൽ അബർദീനിൽ രൂപംകൊണ്ട ദി ഷോർ പോർട്ടേഴ്സ് സൊസൈറ്റിയാണ് ആദ്യത്തെ സഹകരണ സ്ഥാപനം എന്നൊരു വാദമുണ്ട്. 1761 മാർച്ച് 14ന് ഈസ്റ്റ് അയർഷയറിൽ ആരംഭിച്ച ഫെൻവിക് വീവേഴ്സ് സൊസൈറ്റിയാണത്രേ ആദ്യ ഉപഭോക്തൃസംഘം. തുടർന്ന് പത്തൊൻപതാം നൂറ്റാണ്ടിൽ നൂറുകണക്കിനു സൊസൈറ്റികൾ ബ്രിട്ടനിലുണ്ടായി. ഇവയിൽ പലതും സ്വകാര്യ സംരംഭത്തിന്റെ സ്വഭാവങ്ങൾ കാണിക്കുകയും അകാലത്തിൽ പൊലിയുകയും ചെയ്തു. ഇവയിൽ ഇന്നും നിലനിൽക്കുന്ന മൂന്നു സ്ഥാപനങ്ങൾ മാത്രമേയുള്ളു. ലോക്ഹഴ്സ്റ്റ് ലെയിൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (1832), ഗലാഷീൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (1839), ഹാർവിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (1839) എന്നിവയാണവ. എന്നാൽ വ്യക്തമായ ഭരണഘടന, തത്ത്വങ്ങൾ, അക്കൗണ്ടിങ്, ജനപങ്കാളിത്തം എന്നിവ ഉണ്ടായത് റോക്ക്ഡെയിൽ സൊസൈറ്റിയുടെ രൂപീകരണത്തിനുശേഷം മാത്രമായിരുന്നു.

## സഹകരണപ്രസ്ഥാനം വിവിധ രാഷ്ട്രങ്ങളിൽ

| | |
|---|---|
| **അമേരിക്ക** | 47 സംസ്ഥാനങ്ങളിലെ 42 ദശലക്ഷം ജനങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 900 സഹകരണ സംഘങ്ങൾ രാജ്യത്തുണ്ട്. ആകെ വൈദ്യുതി വിതരണത്തിന്റെ 75% ഇവർ നിർവഹിക്കുന്നു. കൂടാതെ 30,000 സംഘങ്ങൾ 73,000 കേന്ദ്രങ്ങളിലായി വിവിധ ബിസിനസുകൾ നടത്തുന്നു. |
| **ബ്രിട്ടൺ** | രാജ്യത്തെ ഏറ്റവും വലിയ സ്വതന്ത്ര ട്രാവൽ ഏജൻസി സഹകരണ മേഖലയിലാണ്. കൂടാതെ കാർഷിക മേഖലയിൽ 5000 സഹകരണ സംഘങ്ങളുണ്ട്. |
| **ഫ്രാൻസ്** | രാജ്യത്തെ റീട്ടെയിൽ ബാങ്കിങ്ങിന്റെ 60% സഹകരണമേഖലയാണ് കൈകാര്യം ചെയ്യുന്നത്. |
| **കാനഡ** | ലോകത്തെ പഞ്ചസാര ഉത്പാദനത്തിൽ 35% കാനഡയിൽ മേപ്പിൾ സഹകരണസംഘങ്ങളാണ് നിർവഹിക്കുന്നത്. |
| **ജപ്പാൻ** | കാർഷിക മത്സ്യമേഖലയിൽ 75% സഹകരണ സംഘങ്ങൾ ആധിപത്യം പുലർത്തുന്നു. ഇവിടത്തെ 91% കർഷകരും സഹകാരികളാണ്. |
| **സിംഗപ്പൂർ** | രാജ്യത്തെ 55% സൂപ്പർമാർക്കറ്റുകളും നടത്തുന്നത് സഹകരണമേഖലയാണ് |
| **കുവൈറ്റ്** | രാജ്യത്തെ ചില്ലറ വ്യാപാരത്തിന്റെ 70% കുവൈറ്റിയൂണിയൻ ഓഫ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നടത്തുന്നു. |
| **നോർവെ** | ക്ഷീരമേഖല 95% സഹകാരികളുടെ കൈയിലാണ്. മുട്ട ഉത്പാദനത്തിൽ 70% വളം നിർമാണത്തിൽ 70% ഫാർമസ്യൂട്ടിക്കൽ രംഗത്ത് 75% സഹകരണ മേഖല കൈകാര്യം ചെയ്യുന്നു. |
| **പോളണ്ട്** | ക്ഷീരമേഖലയിൽ 75% സഹകരണസംഘങ്ങൾ കൈയടക്കിയിരിക്കുന്നു. |
| **ഡെൻമാർക്ക്** | ചില്ലറ വ്യാപാരരംഗത്ത് 37% സഹകരണമേഖല ആധിപത്യം പുലർത്തുന്നു. |
| **ഫിൻലണ്ട്** | ക്ഷീരമേഖലയിൽ 96% മുട്ട ഉത്പാദനത്തിൽ 50% മാംസ ഉത്പാദനത്തിൽ 74% സഹകരണമേഖല കൈകാര്യം ചെയ്യുന്നു. |
| **ബ്രസീൽ** | രാജ്യത്തെ കാർഷികമൊത്ത വരുമാനത്തിൽ 37.2% സഹകരണമേഖലയാണ് നൽകുന്നത്. |
| **ബെൽജിയം** | ഫാർമസി രംഗത്തെ 19.5% സഹകരണമേഖല നിയന്ത്രിക്കുന്നു. |
| **പോർച്ചുഗൽ** | 3000 സഹകരണസംഘങ്ങൾ രാജ്യത്തിന്റെ ആകെ വരുമാനത്തിന്റെ 50% നൽകുന്നു ■ |



തിരുവനന്തപുരത്തെ കോ-ബാങ്ക് ടവേഴ്സ്

ടി.കെ. ജോസ് ഐ.എ.എസ്

എല്ലാ തോട്ടവിളകളിലും ചിട്ടയോടും ക്രമമായുമുള്ള പുനർനടീലും പുനരുദ്ധാരണവും നടക്കുന്നുണ്ടെങ്കിലും നമ്മുടെ തെങ്ങിൻതോട്ടങ്ങളിൽ ചിട്ടയോടെയുള്ള പുനരുദ്ധാരണനടപടികൾ നാളിതുവരെ കാര്യമായി ആരംഭിച്ചിരുന്നില്ല എന്നതാണ് വാസ്തവം. രാജ്യത്തെ പ്രധാനപ്പെട്ട തോട്ടവിളകളും നാണ്യവിളകളുമായ കാപ്പി, തേയില, കുരുമുളക്, ഏലം, റബർ, നാളീകേരം തുടങ്ങിയവയുടെ ഉത്പാദനക്ഷമത വർധിപ്പിച്ച് അവയിൽനിന്നുള്ള കർഷകരുടെ വരുമാനം ഗണ്യമായി ഉയർത്താൻ ഉതകുന്ന ഒരു പുനരുദ്ധാരണ പദ്ധതി രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് അതത് ബോർഡുകളെ ചുമതലപ്പെടുത്തുവാൻ 2006 ൽ അന്നത്തെ കേന്ദ്ര കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാർ അടങ്ങിയ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് മീറ്റിങ്ങിൽ തീരുമാനമുണ്ടായി. തുടർന്ന് കേന്ദ്രധനമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിൽ ഈ കൃഷികളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ട തുക വകയിരുത്തി. അങ്ങനെ മറ്റു തോട്ടവിളകളോടൊപ്പം തെങ്ങിനും ഒരു പുനരുദ്ധാരണപദ്ധതി രൂപീകരിക്കുവാൻ അവസരമുണ്ടായി. അങ്ങനെയാണ് തെങ്ങു കൃഷിക്ക് പൈലറ്റ് പുനരുദ്ധാരണ പദ്ധതി കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും ആരംഭിച്ചത്.

ഭാരതത്തിന്റെ കാർഷിക സമ്പദ്ഘടനയിലും സാമൂഹിക സാംസ്കാരിക മേഖലകളിലും നിർണായകമായ സ്വാധീനം ചെലുത്തുന്ന തോട്ടവിളയാണ് തെങ്ങ്. ഭൂമുഖത്ത് ഏറ്റവുമധികം ഉപയോഗപ്രദമായി കണക്കാക്കുന്ന വിളയായ തെങ്ങ് ഇന്ത്യയിൽ 19 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യുന്നു. ഇന്ത്യയുടെ വാർഷിക ഉത്പാദനം 1573 കോടി നാളികേരവും ശരാശരി ഉത്പാദനക്ഷമത പ്രതിവർഷം ഹെക്ടറൊന്നിന് 8303 നാളീകേരവുമാണ്.

# തെങ്ങു കൃഷിക്കൊരു സുവർണകാലം

**അമ്പതുമൂട് തെങ്ങുണ്ടായിരുന്ന കർഷകന് കുടുംബം പോറ്റാനുതകുന്ന വരുമാനം തെങ്ങിൻതോപ്പിൽ നിന്ന് കിട്ടിയിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് വിളവും വരുമാനവും കുറഞ്ഞു. കേരളത്തിലെ നാളികേരമേഖലയെ പഴയപ്രതാപത്തിലേക്ക് തിരികെക്കൊണ്ടുവരാൻ നടപ്പാക്കുന്ന തെങ്ങ് പുനരുദ്ധാരണ പദ്ധതിയെക്കുറിച്ച്...**





ഇന്ത്യയിൽ തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ ഭൂമിയുടെ വിസ്തീർണത്തിൽ ഒന്നാം സ്ഥാനത്താണ് കേരളം. കേരളത്തിന്റെ സാമ്പത്തികസുസ്ഥിരതയുടെ അടിസ്ഥാനമായിരുന്ന വിളയായിരുന്നു തെങ്ങ്. ഒരു കാലത്ത് 50 മൂടു തെങ്ങുണ്ടായിരുന്ന ഒരു കർഷകന് ഒരു കൊച്ചു കുടുംബം പോറ്റാനുതകുന്ന വരുമാനം തെങ്ങിൻതോട്ടത്തിൽനിന്ന് കിട്ടിയിരുന്നു. ഇന്നത്തെ സ്ഥിതിയതല്ല, വിളവ് കുറഞ്ഞു, വരുമാനവും കുറഞ്ഞു. കർഷകരുടെ താത്പര്യത്തിനും മങ്ങലേറ്റു. കൃഷിക്കാരുടെ ശ്രദ്ധ കൂടുതൽ ആദായകരമായ മറ്റ് വിളകളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നു. 2008-09 ലെ കണക്കനുസരിച്ച് കേരളത്തിൽ 7.87 ഹെക്ടറിൽ തെങ്ങുകൃഷി ചെയ്യുന്നുണ്ട്. ഇത് ഇന്ത്യയുടെ മൊത്തം തെങ്ങുകൃഷിയുടെ 42 ശതമാനം വരുന്നു. ഇതിൽനിന്നുള്ള വാർഷിക ഉത്പാദനം 580 കോടി നാളീകേരമാണ്. അതായത് ഇന്ത്യയിലെ മൊത്തം നാളീകേരോത്പാദനത്തിന്റെ 37 ശതമാനം കേരളത്തിലാണ്. എന്നാൽ കേരളത്തിന്റെ ശരാശരി ഉത്പാദനക്ഷമത ഹെക്ടറൊന്നിന് പ്രതിവർഷം 7365 നാളീകേരം മാത്രമാണ്. ഇത് ദേശീയ ശരാശരിയെക്കാൾ താഴെയാണ്. നമ്മുടെ തൊട്ടയൽപക്കമായ തമിഴ്നാടിന്റെ ഉത്പാദനക്ഷമത പ്രതിവർഷം 13771 നാളീകേരമാണ് എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്. നമുക്കു മുന്നിലായി തമിഴ്നാടിനെ കൂടാതെ വേറെ എട്ടു സംസ്ഥാനങ്ങൾ കൂടിയുണ്ട്. ഇതിൽ ലക്ഷദ്വീപും അസമും ഉൾപ്പെടുന്നു. (പട്ടിക കാണുക)

കേരളത്തിലെ കുറഞ്ഞ ഉത്പാദനക്ഷമതയ്ക്ക് ഏറ്റവും പ്രധാന കാരണം പ്രായാധിക്യം മൂലവും കാറ്റുവീഴ്ച തുടങ്ങിയ രോഗബാധമൂലവും ഉത്പാദനം വളരെ കുറഞ്ഞ തെങ്ങുകളുടെ ആധിക്യമാണ്. കേരളത്തിലെ തെങ്ങുകളുടെ ഏകദേശം മൂന്നിലൊന്നും പ്രായാധിക്യംകൊണ്ട് ഉത്പാദനവും ഉത്പാദനക്ഷമതയും നഷ്ടപ്പെട്ടതാണെന്നും ഇവ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കേണ്ടതാണെന്നും 'സ്വാമിനാഥൻ കമ്മിഷൻ' ഉൾപ്പടെ നിർദേശിച്ചിട്ടുള്ളതാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന രോഗങ്ങളിൽ പ്രധാനപ്പെട്ടത് കാറ്റുവീഴ്ചയാണ്. തെക്കൻ കേര

## തെങ്ങുകൃഷി ദേശീയതലത്തിൽ 2008-09

| | സംസ്ഥാനങ്ങൾ | വിസ്തീർണം | വിഹിതം | ഉത്പാദനം | വിഹിതം | ഉത്പാദനക്ഷമത |
|---|---|---|---|---|---|---|
| | | (1000 ഹെക്ടറിൽ) | % | (ദശലക്ഷത്തിൽ) | % | (ഹെക്ടറിൽ) |
| 1. | ലക്ഷദ്വീപ് | 2.70 | 0.14 | 53.00 | 0.34 | 19630 |
| 2. | പോണ്ടിച്ചേരി | 2.10 | 0.11 | 30.70 | 0.20 | 14619 |
| 3. | തമിഴ്നാട് | 389.60 | 20.56 | 5365.00 | 34.11 | 13771 |
| 4. | പശ്ചിമ ബംഗാൾ | 28.60 | 1.51 | 355.50 | 2.26 | 12430 |
| 5. | ഗുജറാത്ത് | 15.98 | 0.84 | 157.42 | 1.00 | 9851 |
| 6. | ആന്ധ്രപ്രദേശ് | 104.00 | 5.49 | 970.00 | 6.17 | 9327 |
| 7. | മഹാരാഷ്ട്ര | 21.00 | 1.11 | 175.10 | 1.11 | 8338 |
| 8. | ആസാം | 18.80 | 0.99 | 147.10 | 0.94 | 7824 |
| **9.** | **കേരളം** | **787.77** | **41.58** | **5802.00** | **36.89** | **7365** |
| 10. | ഒഡീഷ | 51.00 | 2.69 | 275.80 | 1.75 | 5408 |
| 11. | കർണാടക | 419.00 | 22.12 | 2176.00 | 13.83 | 5193 |
| 12. | ഗോവ | 25.61 | 1.35 | 128.18 | 0.81 | 5005 |
| 13. | ആൻഡമാൻ | 21.69 | 1.14 | 82.00 | 0.52 | 3781 |
| 14. | ത്രിപുര | 5.80 | 0.31 | 11.40 | 0.07 | 1966 |
| 15. | നാഗാലാൻഡ് | 0.92 | 0.05 | 0.55 | 0.00 | 598 |
| | **ആകെ** | **1894.57** | **100.00** | **15729.75** | **100.00** | **125106** |



ളത്തിൽ വളരെ വ്യാപകമായ ഈ രോഗം തെങ്ങിന്റെ ഉത്പാദനശേഷിയെ ക്രമേണ നശിപ്പിക്കുന്നു. രോഗബാധ മൂർഛിച്ച തെങ്ങുകൾ വെട്ടിമാറ്റി, പകരം അത്യുത്പാദനശേഷിയുള്ള പുതിയ തൈ വച്ചും ബാക്കിനിൽക്കുന്ന തെങ്ങുകൾക്ക് മെച്ചപ്പെട്ട ശാസ്ത്രീയ പരിചരണമുറകൾ അവലംബിച്ചും ഉത്പാദനക്ഷമത ഉയർത്താമെന്നാണ് ഇന്നു നിലവിലുള്ള ശുപാർശ.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിലാണ് കേരകൃഷി പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുത്തത്. കേരകൃഷിയുടെയും വ്യവസായത്തിന്റെയും മുഖ്യപങ്കാളിയായ കേരളത്തിലെയും തമിഴ്നാട്, കർണാടകം, ആന്ധ്ര തുടങ്ങിയ മറ്റു സംസ്ഥാനങ്ങളിലെയും തെങ്ങുകൃഷി പുനരുദ്ധാരണത്തിനുവേണ്ടി ഒരു ബൃഹത്തായ പദ്ധതി 2008-09 ൽ ബോർഡ് കേന്ദ്രത്തിനു സമർപ്പിക്കുകയുണ്ടായി. തുടർന്ന് കേന്ദ്രത്തിലെ ധനകാര്യ സമിതിയുടെ പല തലത്തിലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ 2009-10 ൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ മൂന്ന് ജില്ലകളിലും ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹത്തിലും പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കുകയും ചെയ്തു. പൈലറ്റ് പദ്ധതി വിലയിരുത്തിയതിനു ശേഷം മറ്റു ജില്ലകളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. പൈലറ്റ് പദ്ധതിയുടെ അടങ്കൽ തുക 2275 കോടിയും കേന്ദ്ര സബ്സിഡി 478.5 കോടി രൂപയുമാണ്. ഇതിൽ 474.5 കോടിയും കേരളത്തിനുവേണ്ടിയുള്ളതാണ്.

## പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. കാറ്റുവീഴ്ച രോഗം മൂർഛിച്ചതും, പ്രായാധിക്യമുള്ളതും ഉത്പാദനശേഷി തീരെ കുറഞ്ഞതുമായ (10 തേങ്ങയിൽ താഴെ പ്രതിവർഷം വിളവ് തരുന്ന) തെങ്ങുകൾ കർഷകപങ്കാളിത്തത്തോടെ കൂട്ടായി വെട്ടിമാറ്റി പകരം ശുപാർശ ചെയ്തിട്ടുള്ള എണ്ണം തെങ്ങുകൾ നിലനിൽക്കാൻ ആവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക.
2. ശേഷിക്കുന്ന തെങ്ങുകളുടെ ഉത്പാദനക്ഷമത, ശാസ്ത്രീയ വളപ്രയോഗം, സസ്യസംരക്ഷണം, ജലസേചനം എന്നിവയിൽക്കൂടി പരമാവധി വർധിപ്പിക്കുകയും തെങ്ങധിഷ്ഠിത ഇടവിള കൃഷിയിലൂടെ തെങ്ങിൻ തോട്ടത്തിൽ നിന്നുള്ള ആകെ വരുമാനം പരമാവധി ഉയർത്തുകയും ചെയ്യുക.

## മുഖ്യസവിശേഷതകൾ

കർഷക കൂട്ടായ്മയിലൂടെ 'ക്ലസ്റ്റർ' അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു കൃഷിഭവനു കീഴിലെ 25 മുതൽ 50 ഹെക്ടർ വരെ വരുന്ന ഒരു വാർഡിലെ എല്ലാ കർഷകരെയും ഉൾപ്പെടുത്തിയാണ് കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത്. ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി കർഷകർ തന്നെ തിരഞ്ഞെടുക്കുന്ന ക്ലസ്റ്റർ കൺവീനർമാരെയും പുറമേ ക്ലസ്റ്ററിലെ വിവിധ പ്രദേശങ്ങൾക്ക് നേതൃത്വമേകാനായി 5-10 വരെ ഗ്രൂപ്പ് ലീഡർമാരെയും തിരഞ്ഞെടുക്കുന്നു.

> കേരളത്തിന്റെ ശരാശരി ഉത്പാദനക്ഷമത ഹെക്ടറൊന്നിന് പ്രതിവർഷം 7365 നാളികേരം മാത്രമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നമ്മുടെ തൊട്ടയൽപക്കമായ തമിഴ്നാടിന്റെ ഉത്പാദനക്ഷമത പ്രതിവർഷം 13771 നാളികേരമാണ് എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്

ഓരോ പ്രദേശത്തെയും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കാനായി അതത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും കൃഷി ഓഫീസർ കൺവീനറായും നാളികേരവികസന ബോർഡിന്റെ ഉദ്യോഗസ്ഥരുമടങ്ങിയ ഒരു പ്രാദേശിക വികസനസമിതി രൂപീകരിക്കുന്നു. പൂർണമായും കർഷകപങ്കാളിത്തത്തോടുകൂടി പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘട്ടത്തിലും സുതാര്യത ഉറപ്പുവരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിപ്രദേശത്തെ എല്ലാ കേരകർഷകർക്കും പദ്ധതിവഴിയുള്ള ആനുകൂല്യം ലഭ്യമാണ്.

## പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ

1. **തെങ്ങുവെട്ടിമാറ്റൽ:** ഒരു ഹെക്ടർ (2½ ഏക്കർ) സ്ഥലത്തുനിന്ന് പരമാവധി 32 ഉത്പാദനശേഷി തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 13,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും ബാക്കി 12 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 250 രൂപ നിരക്കിലുമാണ് ആനുകൂല്യം നൽകുന്നത്. പരമാവധി ഒരു കർഷകന് നാല് ഹെക്ടർ അതായത് 10 ഏക്കർ സ്ഥലത്തുനിന്ന് 128 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 52,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. കാറ്റുവീഴ്ച ബാധിച്ചതിൽ കായ്ക്കാത്ത തൈത്തെങ്ങുകൾ കർഷകരുടെ സ്വന്തം ചെലവിൽ വെട്ടിമാറ്റിയിരിക്കണം.
2. **പകരം തൈവയ്ക്കൽ:** തൈ ഒന്നിന് 20 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വെട്ടിമാറ്റിയ തെങ്ങിനുപകരം ആവശ്യമായ തോതിൽ സൂര്യപ്രകാശം കിട്ടത്തക്കവിധത്തിൽ സ്ഥലമുണ്ടെങ്കിൽമാത്രം തൈ വച്ചാൽ മതി. പരമാവധി ഒരു ഏക്കർ സ്ഥലത്ത് തൈ ഉൾപ്പെടെ 70 തെങ്ങുകളായി എണ്ണം ക്രമപ്പെടുത്തണം.
3. **ശാസ്ത്രീയ പരിചരണമുറകൾ അവലംബിക്കുന്നതിന്:** തോട്ടത്തിൽ ശേഷിക്കുന്ന തെങ്ങുകൾക്ക് സംയോജിത പരിപാലനമുറകൾ അവലംബിക്കാൻ, അതായത് ശാസ്ത്രീയ വളപ്രയോഗം, തടമെടുക്കൽ, ജലസേചനം, സസ്യസം



രക്ഷണ നടപടികൾ ഏർപ്പെടുത്തൽ, പുതയിടൽ, പച്ചിലവളച്ചെടികൾ വളർത്തൽ, ഇടവിളക്കൃഷി തുടങ്ങിയവയ്ക്ക് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി ഒരു ഹെക്ടറിന് പ്രതിവർഷം 7500 രൂപ എന്ന നിരക്കിൽ ആനുകൂല്യം രണ്ടുവർഷത്തേക്ക് നൽകുന്നു. ബാക്കി 75 ശതമാനം തുക കർഷകർതന്നെ വഹിക്കേണ്ടതാണ്. ഈ ആനുകൂല്യം രണ്ടുവർഷം ലഭ്യമാണ്. ഓരോ ക്ലസ്റ്ററിലും സമയാസമയം തെങ്ങിൻതോട്ടത്തിൽ അനുവർത്തിക്കേണ്ട പരിപാലനമുറകളെക്കുറിച്ച് ഒരു പ്രവർത്തനകലണ്ടർ ക്ലസ്റ്ററിലെ കർമപദ്ധതിയോടൊപ്പം തയാറാക്കണം.

## പുനരുജ്ജീവന പരിപാലനമുറകൾ

തെങ്ങിൻചുവട്ടിൽനിന്ന് ഏകദേശം രണ്ട് മീറ്റർ വിട്ട് 55 സെ.മീ. ആഴത്തിൽ മെയ് – ജൂൺ മാസത്തിൽ തെങ്ങിനു ചുറ്റും തടമെടുക്കുക, മെയ്-ജൂൺ മാസത്തിൽ അമ്ലത്വം കൂടിയ പ്രദേശങ്ങളിൽ തെങ്ങൊന്നിന് ഒരു കിലോഗ്രാം എന്ന തോതിൽ കുമ്മായം തടത്തിൽ വിതറി മണ്ണുമായി കൂട്ടിക്കലർത്തുക, ജൂൺമാസത്തിൽ ജൈവവളങ്ങൾ തടത്തിൽ നിക്ഷേപിക്കുക, മണ്ണിട്ടു തടം ഭാഗികമായി മൂടുക, കുമ്മായം ഇട്ട് രണ്ടാഴ്ച കഴിഞ്ഞ് ജൂൺമാസത്തിൽ ശുപാർശചെയ്ത രാസവളങ്ങൾ കൂട്ടിക്കലർത്തി തടത്തിൽ തെങ്ങിന്റെ കടഭാഗത്തുനിന്ന് ഒരു മീറ്റർ വിട്ട് പുറംപകുതിയിലായി വിതറി മണ്ണുമായി കൂട്ടിക്കലർത്തുക, എന്നീ പരിപാലനമുറകൾ കൃത്യമായും അവലംബിക്കണം. രാസവളങ്ങൾ താഴെപ്പറയുന്ന അളവിൽ തെങ്ങൊന്നിന് നൽകണം.

## ശരാശരി പരിചരണമുള്ള നാടൻ തെങ്ങിന് ഒരു വർഷത്തേക്ക് വേണ്ട വളം

1. യൂറിയ – 740 ഗ്രാം 10:5:20 കോക്കനട്ട് മിക്സ്ചറുകളാണെങ്കിൽ
2. സൂപ്പർ ഫോസ്ഫേറ്റ് – 1.10 കി.ഗ്രാം 3.4 കി.ഗ്രാം മിക്സ്ചർ
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് – 1.10 കി.ഗ്രാം

## നല്ല പരിചരണമുള്ള തോട്ടങ്ങൾ

1. യൂറിയ – 1.09 കി.ഗ്രാം 5 കി.ഗ്രാം മിക്സ്ചർ
2. സൂപ്പർ ഫോസ്ഫേറ്റ് – 2 കി.ഗ്രാം
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് – 2 കി.ഗ്രാം

ഇതുകൂടാതെ മഗ്നീഷ്യം, ബോറോൺ തുടങ്ങിയവയുടെ അഭാവം കാണുന്ന തോട്ടങ്ങളിൽ സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ യഥാക്രമം 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 250 ഗ്രാം ബോറാക്സ് എന്ന തോതിൽ നൽകണം. കരപ്രദേശങ്ങളിൽ ഒരു കി.ഗ്രാം കറിയുപ്പ് ജൂൺ-ജൂലൈ മാസങ്ങളിൽ നൽകുന്നതും നല്ലതാണ്.

**സംയോജിത കീടനിയന്ത്രണം:** ഓലചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾക്കെതിരെയും ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, മണ്ഡരി തുടങ്ങിയ കീടങ്ങൾക്കെതിരെയും സംയോജിത രോഗ-കീടനിയന്ത്രണപരിപാലനമുറകൾ കൂട്ടായി അനുവർത്തിക്കേണ്ടതാണ്.

**കളനിയന്ത്രണം:** തെങ്ങിൻതോട്ടത്തിലെ കളകളും മറ്റ് ജീർണിക്കുന്ന ജൈവാവശിഷ്ടങ്ങളും നീക്കി വൃത്തിയായി സൂക്ഷിക്കുന്നത് തെങ്ങ് പുനരുജ്ജീവനത്തിന് ഏറ്റവും ആവശ്യമായ പരിപാലനമുറയാണ്.

**തണൽ ക്രമീകരണം:** തെങ്ങിൻ മണ്ടയിൽ ശരിയായി വെയിൽ തട്ടിയാൽ മാത്രമേ തെങ്ങിന് ആവശ്യമായ പോഷകങ്ങൾ പ്രകാശസംശ്ലേഷണംവഴി ഉണ്ടാക്കുവാനും തെങ്ങിന് നന്നായി വളരുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് തണൽ ക്രമീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു.

**പുതയിടൽ:** തെങ്ങുകളുടെ വരികൾക്കിടയിൽ 150 സെ.മീ. വീതിയിലും 50 സെ.മീ. ആഴത്തിലും ചാലുകളെടുത്ത് അവയിൽ തൊണ്ടിട്ടുമൂടുക. കാലവർഷാരംഭത്തിൽത്തന്നെ തൊണ്ട് അഴുകുന്നു.

**മഴക്കുഴികൾ:** അഞ്ച്-ആറ് മീറ്റർ ഇടവിട്ട് ഒരുമീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത് അതിൽ ചപ്പുചവറുകൾ നിറയ്ക്കുക.

**ജലസേചനം:** ഡിസംബർ മാസത്തിൽ നന തുടങ്ങണം.

## ഇടവിളക്കൃഷി

ഓരോ പ്രദേശത്തേക്കും യോജിച്ച ഹ്രസ്വകാല ഇടവിളകളായ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ദീർഘകാലവിളകളായ കുരുമുളക്, ജാതി, കൊക്കോ എന്നീ വിളകളും കൃഷിചെയ്ത് വിപണനം നടത്തുവാനും തെങ്ങിൻതോട്ടത്തിൽനിന്നുള്ള വരുമാനം പരമാവധി ഉയർത്തുവാനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയുള്ള സാമ്പത്തികസഹായവും പ്രയോജനപ്പെടുത്താവുന്നതാണ്.

## പദ്ധതിനടത്തിപ്പ് – വിവിധ ഘട്ടങ്ങൾ

പദ്ധതിനടത്തിപ്പിന്റെ മുന്നോടിയായി ഓരോ പ്രദേശത്തെയും കർഷകരെ വിളിച്ചുകൂട്ടി പദ്ധതി വിശദാംശങ്ങളെക്കുറിച്ചും ഓരോ പ്രദേശത്തെയും അടിസ്ഥാന വിവരശേഖരണത്തെക്കുറിച്ചും വിശദമായ ക്ലാസുകൾ നൽകുന്നു.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടം ക്ലസ്റ്ററിലെ കർഷകരുടെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള കർഷകപങ്കാളിത്തത്തോടെയുള്ള സർവേയാണ്. പരിശീലനം സിദ്ധിച്ച ക്ലസ്റ്റർ പ്രവർത്തകരെയാണ് ചുമതലപ്പെടുത്തുന്നത്. ഇവരുമായി പൂർണമായി സഹകരിക്കുകയും തെങ്ങിൻതോട്ടത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുകയും ചെയ്താൽ മാത്രമേ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയൂ.

സർവേയിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ക്ലസ്റ്ററിലും നടപ്പാക്കുന്ന പുനരുദ്ധാരണപരിപാടികളെക്കുറിച്ച് ഒരു കർമപദ്ധതി തയാറാക്കുന്നു.

കർമപദ്ധതിയിൽ ഓരോ പ്രദേശത്തെയും വെട്ടിമാറ്റുന്ന തെങ്ങുകളുടെ എണ്ണം, അതിനനുവദിക്കേണ്ട തുക, പകരം നടാൻവേണ്ട തൈകളുടെ എണ്ണം, പുനരുദ്ധാരണത്തിന് അവലംബിക്കേണ്ട ആവശ്യമായ പരിപാലനമുറകൾ, അവയ്ക്ക് രണ്ടു വർഷത്തേക്കു വേണ്ടിവരുന്ന മൊത്തം തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പദ്ധതി തയാറാക്കാനായി നാളീകേരവികസന ബോർഡിലെ ഉദ്യോഗസ്ഥർ സഹായിക്കുന്നു.

ഒരു പഞ്ചായത്തിലെ വിവിധ ക്ലസ്റ്ററുകളുടെ പദ്ധതികൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ കർമപദ്ധതി അതത് പ്രദേശത്തെ പ്രാദേശിക വികസനസമിതിയുടെ അംഗീകാരത്തോടെ ജില്ലാ കൃഷി ഓഫീസർവഴി സംസ്ഥാനതലത്തിലുള്ള സമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. സംസ്ഥാനസമിതിയുടെ അനുമതിയോടെ അന്തിമ തീരുമാനത്തിനായി നാളികേര വികസന ബോർഡിന് സമർപ്പിക്കുന്നു. പദ്ധതി നടത്തിപ്പിനുള്ള അനുമതി നേരിട്ട് പഞ്ചായത്തു തലത്തിലുള്ള കൃഷിഭവനുകളെ ബോർഡ് അറിയിക്കുന്നു.

അടിസ്ഥാന സർവേയിൽ തിരഞ്ഞെടുത്ത തെങ്ങുകൾ വെട്ടിമാറ്റിയശേഷം, ഓരോ കർഷകനും അർഹമായ ധനസഹായം അതത് കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. അക്കൗണ്ടില്ലാത്ത കർഷകർ ദേശസാത്കൃതബാങ്കുകളിൽ 'നോ ഫ്രിൽ' അഥവാ 'സീറോ ബാലൻസ് അക്കൗണ്ട്' തുടങ്ങണം. ഇതിന് മിക്കവാറും എല്ലാ ബാങ്കുകളും തയാറായി മുന്നോട്ടു വന്നിട്ടുണ്ട്.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പഞ്ചായത്തുകളും കൃഷിഭവനുകളും കേരകർഷകരും ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്.

> രോഗബാധ മൂർച്ഛിച്ച തെങ്ങുകൾ വെട്ടിമാറ്റി, പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈ വച്ചും ബാക്കി നിൽക്കുന്ന തെങ്ങുകൾക്ക് മെച്ചപ്പെട്ട ശാസ്ത്രീയ പരിചരണമുറകൾ അവലംബിച്ചും ഉത്പാദനക്ഷമത ഉയർത്താമെന്നാണ് ഇന്നു നിലവിലുള്ള ശുപാർശ. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിലാണ് കേരകൃഷി പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുത്തത്.



## കൃഷിഭവനുകൾ ചെയ്യേണ്ട കാര്യങ്ങൾ

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറെ സഹായിക്കാൻ ഒരു ഹോർട്ടികൾചർ അസിസ്റ്റന്റിനെ ഓരോ കൃഷിഭവനിലും ബോർഡ് അനുവദിച്ചിട്ടുണ്ട്. ഇവരുടെ നിയമനം യഥാസമയം ഉറപ്പുവരുത്തുക.
- സർവേ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുമ്പോൾ കൃത്യത ഉറപ്പുവരുത്തുക.
- കർഷകർക്ക് അനുവദിക്കുന്ന സബ്സിഡി തുക ഓൺലൈനായി ലഭ്യമാക്കുക.
- ഏരിയ ഡവലപ്മെന്റ് കമ്മിറ്റികൾ അനുമതി നൽകിയ പദ്ധതികൾ യഥാസമയം ബോർഡിലേക്ക് ഓൺലൈനായി അയയ്ക്കുക.

## കേരകർഷകർ ചെയ്യേണ്ടത്

- പദ്ധതിനടത്തിപ്പിൽ പൂർണമായ പങ്കാളിത്തം ഉറപ്പുവരുത്തുക.
- സർവേയിൽ കൃത്യമായ വിവരങ്ങൾ നൽകുക.
- ബാങ്ക് അക്കൗണ്ട് ആരംഭിക്കണം
- രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും ഉത്പാദനക്ഷമത കുറഞ്ഞതുമായ എല്ലാ തെങ്ങുകളും വെട്ടിമാറ്റപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.
- രോഗകീടവ്യാപനം തടയാൻ വെട്ടിമാറ്റപ്പെട്ട തെങ്ങുകളുടെ മണ്ട തീയിട്ടു നശിപ്പിക്കുക.
- ആവശ്യമായ നല്ലയിനം തൈകൾ മാത്രം നടുക. നടാനുപയോഗിക്കുന്ന തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക.
- ലഭിക്കുന്ന വളങ്ങൾ യഥാസമയം തെങ്ങിനുപയോഗിക്കുക.
- തോട്ടം വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക.

## പദ്ധതി നടത്തിപ്പ് – ഒരു അവലോകനം

പദ്ധതിയുടെ ഒന്നാംഘട്ടം 2009–10 ൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, കഴക്കൂട്ടം, വർക്കല എന്നീ മൂന്നു ബ്ലോക്കുകളുടെ പരിധിയിൽവരുന്ന 23 പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ ഓച്ചിറ, കരുനാഗപ്പള്ളി, ചവറ എന്നീ മൂന്നു ബ്ലോക്കുകളിലെ 13 പഞ്ചായത്തുകളിലും തൃശൂർ ജില്ലയിലെ കൊടകര, ചാലക്കുടി, ഇരിങ്ങാലക്കുട എന്നീ മൂന്നു ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന 20 പഞ്ചായത്തുകളിലുമാണ് നടപ്പിലാക്കിയത്.

2010–11 ലെ പദ്ധതിയുടെ രണ്ടാംഘട്ടം തിരുവനന്തപുരം ജില്ലയിലെ ചെട്ടിവിളാകം, പുളിമാത്ത്, വാമനപുരം, നെടുമങ്ങാട്, കാട്ടാക്കട, പള്ളിച്ചൽ എന്നീ ആറു ബ്ലോക്കുകളിലെ 43 പഞ്ചായത്തുകളിലും



കൊല്ലം ജില്ലയിലെ കൊല്ലം, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര എന്നീ ആറ് ബ്ലോക്കുകളിലെ 36 പഞ്ചായത്തുകളിലും തൃശൂർ ജില്ലയിലെ മാള, കൊടുങ്ങല്ലൂർ, മതിലകം, തളിക്കുളം, വെള്ളങ്കല്ലൂർ, ചേർപ്പ് എന്നീ ആറ് ബ്ലോക്കുകളിലെ 30 പഞ്ചായത്തുകളിലും നടപ്പിലാക്കുകയാണ്.

വൈകി തുടങ്ങിയതിനാലും ഇതുപോലെ ഒരു ബൃഹത്തായ പദ്ധതിക്കുണ്ടാവുന്ന ആദ്യകാല പ്രശ്നങ്ങളും നിമിത്തം പദ്ധതിയുടെ പൂർണനേട്ടം ഇതുവരെ കൈവരിക്കാനായില്ല.

2011-12 ൽ തുടങ്ങേണ്ട മൂന്നാംഘട്ടത്തിൽ ബാക്കി വരുന്ന തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, ആര്യൻകോട്, നെയ്യാറ്റിൻകര എന്നീ മൂന്ന് ബ്ലോക്കുകളിലും (23 പഞ്ചായത്തുകൾ) കൊല്ലം ജില്ലയിലെ പത്തനാപുരം, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ എന്നീ നാല് ബ്ലോക്കുകളിലും (29 പഞ്ചായത്തുകൾ) തൃശൂർ ജില്ലയിൽ വടക്കാഞ്ചേരി, പഴയന്നൂർ, ചാവക്കാട്, ചൊവ്വന്നൂർ, മുല്ലശ്ശേരി, അന്തിക്കാട്, പുഴയ്ക്കൽ, ഒല്ലൂക്കര എന്നീ എട്ട് ബ്ലോക്കുകളിലും (55 പഞ്ചായത്തുകൾ) ഉൾപ്പെടെ ആകെ 15 ബ്ലോക്കുകളിലും 107 പഞ്ചായത്തുകളിലും പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

പദ്ധതി നടത്തിപ്പിന്റെ പ്രാരംഭനടപടിയായി ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പഞ്ചായത്തു തലത്തിലുമുള്ള ശില്പശാലകൾ കൊല്ലം, തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ യഥാക്രമം ഡിസംബർ 13, 19, 22 തീയതികളിൽ നടന്നു. അടുത്ത ഘട്ടം പ്രാദേശിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള സർവേയാണ്. ഇതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ജനുവരി 15ന് മുൻപ് സർവേ പൂർത്തിയാക്കിയിരിക്കണമെന്ന് കൃഷിവകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്.

സർവേ പ്രകാരം 35500 ഹെക്ടറിലാണ് 2009-10 ൽ പദ്ധതി നടപ്പിലാക്കിയത്; 2010-2011ൽ 60,000 ഹെക്ടറിലും. ഇതുവരെ ഏഴുലക്ഷത്തിലധികം തെങ്ങുകൾ വെട്ടിമാറ്റിക്കഴിഞ്ഞു. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ തൈകൾ നടുകയും മൊത്തം പ്രദേശവും പുനരുദ്ധാരണത്തിന് വിധേയമാക്കുകയും ചെയ്തു. കേരളത്തിൽ 53 കോടിയിലധികം രൂപ ഇതിനകം വിനിയോഗിച്ചു.

കേരളത്തിലെ നാളീകേരത്തിന്റെ ഉത്പാദനക്ഷമത വർധിപ്പിച്ച് അഖിലേന്ത്യാതലത്തിലെ ആദ്യസ്ഥാനങ്ങളിലെത്താൻ ഈ പദ്ധതി കേരളത്തിലാകമാനം നടപ്പിലാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ മൂന്ന് ജില്ലകളിൽ നടപ്പിലാക്കിവരുന്ന പൈലറ്റ് പദ്ധതി വിജയിപ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ ഉത്പാദനക്ഷമത ഒമ്പതാം സ്ഥാനത്തുനിന്നും ഒന്നാം സ്ഥാനത്തേക്ക് എത്തിക്കുകയെന്നതാവണം നമ്മുടെ ലക്ഷ്യം. തെങ്ങുകൃഷി കൂടുതൽ ശാസ്ത്രീയമാവുകയും ഒറ്റവിള സമ്പ്രദായം വിട്ട് തെങ്ങ് അടിസ്ഥാനവിളയാക്കി കൂടുതൽ ഇടവിള/മിശ്രവിള കൃഷിസമ്പ്രദായങ്ങൾ കൈക്കൊണ്ട് കർഷകരുടെ ആകെ വരുമാനം വർധിപ്പിക്കണമെന്നതാവണം നമ്മുടെ ആത്യന്തിക ലക്ഷ്യം.

മറ്റ് ജില്ലകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ ആദ്യഘട്ടം രോഗബാധ ഗുരുതരമായുള്ള ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ വ്യാപിപ്പിക്കാനാണുദ്ദേശ്യം.

മാറ്റങ്ങളും തിരുത്തലുകളും മെച്ചപ്പെടുത്തലുകളും വേണ്ട മേഖലയിൽ അവ വരുത്തിക്കൊണ്ടുവേണം പദ്ധതിയുടെ വിപുലീകരണം നടപ്പിലാക്കേണ്ടത്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി വിശദമായ ചർച്ചകൾ നടത്തേണ്ടതുണ്ട്.

എന്തായാലും കേരളത്തിന്റെ തെങ്ങുകർഷകരുടെ ഭാവിഭാഗധേയം നിർണയിക്കുന്നതിൽ തെങ്ങുപുനരുദ്ധാരണ പദ്ധതിയ്ക്ക് പ്രഥമ സ്ഥാനമാണുള്ളത്. കർഷകകൂട്ടായ്മയിൽ ഊന്നൽ നൽകി നാളീകേര വികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിവഴി നമ്മുടെ തെങ്ങുകൃഷിയെയും അതുവഴി കേരളത്തെയും നാളീകേരമേഖലയിലെ പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടുവരാനാവും എന്നു നമുക്ക് പ്രതീക്ഷിക്കാം.

ഉത്പാദനക്ഷമതയിൽ ഒന്നാം സ്ഥാനത്തേക്ക് കേരളം ഉയർന്നുവരണമെങ്കിൽ ഓരോ കേരകർഷകനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കൃഷിവകുപ്പും പൂർണമായും ആത്മാർഥതയോടെയും അർപ്പണബോധത്തോടെയും ഈ ലക്ഷ്യം ഏറ്റെടുക്കണം. എന്നാൽ വിജയം ഉറപ്പ്.

പദ്ധതി നടത്തിപ്പുസംബന്ധിച്ച വിവരങ്ങൾക്ക് ബോർഡിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാവുന്നതാണ്. കൂടാതെ വിശദാംശങ്ങൾ www.coconutboard.gov.in എന്ന ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.


**തിരുവനന്തപുരം**
രാജീവ് പി. ജോർജ്
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 9447065237
ഇമെയിൽ:
rajeevpgeorge@indiatimes.com

**കൊല്ലം**
ഡോ. രമണി ഗോപാലകൃഷ്ണൻ
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 9447096553
ഇമെയിൽ: remanyg@mail.com

**തൃശൂർ**
ഡോ. ടി.എ. മാത്യുക്കുട്ടി
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 94497758363
ഇമെയിൽ:
kuttym2002@yahoo.com



*നാളീകേര വികസനബോർഡ് ചെയർമാനാണ് ലേഖകൻ*

■ വി.എസ്. ലാലി

# പോറ്റമ്മയായ തെങ്ങ്

**തെങ്ങിൻതോപ്പിലെ ആദായത്തെ വെല്ലാൻ കേരളത്തിൽ മറ്റൊരു കൃഷിക്കും കഴിയില്ല, ഇതു വെറും വാക്കല്ല. തന്റെ ജീവിതാധ്വാനത്തിലൂടെ തെളിയിച്ചിരിക്കുകയാണ് തിരുവമ്പാടിയിലെ നാളീകേരകർഷകനായ ഡൊമിനിക്.**

തെങ്ങുകൃഷിയിൽനിന്നും അകലാൻ ശ്രമിക്കുന്ന കർഷകർ തീർച്ചയായും ഡൊമിനിക്കിന്റെ അധ്വാനവും അതിന്റെ ഫലവും എന്തെന്ന് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. എങ്കിൽ മാത്രമേ കേരളം കേരം തിങ്ങും നാടായി തുടരുകയുള്ളു.

ഡൊമിനിക്കിന്റെ കൃഷിയിടത്തിലെ പ്രത്യേകതകൾ എന്തൊക്കെയാണെന്നു നോക്കാം. ആറ് ഏക്കർ വരുന്ന കൃഷിയിടത്തിൽ തെങ്ങടിസ്ഥാനമായ കൃഷി, ഇവിടെ നാടൻ ഇനത്തിലും ടി x ഡി ഇനത്തിലുംപെട്ട 600 തെങ്ങുകൾ. ശാസ്ത്രീയമായ അകലം കൊടുത്തു നട്ടുപരിപാലിച്ചിരിക്കുന്നു. അഞ്ചുവർഷം മുതൽ 45 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്കിടയിൽ കാച്ചിൽ മുതൽ ജാതി വരെയുള്ള എണ്ണമറ്റയിനങ്ങളുടെ കൃഷിയും. ജൈവചംക്രമണത്തിനു പ്രാധാന്യം നൽകിയുള്ള കൃഷിരീതിയാണിവിടെ നടപ്പിലാക്കുന്നത്. പശുവളർത്തലും ബയോഗ്യാസ് പ്ലാന്റും കൃഷിയിടത്തിനു ജീവൻ നൽകുന്നു. മണ്ണിരക്കമ്പോസ്റ്റ് നിർമിച്ച് വിളകൾക്ക് നൽകുന്നതോടൊപ്പം ബയോഗ്യാസ് സ്ലറി പമ്പുപയോഗിച്ച് കൃഷിയിടത്തിൽ എത്തിച്ച് വിളകൾക്ക് വളമാക്കുന്നു. ഇത്തരം പ്രവൃത്തികളെല്ലാം ഈ കൃഷിയിടം ജൈവസമ്പുഷ്ടമാക്കാൻ സഹായിക്കുന്നു.

മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ, കുരുമുളക്, കമുക്, ജാതി, ഗ്രാമ്പൂ, പച്ചക്കറികൾ തുടങ്ങിയവ കൂടാതെ നൂറ്റിയമ്പതോളം പ്ലാവുകൾ, മുന്നൂറോളം മഹാഗണി, രണ്ടായിരത്തോളം മറ്റു വൃക്ഷങ്ങൾ എന്നിവയും ഉൾപ്പെട്ടതാണിവിടത്തെ വിളസമൃദ്ധി.

തെങ്ങ് അടിസ്ഥാനമാക്കിയുള്ള കൃഷിയാണെങ്കിലും എല്ലാ വിളകൾക്കും പരിചരണം ഉറപ്പാക്കുന്നു. തെങ്ങുകൾക്ക് കാര്യമായ കീടരോഗബാധയില്ല. കൂമ്പുചീയൽ രോഗം മാത്രമാണ് ചെറിയ പ്രശ്നം. രോഗബാധ കണ്ടാലുടൻ തന്നെ തെങ്ങിന്റെ മണ്ട വൃത്തിയാക്കി മുറിപ്പാടിൽ





നൽകി വളർത്തുന്ന തെങ്ങുകൾക്ക് വർഷത്തിലൊരിക്കൽ ഓരോ കിലോ പൊട്ടാഷ് നൽകാറുണ്ട്. ഇത് ആദായം വർധിപ്പിക്കുന്നു എന്നാണ് ഡൊമിനിക്കിന്റെ അഭിപ്രായം.

50 വയസ്സുള്ള ഡൊമിനിക് അച്ഛന്റെ പാത പിന്തുടർന്നാണ് കൃഷിയിലെത്തിയത്. കൃഷിയിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി സജീവമായി തുടരുകയും ചെയ്യുന്നു. ഇടവിളയായുള്ള ജാതിയിൽനിന്നുള്ള വിളവെടുപ്പുകഴിഞ്ഞാൽ അത് ഉണക്കി സൂക്ഷിക്കാനുള്ള നടപടികൾക്കു മുഴുവൻ മേൽനോട്ടം നൽകുന്നത് ഡൊമിനിക്കിന്റെ അമ്മയാണ്. പച്ചക്കറിക്കൃഷി എല്ലാവരും ചേർന്നു നോക്കിനടത്തുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ മുഴുവൻ കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുന്നവയാണ്. വീട്ടാവശ്യത്തിനുകഴിച്ചുള്ളവ വിൽക്കുന്നു.

ബോർഡോ കുഴമ്പുതേക്കുകയും ബോർഡോ മിശ്രിതം തളിക്കുകയും ചെയ്യുന്നു. രോഗബാധ കണ്ടാലുടൻതന്നെ അവയ്ക്കെതിരെ നിയന്ത്രണമാർഗങ്ങൾ സ്വീകരിക്കുന്നതിനാൽ തെങ്ങിനു നാശം സംഭവിക്കാതെ കഴിയുന്നു. ജലസേചനം, സംയോജിത കീടരോഗനിയന്ത്രണം ശാസ്ത്രീയമായ പരിചരണം സ്ളറിയുടെ ഉപയോഗം എന്നിവയൊക്കെ വിളവർധനയ്ക്കു വഴിയേകുന്നു. ജലസംരക്ഷണത്തിനായി തെങ്ങിനുചുറ്റും തൊണ്ടടുക്കുന്നത് ഇവിടെ പതിവാണ്. പ്രധാനമായും ജൈവവളങ്ങൾ



ഡൊമിനിക്കിന്റെ കൃഷിയിടം വിളകളാൽ മാത്രമല്ല സമൃദ്ധം. ഏഴു പശുക്കൾ, എഴുപത്തഞ്ചോളം മുട്ടക്കോഴികൾ എന്നിവയും ചേർന്ന് ഒരു സമ്മിശ്ര കൃഷിയിടമാണിത്. തെങ്ങടിസ്ഥാനമാക്കിയ കൃഷിയിൽ ലാഭത്തിന്റെ കണക്കേ ഡൊമിനിക്കിനു പറയാനുള്ളൂ. ഒരു തെങ്ങിൽനിന്നും ശരാശരി 125 മുതൽ 150 നാളീകേരം ലഭിക്കുന്നു. ഒരു വിളവെടുപ്പിൽ ഡൊമിനിക്കിന് 9000 മുതൽ 17000 നാളികേരം വരെ ലഭിക്കുന്നു. ഒരു വർഷത്തെ വിളവു പരിശോധിച്ചാൽ എണ്ണം എഴുപതിനായിരം ആണ്. ഒരു ഹെക്ടറിൽ കൃഷിച്ചെലവ് ഡൊമിനിക്കിന്റെ കണക്കിൽ 52000 ഓളം മാത്രം. ആറേക്കറിൽനിന്നും ഡൊമിനിക്കിന് തെങ്ങിൽ നിന്നുള്ള ലാഭം 3,70,000 ൽപ്പരം രൂപയും. ഇത്തരത്തിൽ ലാഭം നൽകുന്ന തെങ്ങുകൃഷിയെ എങ്ങനെയാണ് നമുക്ക് അവഗണിക്കാൻ കഴിയുക. കൃഷിയിടത്തിന്റെ ഒരിടംപോലും പാഴാക്കാതെ കൃഷിയോഗ്യമാക്കിയിരിക്കുന്നതിനാൽ 'ആത്മാ' പദ്ധതിയിൽ ഇതൊരു മാതൃകാ കൃഷിയിടവും ഫാം സ്കൂളുമാണ്. കർഷകരെ പരിശീലനപരിപാടിയുടെ ഭാഗമായി ഈ കൃഷിയിടത്തിൽ എത്തിച്ച് പരിശീലനം നൽകാറുണ്ട്.

തെങ്ങടിസ്ഥാനമായ സമ്മിശ്രകൃഷിയും മണ്ണിരക്കമ്പോസ്റ്റ് നിർമാണയൂണിറ്റ്, സ്ളറി പമ്പിങ് സംവിധാനം, ബയോഗ്യാസ് പ്ലാന്റ്, ജലസേചനസൗകര്യങ്ങൾ എന്നിവയൊക്കെയുള്ള കൃഷിയിടത്തിന്റെ ഉടമയും കർഷകനുമായ ഡൊമിനിക്കിനെത്തേടി സംസ്ഥാനസർക്കാരിന്റെ കേരകേസരി അവാർഡും കൊടുവള്ളി ബ്ലോക്കിലെ മികച്ച സമ്മിശ്ര കർഷകൻ, കൃഷിഭവൻ തലത്തിലെ മികച്ച കർഷകൻ തുടങ്ങിയ പുരസ്കാരങ്ങൾ എത്തിയതിൽ ഒട്ടും അതിശയിക്കാനില്ല. അധ്വാനവും തെങ്ങടിസ്ഥാനമാക്കിയ സമ്മിശ്രകൃഷിയും നൽകിയ വിജയം ഓരോ കേരളീയനും അനുകരണീയ മാതൃകയാണ്. ■

*കൃഷിവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖകൻ*

■ സുരേഷ് മുതുകുളം

**കൃഷിയാവശ്യത്തിന് ഒരുതുണ്ടു ഭൂമിപോലും ലഭ്യമല്ലാത്ത നഗരങ്ങൾക്ക് പ്രതീക്ഷയായ പുതിയ കൃഷിരീതിയെക്കുറിച്ച്**

# അംബരചുംബി കൃഷി പുതിയ പ്രതീക്ഷ

അംബരചുംബിയായ കൂറ്റൻ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കൂൺ കൃഷി, രണ്ടാം നിലയിൽ പച്ചക്കറികൾ, മൂന്നാം നിലയിൽ പഴവർഗ കൃഷി, തുടർന്ന് നെല്ല്, ഗോതമ്പ്, മീൻ, കോഴി, ആടുമാടുകൾ ഇങ്ങനെ പതിനെട്ടു നിലകളിലായി വിവിധ വിളകൾ കൃഷിയിറക്കി വളർത്തുന്നു! ഇത്തരത്തിൽ അത്ഭുതകരമായ ഒരു കൃഷിസമ്പ്രദായത്തെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഒരു കാര്യംകൂടി വ്യക്തമാക്കാം; ഈ 18നിലക്കെട്ടിടത്തിൽ നടത്തുന്ന കൃഷികൊണ്ട് ഒരു ചെറിയ നഗരത്തിലെ 50,000 പേർക്ക് സുഭിക്ഷമായി ഭക്ഷണം കഴിച്ചു കഴിയാം. ഈ സംരംഭത്തിനാണ് 'അംബരചുംബി കൃഷി' അഥവാ 'ലംബകൃഷി' (Vertical farming) എന്നു പറയുന്നത്. ഒരർഥത്തിൽ ഭാവിയിൽ കാർഷികമേഖലയിൽ നടക്കാൻ പോകുന്ന അല്ലെങ്കിൽ നടക്കാൻ തയ്യാറെടുക്കുന്ന ഏറ്റവും ആധുനിക കൃഷിമാതൃക എന്നുതന്നെ അംബരചുംബി കൃഷിയെ വിശേഷിപ്പിക്കാം. ഇന്നല്ലെങ്കിൽ നാളെ ഏറിയും കുറഞ്ഞും ഇത് വ്യത്യസ്ത മാതൃകകളിൽ ലോകത്ത് വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷമാകും.

## അല്പം ചരിത്രം

അംബരചുംബി കൃഷി യഥാർഥത്തിൽ ഒരു പുതിയ ആശയമല്ല. തെക്കേ അമേരിക്കയിലെ പരമ്പരാഗത കർഷകർ ലംബമാനമായ രീതിയിൽ





വിവിധ തട്ടുകൾ തിരിച്ച് കൃഷിയിറക്കിയിരുന്നതും പൂർവേഷ്യൻ പ്രദേശങ്ങളിൽ കുത്തനെ ചരിഞ്ഞ സ്ഥലങ്ങൾ 'ടെറസുകളാക്കി' നെൽകൃഷി ചെയ്തിരുന്നതും ഒക്കെ ലംബകൃഷിയുടെ പൂർവമാതൃകകളായിരുന്നു എന്നും പറയാം. ആഗോളതലത്തിൽ ജനസംഖ്യയിലുണ്ടായ ഗണ്യമായ വർധനയും പ്രകൃതിവിഭവങ്ങളുടെ ലഭ്യതയിൽ വന്ന നിർണായകമായ കുറവുമാണ് ഈ പ്രാചീന മാതൃകയുടെ പുനരുജ്ജീവനത്തിനും ആധുനികവത്കരണത്തിനും പ്രേരകമായത്. 1915 ൽ അമേരിക്കൻ ഭൂഗർഭശാസ്ത്രജ്ഞനായ ഗിൽബെർട്ട് എല്ലിസ് ബെയിലി ആണ് 'ലംബകൃഷി' എന്ന അർഥത്തിൽ 'വെർട്ടിക്കൽ ഫാമിങ്' എന്ന പദത്തിന് രൂപം നൽകുന്നത്. അന്നുമുതൽ ശില്പികളും ശാസ്ത്രജ്ഞരും ഈ പുത്തൻ ആശയത്തിന്റെ വിവിധ വശങ്ങൾ പഠനവിധേയമാക്കി. ന്യൂയോർക്കിൽ കൊളംബിയ സർവകലാശാലയിലെ പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞനായ പ്രൊഫ. ഡിക്സൺ ഡെസ്പോമിയർ ആണ് ഇതേക്കുറിച്ച് പ്രായോഗികതലത്തിൽ ഏറെ ചിന്തിച്ചതും പ്രവർത്തിച്ചതും. ഒരിഞ്ചു കൃഷിസ്ഥലം പോലും അധികം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ മാൻഹട്ടൻ നഗരത്തിലെ കെട്ടിടങ്ങളുടെ മട്ടുപ്പാവിൽ ലഭിക്കുന്ന സ്ഥലത്ത് കൃഷിയിറക്കി അവിടത്തെ ജനങ്ങളെ മുഴുവൻ തീറ്റിപ്പോറ്റാനാകുമോ എന്ന് ഡെസ്പോമിയർ തന്റെ ക്ലാസിലെ ഉത്സാഹശാലികളായ വിദ്യാർഥികളോട് ചോദിച്ചു. ലഭ്യമായ എല്ലാ കെട്ടിടങ്ങളുടെയും മട്ടുപ്പാവിൽ നെല്ല് കൃഷിചെയ്താലും മാൻഹട്ടൻ നഗരത്തിലെ ആകെ ജനസംഖ്യയുടെ വെറും രണ്ടു ശതമാനം പേരെ മാത്രമേ തീറ്റിപ്പോറ്റാൻ കഴിയൂവെന്ന് വിദ്യാർഥികൾ കണക്കുകൂട്ടി കണ്ടെത്തി. ഒരർഥത്തിൽ ഈ ചോദ്യവും ഉത്തരവും അവർ ഒരു വെല്ലുവിളിയായി സ്വീകരിക്കുകയായിരുന്നു.

മട്ടുപ്പാവിൽ വിളകൾ വളർത്താൻ കഴിയുമെങ്കിൽ അതേ സാങ്കേതികതന്ത്രം പ്രയോജനപ്പെടുത്തി എന്തുകൊണ്ട് കെട്ടിടങ്ങൾക്കുള്ളിൽ വിളകൾ വളർത്തിക്കൂടാ? ഇതായി ഡെസ്പോമിയറിന്റെയും വിദ്യാർഥികളുടെയും ചിന്ത. വീണ്ടും അവർ കൂട്ടലും കിഴിക്കലുമായി പല ദിവസങ്ങൾ തള്ളിവിട്ടു. ഒടുവിൽ അതിസാധ്യതകളുള്ള ആ നൂതനപരിഹാരം അവർ കണ്ടെത്തുകയും ചെയ്തു; 30 നിലകളുള്ള ഒരു അംബരചുംബി കെട്ടിടത്തിൽ വിവിധ വിളകൾ വളർത്തിയാൽ മാൻഹട്ടനിലെ 50,000 പേർക്ക് സുഭിക്ഷമായി ഭക്ഷണം കഴിക്കാം. ഇതുപോലെയുള്ള 160 കെട്ടിടങ്ങളിൽ കൃഷി

> 30 നിലകളുള്ള ഒരു അംബരചുംബി കെട്ടിടത്തിൽ വിവിധ വിളകൾ വളർത്തിയാൽ മാൻഹട്ടനിലെ 50,000 പേർക്ക് സുഭിക്ഷമായി ഭക്ഷണം കഴിക്കാം. ഇതുപോലെയുള്ള 1 60 കെട്ടിടങ്ങളിൽ കൃഷിചെയ്യുക വഴി ന്യൂയോർക്ക് നഗരത്തെയാകെ ആണ്ടുവട്ടം തീറ്റിപ്പോറ്റാനുള്ള കാർഷികോത്പന്നങ്ങൾ അനായാസം തയാറാക്കാൻ കഴിയും!

ചെയ്യുക വഴി ന്യൂയോർക്ക് നഗരത്തെയാകെ ആണ്ടുവട്ടം തീറ്റിപ്പോറ്റാനുള്ള കാർഷികോത്പന്നങ്ങൾ അനായാസം തയാറാക്കാൻ കഴിയും! ഒരർഥത്തിൽ ഈ കണ്ടെത്തലായിരുന്നു അംബരചുംബികൃഷി എന്ന ആശയത്തിന്റെ അടിത്തറ.


## അംബരചുംബി കൃഷി എന്ത്, എന്തിന് ?

കൃഷിയാവശ്യത്തിന് ഒരു തുണ്ടുഭൂമി പോലും ലഭിക്കാൻ തെല്ലും സാധ്യതയില്ലാത്ത നഗരങ്ങളിലെ ഉയർന്ന കെട്ടിടങ്ങളിൽ വിവിധ വിളകളും ചെടികളും ശാസ്ത്രീയമായി വളർത്തുന്ന പ്രവൃത്തിയാണ് അംബരചുംബികൃഷി അഥവാ 'വെർട്ടിക്കൽ ഫാമിങ്'. നഗരപ്രദേശങ്ങളിൽ നിലവിലുള്ള ഭക്ഷണകാര്യത്തിലെ പരാശ്രയത്വം ഒഴിവാക്കുവാനാണ് ഇത് ലക്ഷ്യമിടുന്നത്. ഹൈഡ്രോപോണിക്സ് (മണ്ണില്ലാകൃഷി) അക്വാപോണിക്സ് (ജലകൃഷി) എന്നീ സാങ്കേതികതന്ത്രങ്ങളാണ് ഇവിടെ അനുവർത്തിക്കുക. ഈ കൃഷി നടത്തുന്ന ഉയർന്ന കെട്ടിടങ്ങളെ സാങ്കേതികമായി അംബരചുംബികൾ (sky scrapers) എന്നല്ല 'ഫാം സ്ക്രേപ്പേഴ്സ്' എന്നാണ് വിശേഷിപ്പിക്കുന്നത്. 'അംബരചുംബികളായ കൃഷിത്തോട്ടങ്ങൾ' എന്നാണതിനർഥം.

യുണൈറ്റഡ് നേഷൻസിന്റെ (UN) കണക്കുകളനുസരിച്ച് ലോക ജനസംഖ്യ 2050 ആകുമ്പോഴേക്കും ഒമ്പതു ലക്ഷം കോടി ആയി വർധിക്കും. ഇത്രയും പേർക്ക് ആഹാരാവശ്യത്തിന് ഇന്നുള്ളതിന്റെ 70% ഭക്ഷ്യോത്പാദനം വർധിക്കേണ്ടതുണ്ട്. എന്നാൽ ഇതിനുള്ള സ്ഥലം നിലവിൽ ലഭ്യമല്ല. ഈ സാഹചര്യത്തിലാണ് അംബരചുംബികളായ കെട്ടിടങ്ങളെ ഉചിതമായ സാങ്കേതികസഹായത്തോടെ കൃഷിത്തോട്ടങ്ങൾ ആക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ചിന്തകൾ സജീവമാക്കുന്നത്. സസ്യ-ജന്തുജാലങ്ങളുടെ വൻതോതിലുള്ള കരുതലും പരിപാലനവുമാണ് ഇവിടെ ലക്ഷ്യമിടുന്നത്. അനുദിനം വർധിച്ചുവരുന്ന ജനസംഖ്യയ്ക്കാനുപാതികമായി വേണ്ടത്ര ഭക്ഷ്യപദാർഥങ്ങൾ ഉത്പാദിപ്പിക്കാൻ ഇതോ ഇതിനോടു സമാനമായ ഇതരമാർഗങ്ങളോ മാത്രമേ പോംവഴിയായുള്ളുവെന്നതാണ് വാസ്തവം.

## വർധിച്ച വിളവുത്പാദനം

പരമ്പരാഗത കൃഷിരീതികളെയപേക്ഷിച്ച് അംബരചുംബി കൃഷിക്ക് മേന്മകൾ നിരവധിയാണ്. ഇതിലാദ്യത്തേത് ആണ്ടുവട്ടം ഇതിൽനിന്ന് ഇടതടവില്ലാതെ വിളവെടുക്കാം എന്നതുതന്നെ. ഒരേക്കർ സ്ഥലത്ത് നടത്തുന്ന അംബരചുംബി കൃഷി നമ്മുടെ സാധാരണ മണ്ണിലെ നാലുമുതൽ ആറ് ഏക്കറിന് തുല്യമാണ് എന്ന് മൂല്യപ്പെടുത്തിയിരിക്കുന്നു. ചില വിളകളുടെ കാര്യത്തിൽ ഇത് 30 ഇരട്ടിവരെപോകും. മാത്രവുമല്ല ഇതിൽനിന്നുള്ള ഉത്പന്നങ്ങൾ ദൂരത്തേക്കെങ്ങും കൊണ്ടുപോകേണ്ടിവരു



ന്നില്ല. വളർത്തുന്നിടത്തുവച്ചുതന്നെയാണ് വില്പനയും നടത്തുക. അതുകൊണ്ടു തന്നെ ഉത്പന്നങ്ങളുടെ നഷ്ടവും കേടുപാടും ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇനി ഇതിൽത്തന്നെ അധികം ഉയരത്തിൽ വളരാത്ത കുള്ളൻ ഇനങ്ങൾ (Dwarf varieties) ആണ് കൃഷിയിറക്കുന്നതെങ്കിൽ 30 നിലകളുള്ള ഒരു കൃഷിഭവനത്തിൽനിന്ന് ഏതാണ്ട് 2400 ഏക്കറിൽനിന്നുള്ള വിളവിന് സമാനമായ വിളവുതന്നെ ഉത്പാദിപ്പിക്കുവാൻ കഴിയും എന്നും ഡെസ്പോമിയർ സമർഥിച്ചിട്ടുണ്ട്. ഗോതമ്പുപോലുള്ള ധാന്യവിളകളുടെ കുള്ളൻ ഇനങ്ങൾ ഇത്തരത്തിൽ വളർത്താം.

## പ്രവർത്തനഘടകങ്ങൾ

എത്ര നിലകളുള്ളതായാലും ഒരു അംബരചുംബികൃഷിത്തോട്ടം സുഗമമായി പ്രവർത്തിക്കാൻ ചില അടിസ്ഥാനഘടകങ്ങളുണ്ട്.

## സോളാർ പാനൽ

കൃഷിത്തോട്ടത്തിനുവേണ്ട ഊർജം മുഴുവൻ സംഭരിക്കുന്നതും നൽകുന്നതും സൗരോർജ പാനലുകളാണ്. സ്വയം ഭ്രമണം ചെയ്യുന്ന ഈ പാനലുകൾ സൂര്യപഥത്തിന്റെ വ്യത്യാസമനുസരിച്ചു പ്രവർത്തിച്ചുകൊണ്ടേയിരിക്കും. ഫാമിന്റെ ഉൾഭാഗത്തെ താപം നിയന്ത്രിക്കാനും തണുപ്പിക്കാനുമൊക്കെ ഈ ഊർജമാണുപയോഗിക്കുക. സൂര്യന്റെ ചൂട് ഏറ്റവും ഉച്ചസ്ഥായിയിലാകുമ്പോൾ പരമാവധി ഊർജസംഭരണവും നടക്കും.

## വായുശൃംഗം

സൗരോർജത്തിന് ബദലായി കാറ്റിന്റെ ഊർജം ഉപയോഗിക്കുന്ന തന്ത്രമാണ് വായുശൃംഗം (wind spire). ഇത് രൂപകല്പന ചെയ്തത് ക്ലീവ്ലാൻഡ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഒരു ശാസ്ത്രജ്ഞനാണ്. സ്വതവേ സ്ഥലദൗർലഭ്യമുള്ള മെട്രോ നഗരങ്ങളിൽ വിൻഡ് മില്ലുകൾ വൻതോതിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക അത്ര എളുപ്പമല്ല. എന്നാൽ ചെറിയ ബ്ലേഡുകൾ ഉപയോഗിച്ച് വായുവിനെ മുകളിലേക്ക് പ്രവഹിപ്പിക്കുന്ന വിൻഡ് സ്പെയറുകളാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്.

## കണ്ണാടിപ്പാളികൾ

കണ്ണാടിപ്പാളികൾ (Glass panels) കൊണ്ടാണ് കൂറ്റൻ കെട്ടിടത്തെ പൂർണമായും പൊതിഞ്ഞിരിക്കുന്നത്. ഇതിൽ ടൈറ്റാനിയം ഓക്സൈഡ് പൂശി മഴയുടെയും മറ്റും ശല്യം തടഞ്ഞിരിക്കും. മഴത്തുള്ളി കണ്ണാടിപ്പാളിയിൽ തങ്ങിനിൽക്കാതെ താഴേയ്ക്ക് ഒഴുകിപ്പോകുന്നതു നിമിത്തം പൊടിയും മറ്റു മാലിന്യങ്ങളും ഒക്കെ താനേ ഒഴുകിപ്പോകും. ഈ ജലം പാത്രങ്ങൾ വച്ചു ശേഖരിച്ച് അരിച്ചെടുക്കുന്നു.

## കൺട്രോൾ റൂം

കൃഷിത്തോട്ടത്തിനുള്ളിലെ പരിസ്ഥിതി മുഴുവൻ നിയന്ത്രിക്കുന്നത് കൺട്രോൾ റൂമിൽനിന്നാണ്. ദിവസത്തിൽ 24 മണിക്കൂറും വർഷത്തിൽ 365 ദിവസവും ഇത് പ്രവർത്തിച്ചുകൊണ്ടേയിരിക്കും.

## പരീക്ഷണ മാതൃകകൾ

അംബരചുംബി കൃഷിത്തോട്ടങ്ങളെക്കുറിച്ച് നിരവധി വാദഗതികൾ നിലവിലുണ്ടെങ്കിലും ലോകത്ത് പല ഭാഗത്തായി ഇതിന്റെ പരീക്ഷണമാതൃകകൾ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട് എന്നറിയുക. ഇംഗ്ലണ്ടിൽ ഡെവണിലെ പെെഗ്റ്റോൺ സു എൻവയൺമെന്റ് പാർക്കിലെ വാൽ സെന്റ്സ് വെർട്ടിക്കൽ ക്രോപ് സിസ്റ്റം, കാലിഫോർണിയയിലെ ഹവെലിങ് നഴ്സറി പോലുള്ള ഹൈടെക് കൃഷിത്തോട്ടം, ദുബായിയിൽ കടൽവെള്ളം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വെർട്ടിക്കൽ ഫാം തുടങ്ങിയവ ഇതിൽ ചിലതാണ്.

## അംബരചുംബി കൃഷിത്തോട്ടം – മേന്മകൾ

- ആണ്ടുവട്ടമുള്ള വിളവുത്പാദനം
- കാലാവസ്ഥാവ്യതിയാനം തെല്ലും ബാധിക്കുന്നില്ല
- വരൾച്ച, വെള്ളപ്പൊക്കം, കീട-രോഗ ഭീഷണികൾ ഒട്ടുമില്ല.
- സമ്പൂർണ ജൈവകൃഷി. രാസവളങ്ങളും രാസകീടനാശിനികളും ഒട്ടുമേയില്ല.
- ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കി ജലനഷ്ടം കുറയ്ക്കുന്നു.
- കൃഷിയിടത്തിലെ വെള്ളം റീസൈക്ലിങ് വഴി വീണ്ടും കുടിക്കാൻ പാകത്തിന് ശുദ്ധീകരിക്കുന്നു.
- സസ്യ-ജന്തുജാലങ്ങളുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ കമ്പോസ്റ്റാക്കുന്നതുവഴി മീഥെെൻ ഉത്പാദനം നടത്തി ഊർജത്തിന്റെ പുനരുത്പാദനം സാധ്യമാക്കുന്നു.
- നാഗരികകേന്ദ്രങ്ങൾക്ക് സുസ്ഥിരഭക്ഷ്യസംവിധാനം പ്രായോഗികമാക്കുന്നു.
- ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
- ഹരിതഗൃഹവാതകങ്ങളുടെ ഉത്പാദനം കുറയ്ക്കുന്നു. കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് ഓക്സിജൻ ധാരാളമായി പുറത്തുവിടുന്നു. അന്തരീക്ഷവായുവിന്റെ മേന്മ വർധിപ്പിക്കുന്നു.

## 'അംബരചുംബികൃഷി' ഇന്ത്യയിൽ

ഉയർന്ന മുതൽമുടക്കും മറ്റും അംബരചുംബി പരീക്ഷണങ്ങളിൽ ഏർപ്പെടുവാൻ ഇന്ത്യ പോലുള്ള വികസ്വരരാജ്യങ്ങളിൽ പ്രധാന തടസം തന്നെയാണ്. എങ്കിലും ഇവിടെയും ചില കണക്കുകൂട്ടലുകൾ നിലവിലുണ്ട്. ഉദാഹരണത്തിന് 12.5 ദശലക്ഷം പേർ തിങ്ങിപ്പാർക്കുന്ന മുംബൈ നഗരത്തിന് ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തമാകാൻ നഗരത്തിന്റെ ചുറ്റുവട്ടത്തായി സ്ഥലമുള്ളിടത്ത് 30 നിലകൾ വീതമുള്ള 100 അംബരചുംബി കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചാൽ മതി. എന്നാൽ ദില്ലിയുടെ കാര്യത്തിൽ ഇത്തരം 130 വൻ കെട്ടിടങ്ങൾതന്നെ വേണ്ടിവരും. ഓരോ ബഹുനില ഫ്ളാറ്റിനും വേണ്ട ആഹാരപദാർഥങ്ങൾ അതത് ഫ്ളാറ്റുകളിൽത്തന്നെ ഉത്പാദിപ്പിക്കണം എന്ന ആശയത്തിന്റെ തുടർച്ചയായിവേണം ഇതിനെ കാണാൻ. മികച്ച പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും വിവിധയിനം മത്സ്യങ്ങളും കോഴിയും താറാവും ആടും പന്നിയുമൊക്കെ തികഞ്ഞ ധാരണയോടെ വളരുന്ന അംബരചുംബികൃഷിത്തോട്ടങ്ങൾ അനതിവിദൂരഭാവിയിൽ യാഥാർഥ്യമായേ തീരൂ. ■

■ എം.പി. അയ്യപ്പദാസ്

# നാഞ്ചിനാട്ടിലെ നെൽകൃഷി

**കൃഷിഭൂമി കുറഞ്ഞെങ്കിലും കന്യാകുമാരി ജില്ലയിലെ നാഞ്ചിനാടിന്റെ കാർഷികപ്പെരുമയ്ക്ക് ഇന്നും ലോപമുണ്ടായിട്ടില്ല**



തിരുവിതാംകൂറിന്റെ നെല്ലറയായിരുന്നു നാഞ്ചിനാട്. ഇരുപ്പൂ കൃഷിയുള്ള ഏലകളിൽ ഒരിക്കൽ സമൃദ്ധമായിരുന്നു നെൽക്കൃഷി. എല്ലാ ഗ്രാമങ്ങളും നെൽക്കൃഷിയെ ഉപജീവിച്ചാണ് പുലർന്നിരുന്നത്. കുളവും വയലും ഗ്രാമത്തിന്റെ മുഖമുദ്രയായിരുന്നു. വീട്ടുമുറ്റത്ത് നാലും അഞ്ചും വയ്ക്കോൽ കൂനകൾ, തൊഴുത്തിൽ പശുക്കളും കാർഷികാവശ്യത്തിന് ഉപയോഗിക്കാൻ പോത്തുകളും. ഇത്തരം വീടുകൾ പ്രൗഢിയുടേയും, കൃഷിയുടെയും മികവുകാട്ടി. ഏറ്റവുമധികം നെൽക്കൃഷിയുള്ള വ്യക്തിക്ക് സമൂഹത്തിൽ ഉന്നതസ്ഥാനം അന്നുണ്ടായിരുന്നു. കാലാന്തരത്തിൽ കൃഷിഭൂമി കുറഞ്ഞെങ്കിലും കന്യാകുമാരി ജില്ലയിലെ നാഞ്ചിനാടിന്റെ കാർഷികപ്പെരുമയ്ക്ക് ഇന്നും ലോപമുണ്ടായിട്ടില്ല.

## നാഞ്ചിനാട്

മാർത്താണ്ഡവർമ മഹാരാജാവിന്റെ ഭരണകാലം മുതൽ നെൽക്കൃഷിയും സാമൂഹികജീവിതവും ഇഴചേർന്ന സംസ്കൃതി കന്യാകുമാരി ജില്ലയിൽ കാണാം. പൊൻമനയ്ക്കു സമീപം മാർത്താണ്ഡവർമ പുത്തൻഡാം നിർമിച്ചതിൽനിന്ന് തുടങ്ങുന്നു ആ പാരമ്പര്യം. കല്ലിൽ നിർമിച്ച ഡാമിനു പിന്നാലെ കന്യാകുമാരിയുടെ ഹൃദയത്തിലേക്ക് നീളുന്ന പുത്തൻ കനാലും മാർത്താണ്ഡവർമ പണിയിച്ചു. ഡാമിന്റെ നിർമാണത്തിന് രാജാവ് മേൽനോട്ടം വഹിക്കുമ്പോൾ ഒരു ഭടൻ അദ്ദേഹത്തിന് കുടപിടിച്ചു നിന്നുവത്രേ. ഭടന്റെ കർമശേഷി ഇതിലൂടെ നഷ്ടമാകുന്നത് തിരിച്ചറിഞ്ഞ രാജാവ് പാറയിൽ ഒരു കുഴിയെടുത്ത് ഓലക്കുട നിർത്താൻ നിർദേശിച്ചതും ഭടനെ അണക്കെട്ട് നിർമാണത്തിന് നിയോഗിച്ചതും ചരിത്രകഥ.

പത്മനാഭപുരത്ത് മൺകോട്ട ഉണ്ടായിരുന്നപ്പോൾ അതിന്റെ പരിപാലനത്തിന് നാഞ്ചിനാട്ടിലെ കർഷകരിൽനിന്നും കോട്ടപ്പണം പിരിച്ചിരുന്നു. മൺകോട്ടയ്ക്കു മുകളിൽ ഓല മേഞ്ഞ് സംരക്ഷിക്കാനുള്ള ചെലവ് നെല്ലായാണ് സ്വരൂപിച്ചിരുന്നത്.

1903 ൽ കോതയാറ്റിൽ പേച്ചിപ്പാറ അണക്കെട്ട് യാഥാർഥ്യമായതോടെയാണ് നാഞ്ചിനാട്ടിലെ കൃഷിഭൂമി ഉർവരമായത്. പേച്ചിപ്പാറ ഡാം ഇല്ലായിരുന്നെങ്കിൽ കന്യാകുമാരി മണ്ണ് ഊഷരമായേനേ. ഹംഫ്രീ അലക്സ്ണ്ടർ മിഞ്ചിൻ എന്ന വെള്ളക്കാരൻ എൻജിനീയറാണ് ഡാമിന്റെ ശില്പി. ഒരു നൂറ്റാണ്ടു മുൻപ് കടുത്ത അധ്വാനത്തിലൂടെയാണ് അദ്ദേഹം ഡാം നിർമാണം പൂർത്തിയാക്കിയത്. തന്റെ അന്ത്യവിശ്രമം ഡാമിനു സമീപത്തുതന്നെ വേണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. ഡാമിന്റെ കരയിലാണ് മിഞ്ചിൻ ധ്വരയ്ക്ക് അന്ത്യവിശ്രമം ഒരുക്കിയത്. ഒരു ഡാമിന്റെ നിർമാണത്തിന് ആത്മാർപ്പണം ചെയ്ത മിഞ്ചിന്റെ ജീവിതം പിൽക്കാലത്ത് തോപ്പിൽ ഭാസിയുടെ *പുതിയ ആകാശം പുതിയ ഭൂമി* എന്ന നാടകത്തിന് പ്രചോദനമായി. പുത്തൻ കനാൽ ഒഴുകുന്ന പൊൻമന മുതൽ കന്യാകുമാരി വരെയുള്ള ഭാഗമാണ് നാഞ്ചിനാടായി അറിയപ്പെടുന്നത്. ഡാമിൽ നിന്ന് വെള്ളം കൊണ്ടുവന്ന് കൃഷി ചെയ്യുന്നുവെന്നതാണ് നാഞ്ചിനാടിന്റെ പ്രത്യേകത. കനാലിൽനിന്ന് സമീപത്തെ കുളത്തിലേക്ക് വെള്ളമെത്തും. കുളത്തിനുതാഴെ വയലേല ഉണ്ടാകും. ഏലയ്ക്കു താഴെ വീണ്ടും കുളവും മറ്റൊരു ഏലയും. ഈ ശൃംഖലയിലൂടെ ഒഴുകിയെത്തുന്ന വെള്ളം സമീപത്തെ തോട്ടിലോ, നദിയിലോ ചേരുന്നതാണ് നാഞ്ചിനാട്ടിലെ കൃഷിഭൂമിയുടെ ഘടന. പേച്ചിപ്പാറനിന്ന് 70 കിലോമീറ്റർ അകലെ കന്യാകുമാരിവരെ ചോർച്ചകൂടാതെ വെള്ളമൊഴുകുന്ന സംവിധാനം ഇപ്പോഴും നിലനിൽക്കുന്നു.



കന്നിപ്പൂ, കുംഭപ്പൂ എന്നീ കൃഷികളാണ് നാഞ്ചിനാട്ടിലുള്ളത്. വയലിനുള്ളിൽത്തന്നെ ഞാറ്റടി തയ്യാറാക്കുന്നു. ചാണകം, ചാരം എന്നിവ അടിവളമായി ഉപയോഗിച്ചിരുന്നു. പിന്നീടാണ് നിലമുഴുന്നത്. നുകത്തിൽ കാളയെയോ പോത്തിനെയോ കെട്ടി ആദ്യം നിലം ഉഴുതുമറിക്കും. വെള്ളമില്ലാത്ത തരിശുമണ്ണിലാണ് ആദ്യം ഉഴുന്നത്. പിന്നീട് വെള്ളം കയറ്റി നാലുതവണ ഉഴുതശേഷം നിലം നിരപ്പാക്കാൻ മരമടി എന്ന രീതിയും പതിവുണ്ടായിരുന്നു. നിരപ്പായ പലകയിൽ ആൾ കയറിനിന്ന് കാളയെ കെട്ടിവലിക്കുന്നതാണ് മരമടി. വയലിനു വശങ്ങളിലെ പുല്ല് ചെത്തിമാറ്റി, വരമ്പിൽ ചെളി കോരിത്തേച്ച് വരമ്പൊരുക്കുന്നത് ഇതിനു മുന്നോടിയായി ചെയ്യും. ആര്യവേപ്പ്, പൂവരശ്, ആഞ്ഞിലി, ശീമക്കൊന്ന, വാക തുടങ്ങി പ്രദേശത്ത് കിട്ടാവുന്ന വിവിധതരം പച്ചിലവളങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. പച്ചില വെട്ടിനുറുക്കി വയലിൽ വാരിവിതറി

> ഡാമിൽ നിന്ന് വെള്ളം കൊണ്ടുവന്ന് കൃഷി ചെയ്യുന്നുവെന്നതാണ് നാഞ്ചിനാടിന്റെ പ്രത്യേകത. കനാലിൽനിന്ന് സമീപത്തെ കുളത്തിലേക്ക് വെള്ളമെത്തും. കുളത്തിനു താഴെ വയലേല ഉണ്ടാകും. ഏലയ്ക്കു താഴെ വീണ്ടും കുളവും മറ്റൊരു ഏലയും. ഈ ശൃംഖലയിലൂടെ ഒഴുകിയെത്തുന്ന വെള്ളം സമീപത്തെ തോട്ടിലോ, നദിയിലോ ചേരുന്നതാണ് നാഞ്ചിനാട്ടിലെ കൃഷിഭൂമിയുടെ ഘടന

ചവിട്ടിത്താഴ്ത്തും. വെള്ളത്തിനുള്ളിൽ ഇവ അഴുകി വളമായിച്ചേരുന്നു.

ഞാറ്റടിയിൽനിന്ന് ഞാർ ഇളക്കുന്നതും നടുന്നതും ഒരേ ദിവസമാണ് ചെയ്യുന്നത്. പിന്നീട് ക്രമാനുസൃതമായി കളയെടുക്കലും വളമിടീലും നടത്തും. ചമ്പ, തട്ടാരവെള്ള, വല്ലരയ്ക്ക എന്നീ ദീർഘനാൾ വിള വേണ്ട വിത്തുകളാണ് മുൻപ് വിളവിറക്കിയിരുന്നത്. ഇപ്പോൾ 100 ദിവസത്തിൽ വിളവെടുക്കാവുന്ന പൊന്നി ഐ. ആർ. 25, പൊൻമണി, അംബേദ്കർ 16 എന്നീ വിത്തുകൾ കൃഷിക്ക് ഉപയോഗിക്കുന്നു. കേരളത്തിലേക്ക് അയയ്ക്കാൻ മാത്രം ചമ്പ ചെറിയ തോതിൽ കൃഷിചെയ്യുന്നുണ്ട്. നന്നായി വിളഞ്ഞ വയലുകളിൽ വെള്ളം വാർന്നുപോകാൻ ചാലുകീറുന്നതിനെ കാലു വയ്ക്കുക എന്നാണ് പറഞ്ഞിരുന്നത്. വയൽ കൊയ്യുന്നവർതന്നെ സമീപത്തെ വീട്ടുമുറ്റത്തെ കളങ്ങളിലേക്ക് കറ്റ ചുമന്നു കൊണ്ടുപോകാറുണ്ട്. കളത്തിൽ കൊയ്ത്തുസംഘത്തിലെ തലവൻ കൈക്കുള്ളിൽ കറ്റയെടുത്ത് നിലത്തടിച്ചാണ് ആദ്യഘട്ടം നെല്ല് ശേഖരിക്കുന്നത്. ഇലവടി എന്നാണ് ഇതിനു പേര്. ഒന്നിച്ചു കൂട്ടുന്ന കറ്റകളെ പിന്നീട് കാളകളെയും പോത്തിനെയും കൊണ്ട് ചവിട്ടിമെതിച്ച് ശേഷിച്ച നെല്ലുകൂടി രണ്ടാംഘട്ടം ശേഖരിക്കും. ചൂട് അടി എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഇരുവേളകളിലും കിട്ടുന്ന നെല്ലിനെ മുറം കൊണ്ടു വീശി പതിരുകളഞ്ഞാണ് ചാക്കിൽ ശേഖരിക്കുന്നത്. 15 മരയ്ക്കാൽ ചേർന്നതാണ് ഒരു കോട്ട. അഞ്ചു സെന്റ് ഭൂമിയിൽനിന്ന് ഒരു കോട്ട നെല്ലു കിട്ടുമെന്നതാണ് വിളവിന്റെ ശരാശരി. ഒരേക്കർ വയലിൽനിന്ന് 20 കോട്ട നെല്ല് കിട്ടണം.

കൊയ്ത്തുകാരുടെ കൂലി കഴിഞ്ഞ് ഇതിലേറെ കിട്ടിയാൽ അത് ലാഭത്തിന്റെ കണക്കിൽ ചേരും. പത്തായത്തിലും കൂനകളിലുമാണ് നെല്ല് സൂക്ഷിച്ചിരുന്നത്. കന്നിക്കൊയ്ത്ത് കഴിഞ്ഞാൽ അടുത്ത വിള ഉടനെ ആരംഭിക്കും. വെള്ളത്തിന്റെ ലഭ്യതയാണ് ഇതിനു കാരണം. എന്നാൽ കുംഭക്കൊയ്ത്തുകഴിഞ്ഞാൽ മേടം വരെ പാടങ്ങൾ വെയിലു കായും. മീനച്ചൂടിൽ കളങ്ങളിൽ കൃഷിക്കുവേണ്ട വെള്ളം ഉണ്ടാകാറില്ല. കുംഭക്കൊയ്ത്തു കഴിഞ്ഞാൽ ഉടൻ പാടങ്ങളിലെ ഇളം ഈർപ്പത്തിൽ പയർ, ഉഴുന്ന്, നിലക്കടല എന്നിവ ഇടവിളയായി വിതയ്കാറുണ്ട്. ചിലയിടത്ത് പച്ചക്കറികളും കൃഷിചെയ്തിരുന്നു. ധാന്യത്തിനൊപ്പം ഇവയുടെ ചെടികൾ ഉഴുതുമറിക്കുന്നത് പാടങ്ങളിൽ ജൈവവളത്തിനും ഉപകരിക്കും. ജൂൺ ആദ്യവാരമാണ് പിന്നീട് പേച്ചിപ്പാറ ഡാം തുറക്കാറുള്ളത്. അതിനു മുൻപ് അടുത്ത കൃഷിക്കായി ഞാറ്റടി ഒരുങ്ങിയിരിക്കും. പത്താമുദയത്തിനാണ് (മേടം 10) വിത്ത് വിതയ്ക്കാറുള്ളത്. ഇടവിള ഒഴിവാക്കുന്ന ചില കർഷകർ വെള്ളമെത്തും മുൻപ് ഉണങ്ങിയ മണ്ണ് ഉഴുതു നിരപ്പാക്കി വിത്തുപാകാറുണ്ട്. പൊടിയിൽ വിതയ്ക്കുക എന്നതാണ് ഈ കൃഷിരീതി. മുളച്ച് വിത്തിനുമുകളിൽ രണ്ടുതവണ മരമടിക്കാറുണ്ട്. യഥാസമയത്ത് വെള്ളം ലഭിച്ചാൽ നല്ല വിളവ് ഇതിലുണ്ടാകും. ഞാർ ഇളക്കി നടാതെ കളയെടുപ്പും, വളമിടീലും തുടർന്നു നടത്തുന്നതാണ് ഇത്തരം കൃഷി.

പൊടിയിൽ വിതച്ചു വളർന്ന ഞാറ് ഒരു മാസം പ്രായമാകുമ്പോൾ ചുവടിളക്കി വയ്ക്കുന്ന മറ്റൊരു കൃഷിരീതിയും നാഞ്ചിനാട്ടിൽ പതിവുണ്ടായിരുന്നു. വെട്ടിവയ്പ് എന്നാണ് ഈ രീതി. ഒരു കൂട്ടം ഞാറിനെ മൺവെട്ടി മൂലം ഇളക്കിമാറ്റി വയലിൽ മറുഭാഗത്ത് വയ്ക്കും. അതിനുമുൻപ് മണ്ണിനടിയിൽ പച്ചിലവളം വിതറും. പൂർണമായും ജൈവകീടനാശിനിയാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്. പുഴുവിനെ അകറ്റാൻ ചേര് എന്ന വൃക്ഷത്തിന്റെ ശിഖരം ഒടിച്ച് നെൽച്ചെടിയിൽ ഉഴിയുകയും വയലിൽ കുത്തിനിർത്തുകയും ചെയ്തിരുന്നു. ഓല ചുരുട്ടി പുഴുവിനെ അകറ്റാൻ മുറം വച്ച് വീശും. ചാഴി ശല്യം അകറ്റാൻ പുന്നയ്ക്കാ എണ്ണ ഒഴിച്ചുകത്തിച്ച പന്തം വയലിൽ ഉഴിയുന്നതാണ് വിളക്കുകിഴി. വിള മൂപ്പെത്തുമ്പോൾ ഉണ്ടാകുന്ന എലിയുടെ ശല്യം മാറ്റാൻ ഉപയോഗിച്ചിരുന്ന തന്ത്രമാണ് ഉറുമാപ്പുലി. ഒരു മൺകലത്തിന്റെ ചുവട്ടിലെ ദ്വാരത്തിലൂടെ ഉണങ്ങിയ പനയോല വലിച്ചുനീട്ടി ഒരുതരം ശബ്ദം പുറപ്പെടുവിക്കുന്നതാണ് രീതി. ഇളം പനയോല വെട്ടി വയലിൽ നിർത്തുന്ന പതിവുമുണ്ടായിരുന്നു. നിലം കാക്കുന്ന ദേവൻ എന്ന അർഥത്തിൽ ക്ഷേത്രപാലകൻമാരെ വയലേലകളിൽ പ്രതിഷ്ഠിക്കുന്ന രീതിയും മുമ്പുണ്ടായിരുന്നു. ദക്ഷിണ തമിഴ്നാട്ടിൽ മണ്ണിൽ നിർമിച്ച രൂപങ്ങളായിരുന്നു ഇവ. നാഞ്ചിനാട്ടിൽ ഉരുവങ്ങളുടെ (രൂപം) സ്ഥാപനവും ആരാധനയും ക്ഷേത്രപാലസങ്കല്പത്തിന്റെ ഭാഗമാണെന്ന അഭിപ്രായമുണ്ട്.



പോച്ചിപ്പാറ അണക്കെട്ട്



നേരിട്ടു നടത്തിയിരുന്ന കൃഷിക്കു പുറമേ കൃഷിഭൂമി പാട്ടത്തിനു നൽകുന്ന പതിവ് ഇപ്പോഴുമുണ്ട്. വിളവിന്റെ പകുതി നെല്ല് ഭൂവുടമയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ. നെൽക്കൃഷിയുമായി ബന്ധപ്പെട്ട ചില ആചാരാനുഷ്ഠാനങ്ങൾ നാഞ്ചിനാട്ടിൽ നിലനിന്നിരുന്നു. വിതയ്ക്കുന്നതിനും കൊയ്യുന്നതിനും പ്രത്യേക ദിവസങ്ങൾ തിരഞ്ഞെടുക്കുമായിരുന്നു. വിളവെടുപ്പിനു ശേഷം പുന്നെല്ലരി ഉണ്ണുന്നതിനും ഇത്തരം ദിവസക്രമമുണ്ടായിരുന്നു. ക്ഷേത്രത്തിൽ ആരാധന നടത്തി പുന്നെല്ലരിച്ചോറ് കഴിച്ച സമൂഹം നെൽക്കൃഷിയെ ജീവിതത്തിന്റെ ഭാഗമായി കണ്ടിരുന്നെന്ന് സാരം. കൊയ്ത്തിനു മുൻപ് വീടും അമ്പലങ്ങളും കതിരുകൊണ്ട് നിറയ്ക്കുന്ന ആചാരം ഇപ്പോഴുമുണ്ട്. കർക്കിടകത്തിലെ നിറപുത്തരിക്ക് കതിർക്കുലയ്ക്കൊപ്പം ദശപുഷ്പങ്ങളും സ്ഥാനം പിടിച്ചിരുന്നു.

പുത്തൻ കനാലുമൂലം കൽക്കുളം, തോവാള, അഗസ്തീശ്വരം താലൂക്കുകൾക്കുമാത്രമാണ് ഗുണം ലഭിച്ചിരുന്നത്. കടലും മലയും അതിരിടുന്ന വിളവങ്കോട് താലൂക്കിൽ അക്കാലത്തും നെൽക്കൃഷി താരതമ്യേന കുറവായിരുന്നു. നട്ടാലം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്തിക്കാനുള്ള ക്ലേശം ഇതിനൊരു കാരണമായിരുന്നു. കൊയ്ത്തിനു കാലമാകുമ്പോൾ നട്ടാലം വിളഞ്ഞോയെന്ന് രാജാക്കന്മാർ ചോദിക്കാറുണ്ടത്രേ. വിളഞ്ഞെന്നാണ് ഉത്തരമെങ്കിൽ നാടൊക്കെ വിളഞ്ഞു എന്നാണ് അർഥമാക്കിയിരുന്നത്. കാമരാജ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ചിറ്റാർ–പട്ടണം കനാൽ നിർമിച്ചതിലൂടെ നട്ടാലം തേങ്ങാപ്പട്ടണം തുടങ്ങിയ സ്ഥലങ്ങളിലേക്കും ജലസേചനം സുഗമമായി. 11,000 ഹെക്ടർ സ്ഥലത്താണ് ജില്ലയിൽ ഇപ്പോൾ നെൽകൃഷിയുള്ളത്. അഞ്ചു കൊല്ലം മുൻപ് 25,000 ഹെക്ടറിലും 10 കൊല്ലം മുൻപ് 62,000 ഹെക്ടറിലും കൃഷിയുണ്ടായിരുന്നെന്ന കൃഷിവകുപ്പിന്റെ കണക്ക് അമ്പരപ്പിക്കുന്നതാണ്. അഗസ്തീശ്വരം തോവാള താലൂക്കുകളിലാണ് ഇപ്പോൾ കൃഷിഭൂമി ഏറെയുള്ളത്. കൽക്കുളം താലൂക്കിൽ നേന്ത്രവാഴ, മരച്ചീനി എന്നിവ താത്കാലികമായി കൃഷി ചെയ്തിരുന്ന വയലുകൾ പിന്നീട് റബർ, തെങ്ങ് കൃഷികൾക്ക് വഴിമാറി. ദേശീയപാതയോരത്തും ഗ്രാമീണറോഡുകളുടെ സമീപത്തുമുള്ള വയലുകളിൽ വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, വ്യവസായകേന്ദ്രങ്ങൾ എന്നിവ തലയുയർത്തി. വയൽ നികത്തൽ തടയാൻ നിയമമുള്ള നാട്ടിൽ അധികൃതർ ഇതിനുമുന്നിൽ കണ്ണടച്ചു നിന്നു. തോവാളയിൽ ട്യൂബ് റോസ്, വാടാമല്ലി തുടങ്ങിയ പൂക്കളുടെ കൃഷിയും വയലുകളിലാണ് തളിരിടുന്നത്.

> വിതയ്ക്കുന്നതിനും കൊയ്യുന്നതിനും പ്രത്യേക ദിവസങ്ങൾ തിരഞ്ഞെടുക്കുമായിരുന്നു. വിളവെടുപ്പിനുശേഷം പുന്നെല്ലരി ഉണ്ണുന്നതിനും ഇത്തരം ദിവസക്രമമുണ്ടായിരുന്നു. ക്ഷേത്രത്തിൽ ആരാധന നടത്തി പുന്നെല്ലരിച്ചോറ് കഴിച്ച സമൂഹം നെൽക്കൃഷിയെ ജീവിതത്തിന്റെ ഭാഗമായി കണ്ടിരുന്നെന്ന് സാരം.

വരമ്പുകൾ മാത്രമുള്ള പരമ്പരാഗത ഏലകളിൽ നെൽക്കൃഷിയിലെ യന്ത്രവത്കരണം ഇപ്പോഴും സാധ്യമായിട്ടില്ല. നുകവും കാളകളും മനുഷ്യപ്രയത്നവുമാണ് ഇവിടെ കൃഷിയിറക്കുന്നത്. എന്നാൽ പാതയോരത്തെ വയലുകളിൽ ട്രാക്ടറും, കൊയ്യാനും മെതിക്കാനും യന്ത്രങ്ങളും അധികമായി ഉപയോഗിക്കുന്നുണ്ട്. ജൈവവളം ഉപയോഗിക്കുന്ന രീതി രാസവളങ്ങൾക്ക് നേരത്തേ പാതതുറന്നിരുന്നു.

രാജഭരണകാലം മുതൽ നെൽക്കൃഷിയിൽ മാത്രം ഉറച്ചുനിൽക്കുന്ന നാഞ്ചിനാട്ടിലെ വിസ്തൃതമായ ഏക ഏലായാണ് തലക്കുളത്തിനു സമീപത്തെ കൽപ്പടി ഏലാ. 500 ഏക്കറോളം വിസ്തൃതയിൽ കതിരിന്റെ കനകവർണം വിരിയുന്ന കൽപ്പടി ഏലാ നാഞ്ചിനാട്ടിൽ നെൽക്കൃഷിയുടെ നിത്യവിസ്മയമാണ്. ഒരു കൂട്ടം കർഷകരുടെ ദൃഢപ്രയത്നവും വിശ്വാസവുമാണ് ഏലയുടെ നിലനിൽപ്പിനുപിന്നിൽ. വള്ളിയാറിലെ ചെക്ക്ഡാമിൽ നിന്നും കൽപ്പടിക്കുളത്തിലെത്തുന്ന വെള്ളം ആ വിശ്വാസത്തെയും നെല്ലിനെയും എന്നും കുളിരണിയിച്ചു. ഇടയ്ക്ക് ചില കർഷകർ നേന്ത്രവാഴക്കൃഷി പരീക്ഷിക്കാൻ ശ്രമിച്ചെങ്കിലും കർഷക കൂട്ടായ്മയുടെ പ്രതിഷേധത്തിനു മുൻപിൽ അത് വിജയം കണ്ടില്ല. വിളവിന്റെ ഉദാത്ത മാതൃകയായ കൽപ്പടി ഏലായ്ക്കു തുല്യം മറ്റിടങ്ങളിൽ നിലവിലുള്ള നെൽക്കൃഷിയെയും സംരക്ഷിക്കണമെന്നാണ് പഴയ തലമുറ ആവശ്യപ്പെടുന്നത്. ■

കൃഷ്ണകുമാർ പൊതുവാൾ

ഏതൊരു രാജ്യത്തിന്റെയും സുപ്രധാനമായ പൈതൃകമാണ് ചരിത്രവും അതിന്റെ ശേഷിപ്പുകളും. നമ്മുടെ സംസ്ഥാനത്തിന്റെ പുരാതന സംസ്കൃതികളെക്കുറിച്ചും നൂറ്റാണ്ടുകൾ പഴക്കമുള്ള പുരാവസ്തുക്കളുടെ ശേഖരവും നമുക്കെന്നും പ്രിയപ്പെട്ടതും സൂക്ഷിക്കപ്പെടേണ്ടതുമാണ്. പുരാവസ്തുക്കളെക്കുറിച്ചുള്ള പഠനവും ഗവേഷണവും സുപ്രധാനം തന്നെയാണ്.


ഈ കാഴ്ചപ്പാടോടുകൂടിയാണ് 1962 ൽ സർക്കാർ കേരള സംസ്ഥാന പുരാവസ്തുവകുപ്പ് രൂപീകരിച്ചത്. ശാശ്വത മൂല്യമുള്ള രേഖകളുടെ സംരക്ഷണവും സമാഹരണവുമാണ് ഇവിടെ നടക്കുന്നത്. തിരുവനന്തപുരം നളന്ദയിൽ ഉള്ള വകുപ്പിന്റെ ഡയറക്ടറേറ്റാണ് കേന്ദ്രം. ഇതിനുകീഴിൽ സെൻട്രൽ ആർക്കൈവ്സ് തിരുവനന്തപുരം, റീജിയണൽ ആർക്കൈവ്സ് എറണാകുളം, റീജിയണൽ ആർക്കൈവ്സ് കോഴിക്കോട്, എന്നീ രേഖാലയങ്ങൾ കൂടിയുണ്ട്.

താളിയോലകൾ, മുളക്കരണം, ചെപ്പോട്, കടലാസ് രേഖകൾ, മൈക്രോഫിലിം എന്നിവയിൽ പൊതുരേഖകൾ, സ്വകാര്യരേഖകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയാണ് ശേഖരങ്ങൾ. പൊതുശേഖരത്തിൽ തിരുവിതാംകൂർ നാട്ടുരാജ്യത്തെ (ക്രി.വർഷം 1424–1885) സംബന്ധിച്ച രേഖകൾ തിരുവനന്തപുരം ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുണ്ട്. കൊച്ചി സംസ്ഥാനത്തെക്കുറിച്ചുള്ള രേഖകൾ (ഓലശേഖരവും കടലാസുശേഖരവുമുൾപ്പെടെ) എറണാകുളം ആർക്കൈവ്സിലും മദ്രാസ് റെസിഡൻസിയുടെ കീഴിലുള്ള പഴയ മലബാർ ജില്ലകളെ സംബന്ധിച്ചുള്ളവ കോഴിക്കോട് ആർക്കൈവ്സിലും ലഭ്യമാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്ന് പുരാരേഖാവകുപ്പിലേക്കു മാറിയ രേഖകൾ, തമിഴ്നാട് ആർക്കൈവ്സിൽനിന്ന് ലഭ്യമായ രേഖകൾ എന്നിവയും തിരുവനന്തപുരം ആർക്കൈവ്സിലുണ്ട്. വിവിധ

# ചരിത്രവും പൗരാണികതയും കാത്തുസൂക്ഷിക്കുന്ന പുരാവസ്തുവകുപ്പ്







വാക്സ് സീൽ 1828 എ.ഡി.

രേഖാനിർമാണ ഏജൻസികളിൽനിന്നുള്ള രേഖകൾ ശാസ്ത്രീയമായി ഇവിടെ സംരക്ഷിച്ചുപോരുന്നു. രേഖകളുടെ ആയസ്സ് ദീർഘിപ്പിച്ച് വരും തലമുറയുടെ ഉപയോഗത്തിന് ലഭ്യമാക്കാൻ രാസ പ്രക്രിയകൾവഴി സൂക്ഷിക്കുന്നു. അസിഡിഫിക്കേഷൻ, ലാമിനേഷൻ, മെന്റിങ്, ബയന്റിങ് എന്നീ രീതികളാണ് ഇതിനവലംബിക്കുന്നത്.

ഗവേഷകർക്കും ചരിത്രാന്വേഷികൾക്കുമായി പ്രവർത്തിക്കുന്ന റഫറൻസ് ലൈബ്രറിയിൽ പുരാതന പുസ്തകങ്ങൾ, അസംബ്ലി നടപടി, സെൻസസ് റിപ്പോർട്ട്, ഗസറ്റുകൾ, ഗവേഷണ ജേണലുകൾ, ദിനപത്രങ്ങൾ എന്നിവയുടെ വിപുലമായ ശേഖരമാണുള്ളത്. എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 10.30 മുതൽ 4.30 വരെയാണ് പ്രവൃത്തിസമയം.

അംഗീകൃത ഗൈഡിന്റെ ശുപാർശപ്രകാരം ഗവേഷണത്തിനെത്തുന്നവർ 300 രൂപ ഫീസടച്ചാൽ ആറു മാസത്തേക്ക് ഗവേഷണാനുമതി ലഭിക്കും. ഇത് സൗജന്യമായി ആറുമാസത്തേക്കുകൂടി പുതുക്കാം. നിശ്ചിത ഫീസടച്ചാൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭിക്കും. ഗവേഷകർക്ക് സിറോക്സ് കോപ്പിയും ലഭിക്കും. മൈക്രോഫിലിം കോപ്പി പരിശോധനയ്ക്കും ലഭ്യമാണ്.


ചുരുണ


ുരുണപ്പെട്ടി


ഗ്രന്ഥം

പുരാശേഖരങ്ങളുടെ പ്രദർശനവും ജില്ലാ കേന്ദ്രങ്ങളിലും മറ്റും നടത്താറുണ്ട്. പുരാരേഖാവബോധം സൃഷ്ടിക്കാനായി വിദ്യാർഥികൾക്കായി മുഖാമുഖം നടത്താറുണ്ട്. സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ആർക്കൈവൽ പ്രസിദ്ധീകരണങ്ങൾ വിൽപ്പനയ്ക്കുമുണ്ട്.

ലോകത്തിലെ ഏറ്റവും ബൃഹത്തായ താളിയോല ശേഖരമാണ് തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിലുള്ളത്. ഒരു കോടിയിലധികമുള്ള പ്രസ്തുത ശേഖരങ്ങളുടെ സംരക്ഷണവും ദൃശ്യവത്ക്കരണവും മൊഴിമാറ്റവുമുൾപ്പെടെ വൻ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്നത്.

ഒട്ടേറെ പ്രസിദ്ധീകരണങ്ങളും പുരാവസ്തു വകുപ്പിന്റേതായി ഇംഗ്ലീഷിലും മലയാളത്തിലും പുറത്തിറങ്ങുന്നുണ്ട്. ഏറെ പ്രാധാന്യമുള്ള പുരാവസ്തുവകുപ്പിന്റെ ശേഖരം കാണുവാൻ വിദ്യാർഥികൾക്കും ചരിത്രഗവേഷകർക്കും വിപുലമായ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പഠനയാത്രയിലും മറ്റും പ്രധാനമായി വിദ്യാലയങ്ങൾ ഉൾപ്പെടുത്തേണ്ട ഒന്നാണ് പുരാവസ്തു ശേഖര സന്ദർശനം.

തിരുവനന്തപുരത്തെ പുരാവസ്തുവകുപ്പ് ഓഫീസ്
ഫോൺ: 0471 2311547




മുളക്കരണം

■ വേറ്റിനാട് പി.എസ്. കുമാർ

# ആറന്മുളപ്പെരുമ

**കേരളീയസംസ്കൃതിയുടെ പ്രതീകങ്ങളായ ആറന്മുള കണ്ണാടിയും ഉതൃട്ടാതി വള്ളംകളിയും വള്ളസദ്യയും വഞ്ചിപ്പാട്ടുമെല്ലാം മലയാളിക്ക് അഭിമാനാർഹമായി വിരാജിക്കുന്നു.**

കേരളത്തിലെ പതിമൂന്നാമത്തെ ജില്ലയായ പത്തനംതിട്ട പിറന്നത് 1982 നവംബർ ഒന്നിനാണ്. 2642 കിലോമീറ്റർ ദൈർഘ്യമുള്ള വൈരുധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും മണ്ണ്.

പമ്പയും അച്ചൻകോവിലാറും മണിമലയാറും ജലസാന്നിധ്യമറിയിക്കുന്ന പത്തനംതിട്ടയുടെ പകുതിയിലധികം ഭൂമി വനമാണ്. പത്തോളം ഡാമുകൾ. ചരിത്രത്തിന്റെയും ഇതിഹാസത്തിന്റെയും കാൽപ്പാടുകൾ പതിച്ച നിരവധി സ്ഥലങ്ങൾ.

ആറന്മുള കണ്ണാടി, വാസ്തുവിദ്യാഗുരുകുലം, ഉതൃട്ടാതി വള്ളംകളി, കടമ്മനിട്ട പടയണി, ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തുമത സംഗമമായ മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ ഹിന്ദുമത സംഗമം, ശബരിമല കവിയൂർ ഗുഹാക്ഷേത്രം, കോന്നി ചിലന്തിയമ്പലം കഥകളി വഴിപാടുള്ള തിരുവല്ല ശ്രീവല്ലഭ ക്ഷേത്രം, പരുമലപ്പള്ളി, എടത്വാപള്ളി, മഞ്ഞനിക്കരപ്പള്ളി, ചന്ദനപ്പള്ളി, റാന്നി വലിയപള്ളി, പത്തനംതിട്ട ജുമാ മസ്ജിദ്, അഭിമന്യു പ്രതിഷ്ഠയുള്ള ഓമല്ലൂർ രക്തകണ്ഠേശ്വര ക്ഷേത്രം, മലയാലപ്പുഴ ക്ഷേത്രം, ആറന്മുള പാർഥസാരഥി ക്ഷേത്രം - പത്തനംതിട്ടയുടെ ഈടുവയ്പുകൾ ധാരാളം. സാഹിത്യത്തിലും അഭിമാനാർഹമായ പൈതൃകം.

ലോകഭൂപടത്തിൽ ആറന്മുളയുടെ സ്ഥാനം മഹത്തരമാണ്. കേരളീയസംസ്കൃതിയുടെ പ്രതീകങ്ങളായ ആറന്മുള കണ്ണാടിയും ഉതൃട്ടാതി വള്ളംകളിയും വള്ളസദ്യയും വഞ്ചിപ്പാട്ടുമെല്ലാം മലയാളിക്ക് അഭിമാനാർഹമായി വിരാജിക്കുന്നു.

## ആറന്മുള പള്ളിയോടങ്ങൾ

കാട്ടൂർ മങ്ങാട്ട് ഇല്ലത്ത് ബ്രാഹ്മണർക്ക് സദ്യ നൽകിയിരുന്ന കാലം. ഒരു ദിവസം സദ്യയുണ്ണാൻ ആരും ചെന്നില്ല. ഇത് ഭട്ടതിരിയെ വല്ലാതെ വേദനിപ്പിച്ചു. ഒരു ബാലൻ അവിടെയെത്തി ആഹാരം കഴിച്ചു മടങ്ങി. അന്നു രാത്രിയിൽ ഭട്ടതിരിക്ക് ഭഗവത് ദർശനമുണ്ടായി. ഇനി ഇവിടെ ഊട്ടു നടത്തുന്നതിനുപകരം ആറന്മുള ക്ഷേത്രത്തിലെത്തിച്ചാൽ മതിയെന്ന് അരുളപ്പാടുണ്ടായി. അതനുസരിച്ച് എല്ലാ വർഷവും മങ്ങാട്ട് ഇല്ലത്തുനിന്നും തിരുവോണ സദ്യയ്ക്കായി മങ്ങാട്ട് താമസിക്കുന്ന 18 കുടുംബക്കാർ ചേർന്ന് ശേഖരിക്കുന്ന വിഭവങ്ങൾ രാത്രിയാത്ര തിരിച്ച് വെളുപ്പിന് ക്ഷേത്രത്തിൽ എത്തിച്ചിരുന്നത് കെട്ടുവള്ളത്തിലായിരുന്നു.

ഒരിക്കൽ കള്ളന്മാരുടെ ആക്രമണം ഉണ്ടായി. അതിനുശേഷം കെട്ടുവള്ളത്തിന് അകമ്പടി സേവിക്കുന്നതിനായി ഉണ്ടാക്കിയ വള്ളങ്ങളായിരുന്നു





തിരുവാറന്മുളക്ഷേത്രം

പള്ളിയോടങ്ങൾ. ഇത് തിരുവോണത്തോണിക്ക് അകമ്പടിയായി ഇന്ന് പോകുന്നു. കരകളെ ആസ്പദമാക്കിയാണ് പള്ളിയോടങ്ങൾ നിർമിക്കുന്നത്. എല്ലാ ജാതിയിൽപ്പെട്ടവരും ഈ സംഘത്തിലുണ്ടാകും. കിഴക്ക് റാന്നി മുതൽ പടിഞ്ഞാറ് ചെന്നിത്തല വരെ വരുന്ന 50 കി.മീ. പ്രദേശമാണ് കര.

ഓരോ സംഘത്തിനും ഓരോ പള്ളിയോടങ്ങൾ. ആദ്യം 67 പള്ളിയോടങ്ങൾ ഉണ്ടായിരുന്നത് 22 ആയി കുറഞ്ഞെങ്കിലും ഇപ്പോൾ 50 വള്ളങ്ങൾ നിലവിലുണ്ട്. ഇത് ഭക്തിയുടെ ഭാഗമാണ്. പള്ളിയോടങ്ങൾ തന്നെ നിർമാണത്തിന്റെ വ്യത്യാസമനുസരിച്ച് എ, ബി എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. കുറഞ്ഞത് 16 മുതൽ 18 ലക്ഷം രൂപയാണ് നിർമാണച്ചെലവ്. ആഞ്ഞിലിത്തടിയാണ് നിർമാണത്തിന് ഉപയോഗിക്കുന്നത്. നിർമാണത്തിന് ഒരുവർഷമെടുക്കും. ആയിരൂരിലും നെടുമുടിയിലുമുള്ള ചില ആശാരി കുടുംബങ്ങളിൽപ്പെട്ടവരാണ് ഇതിൽ വിദഗ്ധർ. ചുണ്ടൻവള്ളങ്ങളിൽനിന്ന് വ്യത്യസ്തമാണ് പള്ളിയോടങ്ങളുടെ രൂപകല്പന. ഒരു ദീർഘവൃത്തത്തിന്റെ പകുതി മുറിച്ചുവച്ചപോലെ വള്ളത്തിന്റെ മൂന്നിലൊന്നുഭാഗമേ വെള്ളത്തിൽ സ്പർശിക്കു. ബാക്കിഭാഗം വില്ലുപോലെ ഉയർന്നുനിൽക്കും. എൻജിനീയറിങ്ങിൽ അത്ഭുതമായി ഇന്നും ഇത് നിലനിൽക്കുന്നതാണ് പള്ളിയോടങ്ങളെ കൗതുകക്കാഴ്ചയാക്കുന്നത്.

## ആറന്മുള ചരിത്രവും ഐതിഹ്യവും

തിരുവാറന്മുള ക്ഷേത്രത്തിന് 1200 വർഷം പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. നിലയ്ക്കലിൽ വന്യജീവികളുടെ ആക്രമണം കാരണം ആറു മുള കെട്ടിയ ചങ്ങാടത്തിൽ ഭഗവാൻ പടിഞ്ഞാറോട്ട് ഒഴുകിവന്നു എന്നും അകലെ ഒരു വീട്ടിൽ ഒരു പ്രകാശംകണ്ട് അവിടേക്ക് ചെന്നുതങ്ങിയെന്നും അതിനുശേഷം ഒരു കി.മീ. കിഴക്കായി ഇന്നത്തെ ആറന്മുളക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഇരുന്നു എന്നുമാണ് സങ്കല്പം. ആറു മുള കെട്ടി വന്നതിനാൽ ആ സ്ഥലം ആറന്മുളയായി. ഭഗവാൻ വിളക്കു കണ്ട് കയറിയ ഇടം വിളക്കുമാടമായി.

കല്ലുപാലത്തിങ്കൽ കുടുംബത്തിന്റേതാണ് വിളക്കുമാടമെന്ന ക്ഷേത്രം. പഴയ രീതിയിൽത്തന്നെ സംരക്ഷിച്ചുപോരുന്ന അവിടെ വർഷത്തിലൊരിക്കൽ സപ്താഹവും നടത്തുന്നു. തിരുവാറന്മുളയപ്പന്റെ ഉത്സവം കൊടിയേറുന്ന പറയെടുപ്പ് ആരംഭിക്കുന്നത് വിളക്കുമാടത്തിൽനിന്നുമാണ്. ആറു മുള, ആറു ഭാഗത്തായി വച്ചതിനു ശേഷമാണ് കൊടിയേറ്റം.

## വള്ളസദ്യ

അഭീഷ്ടകാര്യസാധ്യത്തിനായി ഭക്തർ തിരുവാറന്മുള ഭഗവാന് നൽകുന്ന വഴിപാടാണ് വള്ളസദ്യ. തിരുവോണത്തോണിയിൽ മങ്ങാട്ട് ഇല്ലത്തുനിന്നും എത്തിക്കുന്ന വിഭവങ്ങൾ ക്ഷേത്രത്തിൽ സദ്യയൊരുക്കി നൽകിയിരുന്ന ചടങ്ങാണ് വള്ളസദ്യ. ചിങ്ങം ഒന്നു മുതൽ ഭക്തർ നേർച്ചയായി സദ്യനടത്തും. 50 മുതൽ ഇന്ന് 500 സദ്യകൾവരെ പ്രതിവർഷം നടക്കുന്നുണ്ട്. എല്ലാ കരക്കാരും ഇതിൽ പങ്കെടുക്കുന്നുണ്ട്. തിരുവോണദിവസം കാട്ടൂർകാരുടേതാണ് സദ്യ. 63 കൂട്ടം വിഭവങ്ങളാണ് ഒരുക്കുന്നത്. ഭക്തരെയും ഭഗവാനെയും ഒന്നായി കാണുന്ന സങ്കല്പം. അതാണ് വള്ളസദ്യകൊണ്ട് ഉദ്ദേശിക്കുന്നത്.

സദ്യ നടത്തുന്നവർ ഒരു കരയിൽ നിന്നും തോണി ഒരുക്കി വഞ്ചിക്കാർക്ക് ദക്ഷിണ നൽകി വഞ്ചിയിൽ കയറി തുഴച്ചിൽക്കാരും വഞ്ചിപ്പാട്ടുകാരുമൊപ്പം ക്ഷേത്രക്കടവിലെത്തി അവിടെ വെറ്റില, പുകയില തുടങ്ങിയ ദക്ഷിണ നൽകി സ്വീകരിച്ചശേഷം ക്ഷേത്രം വലംവച്ച്, പാടി പറതെളിയിക്കൽ ചടങ്ങ് നടത്തും. തുടർന്ന് സദ്യവിളമ്പുന്നു. സദ്യയ്ക്ക് ആവശ്യമായവ പാടിവരുത്തുന്നതാണ് ഇതിന്റെ പ്രത്യേകത. പാട്ടിലൂടെ ആവശ്യപ്പെടുന്നതു നൽകണം എന്നതാണ്.

അഞ്ചു കൂട്ടം പായസം, അഞ്ചു കൂട്ടം ഉപ്പേരി, ഒഴുകറി, ചീര, മടന്ത, തകര, തോരനുകൾ, മിഴുക്ക്, ചമ്മന്തിപ്പൊടി, നെല്ലിക്ക,



വള്ളസദ്യ



വഞ്ചിപ്പാട്ട്

അമ്പഴങ്ങ തുടങ്ങിയ അച്ചാറുകൾ അങ്ങനെ നീളുന്നു. 47 പള്ളിയോടങ്ങളും അഷ്ടമിരോഹിണിനാളിൽ പങ്കെടുക്കും. 350 ഓളം ജോലിക്കാർ ഇതിനായുണ്ട്. വള്ളസദ്യയ്ക്കുശേഷം ക്ഷേത്രപ്രദക്ഷിണം വച്ച് തുഴക്കാരെ കടവിൽ എത്തിക്കണം.

## വഞ്ചിപ്പാട്ട്

വഞ്ചിപ്പാട്ടിന് കിഴക്കനെന്നും പടിഞ്ഞാറനെന്നും രണ്ടു ശൈലികളാണ് ഉള്ളത്. ആലപ്പുഴ കുട്ടനാടൻ പ്രദേശങ്ങളിൽ ദ്രുതഗതിയിലുള്ള താളത്തിൽ ചിട്ടപ്പെടുത്തിയവയും കിഴക്ക്, ആറന്മുളയിലാകട്ടെ മന്ദഗതിയിലുള്ള താളചിട്ടയുമാണ്. കുചേലവൃത്തം, ഭീഷ്മപർവം, നളചരിതം, ആറന്മുള ചരിതം, സന്താനഗോപാലം, കൃഷ്ണലീല, പാലാഴിമഥനം തുടങ്ങിയ കഥകളാണ് പാടിവരുന്നത്. നതോന്നത വൃത്തത്തിൽ രചിക്കപ്പെട്ടവയാണ് വഞ്ചിപ്പാട്ടുകൾ. ഭക്തിസാന്ദ്രമായ ഭഗവത് കഥകൾ പാടുമ്പോൾ തുഴക്കാർക്ക് ആയാസം കുറയുന്നു, തുഴച്ചിലിന് ശക്തി കൂടുന്നു. രാമപുരത്തു വാരിയരുടെ വഞ്ചിപ്പാട്ടിന്റെ വരവോടെയാണ് ഇത് ഒരു സാഹിത്യശാഖയായി ത്തീർന്നത്. രാമപുരത്തു വാര്യരുടെ വഞ്ചിപ്പാട്ടാണ് ആദ്യവഞ്ചിപ്പാട്ട്.

തിരുവിതാംകൂർ ഭരിച്ചിരുന്ന മാർത്താണ്ഡവർമ മഹാരാജാവ് വൈക്കത്ത് ദേവസന്ദർശനത്തിനായി എഴുന്നള്ളിയതറിഞ്ഞ് രാമപുരത്തു വാര്യർ അവിടെയെത്തി. തിരുവനന്തപുരത്തേക്കുള്ള യാത്രാമധ്യേ യാത്ര രസകരമാക്കാൻ വാര്യർ മഹാരാജാവിന് വഞ്ചിപ്പാട്ടു ചൊല്ലിക്കേൾപ്പിച്ചത്രേ. അതാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. ആറന്മുളയെ സംബന്ധിച്ചിടത്തോളം ഓരോ കരയിലുമുണ്ട് പാട്ടുകാർ.

ഒഴുക്കിനെതിരെ തുഴഞ്ഞുവരുന്ന ജലഘോഷയാത്ര വള്ളക്കാർ തുഴയുമ്പോൾ പാടുന്ന 'വച്ചുപാട്ട്' ആറന്മുളയുടെ പ്രത്യേകതയാണ്. ഭഗവാനെ സ്തുതിക്കുക, കരക്കാരെ സ്തുതിക്കുക, നേർച്ചക്കാരെ സ്തുതിക്കുക, സദ്യയുടെ വിഭവങ്ങൾ പാടിവരുത്തുക തുടങ്ങിയ ഒട്ടനവധി രീതികൾ ആറന്മുള വഞ്ചിപ്പാട്ടിലുണ്ട്. കൈതാളം മാത്രമേയുള്ളു. വഞ്ചിപ്പാട്ടിൽ ഉച്ചസ്ഥായിയിലാണ് പാടേണ്ടത്. എങ്കിലേ മറ്റ് വള്ളക്കാർ കേൾക്കൂ.

തിരുവാറന്മുളയപ്പാ, തിത്തത്താതെയ്
തെയ് തോം
തിരുവാറന്മുളയപ്പാ കൃഷ്ണാ
ഭഗവാനെ
തെയ് തെയ് തെയ് തേ തേ തകു
തിത്തത്താ
തെയ് തെയ് തോം .......



ആറന്മുള കണ്ണാടിയുടെ നിർമ്മാണം

## ഉതൃട്ടാതി വള്ളംകളി

പമ്പാനദിയിൽ ചിങ്ങമാസത്തിലെ ഉതൃട്ടാതി നാളിൽ നടക്കുന്ന ജലോത്സവമാണ് ഉതൃട്ടാതി വള്ളംകളി. ആറന്മുളഭഗവാന് തിരുവോണത്തോണിക്ക് അകമ്പടിപോയ പള്ളിയോടങ്ങൾ എത്തുന്നത് രാത്രികാലങ്ങളിലായതിനാൽ ഈ കാഴ്ച ജനങ്ങൾക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ഓണാഘോഷങ്ങളുടെ സമാപനംകുറിക്കുന്ന ഉതൃട്ടാതിനാളിൽ എല്ലാ വള്ളങ്ങളും പങ്കെടുക്കുന്ന ജലോത്സവം നടത്താൻ നിശ്ചയിച്ചു. അതാണ് ഉതൃട്ടാതി ജലോത്സവം.

താളമേളങ്ങൾക്കൊപ്പം ഗാനശീലുകൾ ഉതിർത്തുകൊണ്ട് തലയെടുപ്പും തടിക്കൊഴുപ്പുമുള്ള പള്ളിയോടങ്ങൾ കുതിച്ചുകയറിവരുന്ന കാഴ്ച നയനാഭിരാമം തന്നെ. ദൃശ്യസുന്ദരമായ കാഴ്ചകാണാൻ ധാരാളം ആളുകൾ എത്തുന്നു. ആഗോളപ്രശസ്തിയുള്ള ജലോത്സവമാണ് ഉതൃട്ടാതി വള്ളംകളി.

## ആറന്മുള കണ്ണാടി

ആറന്മുളയുടെ പ്രതാപം വിളിച്ചറിയിക്കുന്ന കണ്ണാടി. ലോകമെമ്പാടും അതിന്റെ പ്രകാശം എത്തിക്കഴിഞ്ഞു.

അഞ്ച് നൂറ്റാണ്ടു മുമ്പ് പാർഥസാരഥി ക്ഷേത്രനിർമാണത്തിന് തിരുനെൽവേലിക്കടുത്ത ശങ്കരൻ കോവിലിൽനിന്നും വന്നവരാണ് ഈ കണ്ണാടിയുടെ രഹസ്യ നിർമാണം കണ്ടുപിടിച്ചത്. പാത്രനിർമാണത്തിൽ അദ്വിതീയരായ ഇവർ ക്രമേണ അലസരായി. ക്ഷുഭിതനായ രാജാവ് ശിക്ഷ വിധിച്ചു. കോപം ശമിപ്പിക്കാൻ എന്തെങ്കിലും വിശിഷ്ടസമ്മാനം നൽകാൻ അവർ തീരുമാനിച്ചു. ആ അന്വേഷണമാണ് കണ്ണാടിനിർമാണത്തിന് സഹായിച്ചത്. തലമുറകളുടെ പാരമ്പര്യം അവകാശപ്പെടുന്നതാണ് ആറന്മുള കണ്ണാടി. ആറന്മുള ക്ഷേത്രത്തിനുടുത്ത് ഏഴു കുടുംബക്കാരാണ് ഇന്ന് കണ്ണാടിനിർമാണവുമായി ബന്ധപ്പെട്ട് ജീവിക്കുന്നത്.

ചെമ്പും വെളുത്തീയവും പ്രത്യേക അനുപാതത്തിൽ മിശ്രണം ചെയ്താണ് കണ്ണാടി ഉണ്ടാക്കുന്നത്. മണൽ കലരാത്ത പുഞ്ചമണ്ണും മേച്ചിൽ ഓടും പഴയ ചണച്ചാക്കും ചേർത്ത് അരച്ചുകുഴച്ചെടുത്ത അച്ചിൽ ലോഹക്കൂട്ട് ഒഴിച്ച്, അതു തണുത്തശേഷം വാട്ടർ പേപ്പറിലും, തുടർന്ന് ചാക്ക്, വെൽവെറ്റ്, കോട്ടൺ തുണികളിൽ തേച്ച് അവസാനം വെൽവെറ്റിൽ ഫിനിഷ് ചെയ്യുന്നു. കണ്ണാടി പ്രതിബിംബിക്കുന്നതുവരെ തേക്കുക എന്നതാണ് ഈ ജോലിയിലെ ഏറ്റവും പ്രയാസകരമായ കാര്യം. ജിയോളജിക്കൽ ഇൻഡിക്കേഷൻ ഡിപ്പാർട്ടുമെന്റ് പേറ്റന്റ് എടുത്തിട്ടുള്ള പ്രോജക്ടാണിത്. 2000 മുതൽ 25000 രൂപ വരെ വിലയുള്ള കണ്ണാടിയുണ്ട്. ■



ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ

ഐ & പിആർഡിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മാധ്യമപ്രവർത്തകർ നടത്തിയ ഉത്തരാഞ്ചൽ പഠനയാത്രയെ അധികരിച്ച് തയാറാക്കിയ യാത്രാവിവരണം

# ദേവഭൂമി ഉത്തരാഞ്ചൽ

*ആർഷഭാരതസംസ്കാരത്തിന് നിത്യചൈതന്യമേകുന്ന ഹിമാലയ ഗിരിശൃംഗങ്ങൾ ഔന്നത്യത്തിലും ഗഹനതയിലും എന്നും മുന്നിൽത്തന്നെയാണ്. നമ്മുടെ വേദങ്ങളിലും പുരാണങ്ങളിലും നിഴലിട്ടു നിൽക്കുന്ന ഭാരതീയദർശനം ജന്മം കൊണ്ടത് ഹിമാലയസാനുക്കളിലാണ്. യുഗയുഗങ്ങളായി ആയിരക്കണക്കിന് ഋഷിവര്യന്മാർ തപസനുഷ്ഠിച്ചത് ഹിമാലയത്തിലല്ലാതെ മറ്റെങ്ങുമല്ല. പരമജ്ഞാനികളായ ഋഷിമാരിലൂടെ അനേകം ശാസ്ത്രശാഖകൾക്ക് ആധാരമായ വെളിപാടുകൾ പ്രവഹിച്ചത് ഈ ഗിരിനിരകളിൽ നിന്നാണ്. അവരുടെ ജ്ഞാനസമ്പാദനത്തിനും ജീവിതവൃത്തിക്കും നിദാനമായതും ഈ പുണ്യഭൂമിയാണ്. അതുകൊണ്ടുതന്നെ ലോകത്തിലെ ഏറ്റവും പൗരാണികമായ തീർഥാടനകേന്ദ്രങ്ങളായി ഹിമാലയസാനുക്കൾ നിലകൊള്ളുന്നു.*

*ലോകമെമ്പാടും വളർന്നുവന്ന സംസ്കൃതികളൊക്കെത്തന്നെയും നദീതടങ്ങളിലും ഗിരിശൃംഗങ്ങളിലുമാണെന്നു കാണാം. ഹിമവൽ ചൈതന്യം വിജ്ഞാനസ്രോതസ്സുകളായി ഒഴുകിയിറങ്ങിയ ഈ ഭൂമികയിൽ പദമൂന്നുന്നവർക്ക് അവരറിയാതെ തന്നെ അനിർവചനീയമായ അനുഭൂതിവിശേഷങ്ങൾ അനുഭവവേദ്യമാകുന്നത് സ്വാനുഭവത്തിലൂടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ...*

വിവര പൊതുജനസമ്പർക്കവകുപ്പ് കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മാധ്യമപ്രവർത്തകർക്കായി അനുവദിച്ച 16 ദിവസത്തെ ഉത്തരാഞ്ചൽ പഠനയാത്രയിലെ സർക്കാർ പ്രതിനിധിയായ ഞാനും 21 മാധ്യമപ്രവർത്തകരും ഫെബ്രുവരി മാസത്തിലെ അവസാന ശനിയാഴ്ച എറണാകുളം റെയിൽവേ സ്റ്റേഷനിൽ നിന്നും മംഗള എക്സ്പ്രസിൽ യാത്ര തിരിച്ചു. യാത്രയ്ക്കുവേണ്ട മുന്നൊരുക്കങ്ങൾ കോട്ടയം പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ

വളരെ മുൻപേ തന്നെ ആരംഭിച്ചിരുന്നു.

മുൻകൂട്ടി സന്ദർശനാനുമതി ആവശ്യമായ സ്ഥലങ്ങളിൽ ബന്ധപ്പെട്ടവർക്ക് കത്തുകളയച്ചും ടെലിഫോണിലൂടെ ബന്ധപ്പെട്ടും അനുമതി ഉറപ്പാക്കുകയും സന്ദർശനസമയം നിശ്ചയിക്കുകയും ചെയ്തു.

ഞങ്ങളുടെ യാത്ര ഓഫ് സീസൺ സമയത്തായിരുന്നതിനാൽ കഠിനമായ ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് യാത്രാസംഘത്തെ കാത്തിരിക്കുന്നതെന്ന ബോധ്യത്തോടെ പ്രഥമ ശുശ്രൂഷയ്ക്കാവശ്യമായ മരുന്നുകൾ, പഴം, ബിസ്ക്കറ്റ് തുടങ്ങി ശുദ്ധജലം വരെ വാങ്ങി പായ്ക്ക് ചെയ്ത് സൂക്ഷിച്ചിരുന്നു. ഹിമാലയ പർവതത്തിന്റെ നിഗൂഢത നിറഞ്ഞ താഴ്‌വാരങ്ങളിൽ രണ്ടാഴ്ചക്കാലത്തോളം സഞ്ചരിച്ച് കണ്ണും കരളും വിസ്മയക്കാഴ്ചകൾകൊണ്ട് നിറയ്ക്കുവാൻ ലഭിച്ച അവസരം ഭാഗ്യമാണ്.

ശനിയാഴ്ച രാത്രിയിൽ ഞങ്ങൾ കൊങ്കൺ പാതയിലൂടെ സഞ്ചരിച്ചു. വിസ്മയകരമായ അനുഭവം. ദൈർഘ്യമേറിയ പാലങ്ങളും കിലോമീറ്ററുകൾ നീളുന്ന തുരങ്കങ്ങളും ഉപരിതലത്തിൽ കൂടി സഞ്ചരിക്കുന്നതിനെക്കാളേറെ ഭൂഗർഭത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ഒന്നിനു പുറകേ ഒന്നായി തുരങ്കങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം രാജ്യം എൻജിനീയറിങ് വൈദഗ്ദ്ധ്യത്തിൽ തദ്ദേശീയമായി നേടിയ മുന്നേറ്റത്തെക്കുറിച്ച് ഞങ്ങൾ അഭിമാനത്തോടെ ഓർത്തു. ഇന്ത്യയിലെ ഏറ്റവും വലിയ തുരങ്കമായ കാർബുഡെ തുരങ്കത്തിലൂടെ ട്രെയിൻ കടന്നുപോയപ്പോൾ ജനാലയിലൂടെ പുറത്തേക്ക് നോക്കി അത്ഭുതം കൂറി. ആറര കിലോമീറ്റർ നീളമുള്ള ആ തുരങ്കത്തിലൂടെ യാത്ര ചെയ്തപ്പോൾ കൊങ്കൺ പാതയുടെ സ്രഷ്ടാവായ കെ. ശ്രീധരൻ എന്ന മലയാളി എൻജിനീയറുടെ പ്രാഗത്ഭ്യവും മാനേജ്മെന്റ് വൈദഗ്ധ്യവും ഞങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. യാത്രയുടെ അവസാന ദിവസങ്ങളിൽ ഡൽഹി മെട്രോ റെയിലിൽ യാത്ര ചെയ്യുമ്പോഴും മനസ്സിൽ സ്മരിച്ച നാമം ശ്രീധരൻ എന്നതായിരുന്നു. ഭൂഗർഭത്തിലും ആകാശത്തിലും കുതിച്ചു പായുന്ന ഡൽഹി മെട്രോ റെയിലിന്റെ പിന്നിലും ശ്രീധരൻ എന്ന മലയാളിയുടെ ധിഷണാവൈഭവം തന്നെയാണല്ലോ.

കർണാടകവും ഗോവയും കടന്ന് രണ്ടാം ദിവസം ട്രെയിൻ മഹാരാഷ്ട്രയിൽ. കണ്ണെത്താ ദൂരത്തോളം ഗോതമ്പും നെല്ലും ബാർലിയും കരിമ്പും വിളഞ്ഞു കിടക്കുന്ന പാടങ്ങൾ. ഈ കാഴ്ച ഞങ്ങളെ ചിന്തിപ്പിച്ചു. ഉപഭോക്തൃസംസ്ഥാനം എന്ന നിലയിലേക്ക് ഒതുങ്ങി കൃഷിയെയും ഉത്പാദനരംഗത്തെയും കേരളം നിഷ്കരുണം തഴഞ്ഞത് ചർച്ചാവിഷയമായി. ഒരുകാലത്ത് ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ സ്വയംപര്യാപ്തി നേടിയിരുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്?



കൊങ്കൺ റെയിൽപാത


തരിശായിട്ടിരിക്കുന്ന പാടങ്ങളെ മറന്നുകൊണ്ട് നമ്മൾ അന്യസംസ്ഥാനങ്ങളിൽനിന്ന് അരിയും നിറച്ചെത്തുന്ന റെയിൽ വാഗണുകൾക്കായി കാത്തിരിക്കുന്നു.

ദൈർഘ്യമേറിയ പാലങ്ങളും കിലോമീറ്ററുകൾ നീളുന്ന തുരങ്കങ്ങളും ഉപരിതലത്തിൽക്കൂടി സഞ്ചരിക്കുന്നതിനെക്കാളേറെ ഭൂഗർഭത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ഒന്നിനു പുറകേ ഒന്നായി തുരങ്കങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം രാജ്യം എൻജിനീയറിങ് വൈദഗ്ധ്യത്തിൽ തദ്ദേശീയമായി നേടിയ മുന്നേറ്റത്തെക്കുറിച്ച് ഞങ്ങൾ അഭിമാനത്തോടെ ഓർത്തു.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിൽ മാധ്യമങ്ങൾ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട് എന്നതും ചർച്ച ചെയ്യപ്പെട്ടു.

ചർച്ചയുടെ പിരിമുറുക്കം കുറയ്ക്കാനായി പഴയ സിനിമാ ഗാനങ്ങൾ ആലപിച്ചും തമാശകൾ പൊട്ടിച്ചും പരസ്പരം കളിയാക്കിയുമൊക്കെയായിരുന്നു യാത്ര. കംപാർട്ടുമെന്റിൽ ഒന്നുമുതൽ 22 വരെയുള്ള സീറ്റുകളും ബർത്തുകളുമായിരുന്നതിനാൽ ഞങ്ങൾക്ക് ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഒത്തുകൂടാൻ കഴിഞ്ഞു. ഇടയ്ക്കിടെ കംപാർട്ടുമെന്റിലെ മറ്റ് യാത്രക്കാരും ഞങ്ങളുടെ ചൂടേറിയ ചർച്ചകളിലും പാട്ടുകളിലും പങ്കെടുക്കാൻ എത്തിക്കൊണ്ടിരുന്നു.

മൂന്നാം ദിവസം രാവിലെ മധ്യപ്രദേശ് പിന്നിട്ട് ട്രെയിൻ ഉത്തർപ്രദേശിലേക്ക് കടന്നു. ചമ്പൽക്കാടുകളുടെ പഴയ സ്മരണകൾ. ഒരു കാലത്ത് രാജ്യം നേരിട്ട പ്രധാന ക്രമസമാധാനപ്രശ്നം ചമ്പൽകൊള്ളക്കാരുടേതായിരുന്നു. ഇന്നത്തെ കൊടിയ ഭീകരവാദവുമായി താരതമ്യം ചെയ്യുമ്പോൾ അതെത്ര നിസ്സാരമായിരുന്നുവെന്ന് തോന്നിപ്പോയി. വാർത്തകളിലൂടെ ഭീതി പരത്തിയപ്പോൾത്തന്നെ നോവലുകളിലൂടെയും സിനിമകളിലൂടെയും താരപരിവേഷം നേടിയ ചമ്പൽക്കൊള്ളക്കാരെപ്പറ്റി ഞങ്ങൾ സംസാരിച്ചു. അവരിൽ ഒരാളായ



ഫൂലൻദേവി പാർലമെന്റ് അംഗമായതും അവരുടെ അന്ത്യവും ഉത്തരേന്ത്യയിലെ ജാതീയതിൽ അധിഷ്ഠിതമായ സാമൂഹിക-സാമ്പത്തിക സംവിധാനവുമൊക്കെ ഞങ്ങളുടെ ചർച്ചയ്ക്കു വിഷയമായി.

ഉച്ചയോടെ ട്രെയിൻ ആഗ്ര കൺടോൺമെന്റ് സ്റ്റേഷനിൽ എത്തി. ടൂർ ഓപ്പറേറ്ററായ വിവേകാനന്ദാ ട്രാവൽസ് ഏർപ്പാടു ചെയ്ത ടൂറിസ്റ്റ് ബസ് സ്റ്റേഷനിലെ പാർക്കിങ് ഏരിയായിലുണ്ടായിരുന്നു. ഇനി ഈ ബസിലാണ് ഞങ്ങളുടെ യാത്ര. വിവേകാനന്ദാ ട്രാവൽസിന്റെ ടൂർ മാനേജർ സി. രാംദാസ് ടൂറിസ്റ്റ് ബസിന്റെ ഡ്രൈവർ രാജേന്ദിർ സിംഗിനെയും സഹായി ദേവ് സിങ്ങിനെയും പരിചയപ്പെടുത്തി. ആഗ്രയിലെ ഹോട്ടൽ ഡിലൈറ്റ് പ്ലാസയിലായിരുന്നു ഭക്ഷണവും താമസവും. ഹോട്ടലിലെത്തി ഒന്ന് ഫ്രഷ് ആയപ്പോഴേക്കും ഊണ് തയാറായി. വിവേകാനന്ദാ ട്രാവൽസിന്റെ തന്നെ പാചകക്കാരായ വിജയൻ, രാജു, യാത്രാ സഹായി ബിജേഷ് എന്നിവർ തലേദിവസം തന്നെ ആഗ്രയിലെത്തിയിരുന്നു. ഇനിയുള്ള ദിവസങ്ങളിൽ ഇവരും ഞങ്ങളെ അനുഗമിക്കും. പരിചയമില്ലാത്ത ഭക്ഷണം കഴിച്ച് അസുഖം വന്ന് യാത്ര തടസപ്പെടാതിരിക്കാനായി കേരളീയ ഭക്ഷണം തയ്യാറാക്കാൻ മലയാളി പാചകക്കാർ ഒപ്പം വേണമെന്ന ഞങ്ങളുടെ ആവശ്യം പരിഗണിച്ചാണ് വിവേകാനന്ദാ ട്രാവൽസ് ഈ സംവിധാനമേർപ്പെടുത്തിയത്.

സസ്യാഹരമാണ് നേരത്തേ നിശ്ചയിച്ചിരുന്നതെങ്കിലും ദിവസവും ഒരു നേരം മത്സ്യമോ മാംസമോ വേണമെന്നുള്ള ഞങ്ങളുടെ ആവശ്യം അനുസരിച്ച് പാചകക്കാർ അതും നന്നായി പാചകം ചെയ്തു തന്നു. പക്ഷിപ്പനി ഭീതി മൂലം ചിക്കൻ ഒഴിവാക്കി മട്ടനാണ് പ്രാധാന്യം കൊടുത്തത്. എന്നാൽ ഉത്തരാഞ്ചലിലെ ഉയർന്ന പ്രദേശങ്ങളിലെത്തിയപ്പോൾ ഞങ്ങൾ ചിക്കൻ ആവശ്യപ്പെട്ടു. പക്ഷിപ്പനി വൈറസ് ഹിമാലയം കയറില്ല എന്ന ഉറച്ച വിശ്വാസത്തോടെ സംഘാംഗങ്ങൾ ചിക്കനുവേണ്ടി വാദിച്ചു. രണ്ടുദിവസം ചിക്കൻ കഴിക്കുകയും ചെയ്തു. സംഘത്തിലെ രണ്ടുപേർ സസ്യാഹാരികളായിരുന്നു. എന്നാൽ മറ്റുള്ളവർ ചിക്കൻ കഴിക്കണമെന്നും അതുവഴി പാവപ്പെട്ട കോഴിക്കൃഷിക്കാരെ സഹായിക്കണമെന്നുമായിരുന്നു അവരുടെ നിലപാട്! പക്ഷിപ്പനി വൈറസ് മനുഷ്യരിൽ മാരകമല്ലെന്നും ട്രോപ്പിക്കൽ കാലാവസ്ഥയിൽ വൈറസ് എളുപ്പത്തിൽ പകരില്ലെന്നും ഇറച്ചി നന്നായി വേവിച്ചാൽ വൈറസ് നശിച്ചുപോകുമെന്നും തുടങ്ങിയ ശാസ്ത്രീയ നിരീക്ഷണങ്ങൾ ഉപയോഗിച്ചാണ് ചിക്കൻ എന്ന ദൗർബല്യത്തെ ഞങ്ങൾ ന്യായീകരിച്ചത്. നാടൻകോഴികളെ ജീവനോടെ പരിശോധിച്ച് ആരോഗ്യം ഉറപ്പുവരുത്തി മാത്രമേ വാങ്ങൂ എന്നും രാംദാസ് ഞങ്ങൾക്ക് ഉറപ്പും നൽകിയിരുന്നു.

ഭക്ഷണം കഴിഞ്ഞ് നേരെ ആഗ്രാ കോട്ടയിലേക്ക് പോയി. ഞങ്ങളുടെ ആദ്യസന്ദർശന സ്ഥലം. മുഗൾ സാമ്രാജ്യത്തിന്റെ പ്രൗഢിയും കലാവിരുതും നൂറ്റാണ്ടുകൾക്കിപ്പുറവും വിളിച്ചോതുന്ന ആഗ്രാ ഫോർട്ട്. അക്ബർ ചക്രവർത്തിയുടെ കാലത്ത് നിർമിച്ചതാണ് ഈ കോട്ട. പിന്നീട് ജഹാംഗീർ, ഷാജഹാൻ, ഔറംഗസീബ് തുടങ്ങിയവർ കോട്ടയോടു ചേർന്ന് ചില കൂട്ടിച്ചേർക്കലുകൾ നടത്തി. കോട്ടയ്ക്കു ചുറ്റുമുള്ള വലിയ കിടങ്ങും പഴയകാല എൻജിനീയറിങ്ങിൽ ഒരുക്കിയ പ്രതിരോധസംവിധാനവും ഞങ്ങളെ ഏറെ ആകർഷിച്ചു. കോട്ടയെക്കുറിച്ചുള്ള വിവരങ്ങൾ പറഞ്ഞു തരാനായി ആഗ്രാക്കാരനായ ഒരു ഗൈഡിനെയും ഞങ്ങൾ ഒപ്പം കൂട്ടി. വിശാലമായ മുറികൾ, ഉദ്യാനം, ജഹാംഗീറിന്റെ രാജസദസ്സ്, അന്തഃപുര സ്ത്രീകൾക്കായി പേർഷ്യൻ വ്യാപാരികൾ രത്നവില്പന നടത്തിയ സ്ഥലം, മൂവായിരം കിലോഗ്രാം ഭാരമുള്ള രാജകീയ ബാത്ത് ടബ്ബ്, വഴക്കടിക്കുന്ന ഭാര്യമാരെ മെരുക്കാനിട്ടിരുന്ന നിലവറ, യമുനയിൽ തെളിയുന്ന താജ്മഹലിന്റെ ചിത്രം നോക്കി ഷാജഹാൻ ചക്രവർത്തി തന്റെ അന്ത്യനാളുകൾ കഴിച്ചുകൂട്ടിയ തടവറ, നീരൊഴുക്കു കുറഞ്ഞ മാലിന്യവാഹിനിയായ യമുനാനദി. അങ്ങനെ ഒത്തിരി ഒത്തിരി കാഴ്ചകൾ. ഞങ്ങളുടെ ക്യാമറകൾ കാഴ്ചകളൊക്കെയും ഒപ്പിയെടുത്തിരുന്നു. മുൻ പ്രാധാനമന്ത്രി ജവാഹർലാൽ നെഹ്റു ഏഴുതുകയുണ്ടായി: ആഗ്രയിലെ ഓരോ മണൽത്തരിക്കും കല്ലിനും നാവുണ്ടായിരുന്നെങ്കിൽ അവ ഓരോരോ വീരകഥകൾ പറഞ്ഞേനെ...

## താജ്മഹൽ

ലോകത്തിലെ ഏറ്റവും മനോഹരമായ നിർമിതി. അനശ്വരപ്രണയത്തിന്റെ അത്ഭുത സൗധം. ചരിത്രവും മാനുഷിക വികാരങ്ങളും ഇഴചേർന്ന ഈ മാർബിൾ വിസ്മയം ഒരു നോക്കുകാണുന്നതിന് സ്വദേശികളും വിദേശികളുമായ ആയിരക്കണക്കിന് സന്ദർശകർ ഒഴുകിയെത്തുന്നു. 1631 ജൂൺ ഏഴാം തീയതി 39-ാം വയസ്സിൽ തന്നെ വിട്ടുപിരിഞ്ഞ മുംതാസ് മഹലിന്റെ സ്മരണയ്ക്കായി യമുനയുടെ കരയിൽ ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ച ഈ വെണ്ണക്കൽ ശില്പം ലോകാത്ഭുതമായതിൽ അതിശയിക്കാനില്ല. പത്തൊൻപത് വർഷത്തെ ദാമ്പത്യജീവിതത്തിൽ 14 കുട്ടികൾക്ക് മുംതാസ് ജന്മം നൽകിയിരുന്നു.

താജ്മഹലിന്റെ നിർമാണം തുടങ്ങിയത് 1631 ഡിസംബറിലാണ്. നീണ്ട 22 വർഷങ്ങൾകൊണ്ട് 20,000 ജോലിക്കാരാണ് തൂവെള്ള മാർബിളിൽ ഈ ശില്പം തീർത്തത്. താജിന്റെ മുഖ്യ കവാടത്തിനു മുകളിൽ കാണുന്ന 22 താഴികക്കുടങ്ങൾ, പ്രവേശനദ്വാരം കടന്നാൽ കാണുന്ന 22 ഉദ്യാനങ്ങൾ എന്നിവ 22 വർഷങ്ങളെയാണ് സൂചിപ്പിക്കുന്നത്.

മുഖ്യസൗധത്തിന്റെ താഴത്തെ അറയിൽ മുംതാസിന്റെയും ഷാജഹാന്റെയും ശവകുടീരങ്ങൾ കണ്ടു. ■

(തുടരും...)

> മധ്യപ്രദേശ് പിന്നിട്ട് ട്രെയിൻ ഉത്തർപ്രദേശിലേക്ക് കടന്നു. ചമ്പൽക്കാടുകളുടെ പഴയ സ്മരണകൾ. ഒരു കാലത്ത് രാജ്യം നേരിട്ട പ്രധാന ക്രമസമാധാന പ്രശ്നം ചമ്പൽകൊള്ളക്കാരുടേതായിരുന്നു. ഇന്നത്തെ കൊടിയ ഭീകരവാദവുമായി താരതമ്യം ചെയ്യുമ്പോൾ അതെത്ര നിസ്സാരമായിരുന്നുവെന്ന് തോന്നിപ്പോയി.

# അവർ വെളിച്ചത്തിനായി കാത്തിരുന്നു
# മുഖ്യമന്ത്രി തുണയായി

**ഉദ്യോഗസ്ഥരുടെ സമീപനം മൂലമോ നടപടിക്രമങ്ങളുടെ കാർക്കശ്യംമൂലമോ പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾപരിഹരിച്ച് മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടി ആയിരങ്ങൾക്ക് പ്രതീക്ഷയുടെ പുതുജീവൻ നൽകുകയാണ്. ചില അനുഭവ സാക്ഷ്യങ്ങൾ...**




വിഛേദിച്ച വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ വൃദ്ധദമ്പതികൾ കയറാത്ത അധികാരസ്ഥാപനങ്ങളില്ല. വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ സുതാര്യകേരളം വഴി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉത്തരവിട്ടതോടെ ഇവരുടെ നിരന്തരയാതനയ്ക്ക് അറുതിയായി. വീട്ടിൽ വെളിച്ചവുമെത്തി.

കല്ലൂർ പൂണിശ്ശേരി ചിരിയങ്കണ്ടത്ത് ദേവസ്സിയും (84) ഭാര്യ ത്രേസ്യയും (78) രണ്ടുവർഷമായി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് അക്ഷരാർഥത്തിൽ അലയുകയായിരുന്നു. തൃശൂർ പഞ്ചായത്തിലെ ആറാം വാർഡിൽ 10 ഡി നമ്പർ വീട്ടിലാണ് താമസം. മകളുമൊത്ത് താമസിക്കവേ ഇവർക്ക് 2009 ഒക്ടോബർ ഒന്നിന് വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നു. പിറ്റേന്ന് രാവിലെ 11-ന് ഉദ്യോഗസ്ഥർ വന്ന് വൈദ്യുതി വിഛേദിച്ച് മീറ്റർ ഉൾപ്പെടെ കൊണ്ടുപോയി. അന്ന് എന്തിനാണ് ഇത് ചെയ്തതെന്ന് ഇവർക്കു മനസ്സിലായില്ല. പിന്നീടാണ് കാര്യം അറിയുന്നത്. വീട്ടിൽനിന്നും താമസം മാറ്റിയ മകളുടെ പരാതിയിലാണ് നടപടിയുണ്ടായത്.

കൊടകര മണ്ഡലം സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പത്തു വൈദ്യുതി തൂണുകൾ സ്ഥാപിച്ചാണ് ഈ വീട്ടിലേക്ക് വൈദ്യുതി നൽകിയത്. പതിനൊന്നു മക്കളിൽ ഡ്രൈവറായ ഏകമകൻ ആന്റോ ജോലിക്കുപോയാൽ ആളും അനക്കവുമില്ലാത്ത ഉൾപ്രദേശത്തെ ഒറ്റപ്പെട്ട വീട്ടിൽ ഈ വൃദ്ധദമ്പതികൾ മണ്ണെണ്ണ വിളക്കിലോ മെഴുകിതിരി വെട്ടത്തിലോ ആണ് രാത്രി കഴിച്ചുകൂട്ടിയിരുന്നത്. മൂന്നു വർഷക്കാലം ഈ ദമ്പതികൾ വെളിച്ചത്തിനായി കാത്തിരുന്നു. ഈ ദുരവസ്ഥ കണ്ടറിഞ്ഞാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇടപെട്ട് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയത്.

കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് സി. രവീന്ദ്രനാഥ് എം.എൽ.എ, ജില്ലാ കളക്ടർ, ആർ.ഡി.ഒ, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർക്കും ഈ ദമ്പതികൾ നിവേദനം നൽകിയിരുന്നു. വയോജന ദിനത്തിൽ മലയാള മനോരമ, ദേശാഭിമാനി പത്രങ്ങളും ഇവരെക്കുറിച്ചു വാർത്ത നൽകിയിരുന്നു, ഒടുവിൽ കാരുണ്യത്തിന്റെ വെളിച്ചം അവർക്കു ലഭിച്ചു. മുഖ്യമന്ത്രി നേരിട്ട് നിർദേശം നൽകി. ഒരു മണിക്കൂറിനകമാണ് ഇവർക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചത്. ഇവരിപ്പോൾ വളരെ സന്തുഷ്ടരാണ്. ഒടുവിൽ ഞങ്ങൾക്കും വെളിച്ചമായി എന്നതിന്റെ സന്തോഷം പങ്കിടുകയാണ് ഇവർ. കാണുന്നവരോടൊക്കെ സന്തോഷം പങ്കിടുന്നുമുണ്ട് ഈ വയോവൃദ്ധർ.

*വി.ആർ. സന്തോഷ്*
*അസി. എഡിറ്റർ, തൃശൂർ*



ദേവസിയും ഭാര്യ ത്രേസ്യയും

# വേദനകൾക്കിടയിലെ കാരുണ്യഹസ്തം

**കേ**രളത്തിന് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ് വയനാട് ജില്ല. വയനാട് ജില്ലയിലെ പടിഞ്ഞാറേത്തറ സ്വദേശി ബഷീർ ദിവസങ്ങൾ തള്ളിനീക്കുന്നത് പ്രമേഹരോഗം മൂലം നഷ്ടപ്പെട്ട കാലിനോടും പലകുറി കീറിമുറിക്കപ്പെട്ട ശരീരത്തോടും പൊരുതിക്കൊണ്ടാണ്. ഭാര്യയും കുട്ടിയും അടങ്ങുന്ന ബഷീറിന്റെ വരുമാനമാർഗം ഒരു പശു മാത്രമാണ്. പാലു വിറ്റുകിട്ടുന്ന തുച്ഛമായ തുക ബഷീറിന്റെ ചികിത്സാ ആവശ്യങ്ങൾക്കുപോലും തികയാറില്ല. വികലാംഗനായ ബഷീറിന് കുന്നിൻമുകളിലുള്ള തന്റെ വീടിന്റെ പടിക്കെട്ടുകൾ കയറി ഇറങ്ങുവാൻ ആരുടെയെങ്കിലും സഹായമില്ലാതെ കഴിയുകയില്ല. ബഷീറിന്റെ ഈ അവസ്ഥയെക്കുറിച്ച് സങ്കടപ്പെടാനല്ലാതെ മറ്റൊന്നിനും കഴിയാത്ത സ്ഥിതിയിലാണ് ബഷീറിന്റെ ഭാര്യയും മകനും.

ഇത്രയും കൊടിയ കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ബഷീറിന്റെ റേഷൻ കാർഡ് എ.പി.എൽ ആയിരുന്നു. ബി.പി.എൽ കാർഡിന് അർഹനായ ബഷീർ അതിനുവേണ്ടി അപേക്ഷിക്കാത്ത ഇടങ്ങളില്ല. വൈത്തിരി താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ വരുന്ന ബഷീർ സപ്ലൈ ഓഫീസിൽ പരാതിപ്പെട്ടുവെങ്കിലും ഫലമൊന്നുമുണ്ടായില്ല.

തുടർന്ന് ബഷീർ തന്റെ പരാതി സുതാര്യകേരളം വഴി മുഖ്യമന്ത്രിയോട് നേരിട്ട് അറിയിച്ചു. ബഷീറിന് എത്രയും വേഗം ബി.പി.എൽ കാർഡ് നൽകുവാനുള്ള നിർദേശവും മുഖ്യമന്ത്രി നൽകി. മുഖ്യമന്ത്രിയുടെ ഉത്തരവു ലഭിച്ച് ദിവസങ്ങൾക്കകംതന്നെ കാർഡ് ബഷീറിന്റെ കയ്യിൽ എത്തി. ബഷീർ തന്റെ വേദനകൾക്കിടയിലും ഇപ്പോൾ സന്തോഷിക്കുകയാണ്. തന്റെ പ്രശ്നങ്ങൾ കേൾക്കാൻ സന്നദ്ധനായ മുഖ്യമന്ത്രി ഒരു 'പൗരന്റെ ഭാഗ്യമാണ്' എന്നാണ് ബഷീർ പറയുന്നത്. ഒരു ബി.പി.എൽ കാർഡ് ഉടമയ്ക്ക് ലഭിക്കുന്ന എല്ലാ സൗജന്യങ്ങളും അവകാശങ്ങളും ബഷീറിന് ഇപ്പോൾ ലഭിക്കുന്നു.

# ടിപ്പർ ലോറികളുടെ മരണപ്പാച്ചിലിന് അറുതി

എറണാകുളം ജില്ലയിലെ കോടനാട് ആന പരിശീലനകേന്ദ്രമെന്ന നിലയിൽ പ്രസിദ്ധമാണ്. എന്നാൽ ഇന്ന് കോടനാട് പഞ്ചായത്തിലെ തോട്ടുവ സുതാര്യകേരളം വഴി വീണ്ടും ജനശ്രദ്ധ പിടിച്ചുപറ്റി. തോട്ടുവ സ്വദേശി ഷൈജൻ സുതാര്യകേരളത്തെ സമീപിച്ചത് കാലികപ്രസക്തമായ പരാതിയുമായി ആയിരുന്നു. തോട്ടുവ സെന്റ് ജോസഫ് സ്കൂളിന്റെ മുൻവശത്തെ റോഡിൽക്കൂടി മണലുമായി ചീറിപ്പാഞ്ഞുപോകുന്ന ടിപ്പർ ലോറികൾ നാട്ടുകാർക്ക് ഒരു പേടിസ്വപ്നമായിരുന്നു. ഈ ലോറികൾ നിയന്ത്രിക്കാൻ ഒരു പോലീസ്കാരനെയും നിയന്ത്രണമില്ലാതെ വണ്ടിയോടിക്കുന്നവർക്ക് മുന്നറിയിപ്പ് ബോർഡും സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് ഷൈജൻ ഓഫീസുകൾ പലതും കയറിയിറങ്ങി. ഫലമില്ലാതായപ്പോഴാണ് ഷൈജൻ മുഖ്യമന്ത്രിയുടെ സുതാര്യകേരളത്തെ സമീപിച്ചത്.

കുട്ടികളുടെ കുസൃതി അതിരുകടക്കുമ്പോൾ ഉണ്ടായേക്കാവുന്ന അപകടം ഭീകരമാകുവാനും അലക്ഷ്യമായി വാഹനമോടിക്കുന്നവരുടെ തെറ്റ് ഒരു വൻ ദുരന്തത്തിനും ഇടയാക്കുവാനുള്ള എല്ലാ സാഹചര്യവും സ്കൂളിനുമുൻവശം ഉണ്ടായിരുന്നു. അതുകൊണ്ടുകൂടിയാണ് ഈ വിഷയത്തിൽ സുതാര്യകേരളത്തിന്റെ ഇടപെടൽ ജനകീയമായത്.

ഷൈജന്റെ പരാതി സുതാര്യകേരളത്തിൽ എത്തി ദിവസങ്ങൾക്കകംതന്നെ പരാതി പരിഹരിക്കുന്നതിനുള്ള നടപടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തുടങ്ങി. ഷൈജന്റെ പരാതി പരിഹാരത്തിനുള്ള ആദ്യ നടപടിയായി കോടനാട് പഞ്ചായത്ത് മുന്നറിയിപ്പ് ബോർഡും തുടർനടപടികളായി കോടനാട് പോലീസ് സ്റ്റേഷൻ അധികാരികളും രംഗത്തെത്തി. കുട്ടികൾ സ്കൂളിലേക്ക് വരുമ്പോഴും തിരികെ പോകുമ്പോഴും ട്രാഫിക് നിയന്ത്രണത്തിന് പോലീസുകാരനെ നിയമിച്ചുകൊണ്ടാണ് പോലീസ് ഡിപ്പാർട്ടുമെന്റ് മുഖ്യമന്ത്രിയുടെ ഉത്തരവ് നടപ്പാക്കിയത്.

***ജിജിൻ ജെ.***
*കരുപാട്കുന്ന്, വക്കം*

# സുതാര്യകേരളം : പരാതിക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പരാതിയിൽ പരാതിക്കാരന്റെ ഫോൺ നമ്പറും താമസിക്കുന്ന പഞ്ചായത്തിന്റെ പേരും കൃത്യമായ മേൽവിലാസവും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽനിന്നും പരാതിക്കാരന് ലഭിക്കുന്ന അറിയിപ്പിൽ നിർദേശിച്ചിട്ടുള്ള വകുപ്പുമായോ/ഓഫീസുമായോ ബന്ധപ്പെട്ട് പരാതിമേൽ സ്വീകരിച്ച നടപടികൾ ആരായേണ്ടതാണ്.
- സുതാര്യകേരളം വീഡിയോ കോൺഫറൻസ് പരിപാടിയിൽ ഉൾപ്പെടുത്തിയ പരാതികളിന്മേലുള്ള മുഖ്യമന്ത്രിയുടെ നിർദേശങ്ങൾ മനസ്സിലാക്കി അവ സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പ്/ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക.
- സമയബന്ധിതമായി പരാതിപരിഹാരം സാധ്യമാക്കുന്നതിനും ഉദ്യോഗസ്ഥതലത്തിലുള്ള പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും പൊതുജനങ്ങളുടെയും പരാതിക്കാരുടെയും നിതാന്തജാഗ്രതയും അന്വേഷണങ്ങളും അനുപേക്ഷണീയമാണ്.
- കാലദൈർഘ്യം എടുത്ത് പരിഹരിക്കേണ്ട പരാതികളിൽ അനുവദനീയമായ കാലാവധിവരെ കാത്തിരിക്കുന്നതിനുള്ള ക്ഷമയും പ്രവർത്തനപുരോഗതി നിരീക്ഷിക്കുന്നതിനുള്ള ശ്രദ്ധയും പരാതിക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും പരിഹരിക്കാൻ കഴിയാത്ത പരാതികളിൽ പ്രസ്തുത തീരുമാനം ഉൾക്കൊള്ളാൻ തയാറാകേണ്ടതുമാണ്.

# ഭരണസംവിധാനത്തിന്റെ മുഖമുദ്ര

മാനദണ്ഡങ്ങൾ അനുസരിച്ച് ഒരാൾ എ.പി.എൽ ലിസ്റ്റിൽ ആണോ അതോ ബി.പി.എൽ ലിസ്റ്റിൽ ആണോ എന്നത് വളരെ സങ്കീർണമായ ചിട്ടവട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഇതുമൂലം അർഹരായവർപോലും ചിലപ്പോൾ പുറന്തള്ളപ്പെടുന്നു. അങ്ങനെയുള്ള ഒരാളാണ് എറണാകുളം ജില്ലയിലെ ഓച്ചൻതുരുത്ത് സ്വദേശിയായ എം.ആർ. ജേക്കബ്.

100% അന്ധനും വികലാംഗനും തൊഴിൽരഹിതനുമായ ഇദ്ദേഹം എന്തുകൊണ്ടും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹനായ വ്യക്തിയാണ്. എന്നാൽ ഇദ്ദേഹത്തിന് ലഭിച്ചത് എ.പി.എൽ ലിസ്റ്റിൽപ്പെട്ട റേഷൻ കാർഡാണ്. എ.പി.എൽ കാർഡ് മാറ്റി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവുമായി കളക്ടർ ഉൾപ്പെടെ വിവിധ തലങ്ങളിൽ എത്തിയെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ല.

എ.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതുകൊണ്ട് അർഹമായ യാതൊരു ആനുകൂല്യങ്ങളും എം.ആർ ജേക്കബിന് ലഭിച്ചിരുന്നില്ല. ഭാര്യയും രണ്ടു പെൺമക്കളുമടങ്ങുന്ന കുടുംബത്തിന്റെ മുഴുവൻ ഭാരവും ഇദ്ദേഹമാണ് ചുമക്കുന്നത്. വിദ്യാർഥികളായ മക്കളുടെ പഠനച്ചെലവിനു തന്നെ വലിയ തുക ജേക്കബിന് കണ്ടെത്തേണ്ടിയിരുന്നു. ഈ കുടുംബത്തിന്റെ ഏക വരുമാനമാർഗം തയ്യൽ പണിയിലൂടെ ഭാര്യ സമ്പാദിക്കുന്ന തുച്ഛമായ തുകയാണ്.

ഇതേത്തുടർന്നാണ് സുതാര്യകേരളത്തിന്റെ മുമ്പാകെ ബി.പി.എൽ കാർഡിനായി ഇദ്ദേഹം എത്തുന്നത്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടു. എം.ആർ. ജേക്കബ് മുഖ്യമന്ത്രിയുടെ മുമ്പാകെ പരാതി ബോധിപ്പിച്ച അന്നുതന്നെ മുഖ്യമന്ത്രി കളക്ടറോട് ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം തേടി. വിഷയത്തിന്റെ സങ്കീർണത മനസ്സിലാക്കിയ മുഖ്യമന്ത്രി എറണാകുളം ജില്ലാ കളക്ടറോട് എം.ആർ. ജേക്കബിനെ എ.പി.എൽ ലിസ്റ്റിൽനിന്നും ബി.പി.എൽ ലിസ്റ്റിലേക്ക് എത്രയും വേഗം മാറ്റണമെന്ന് നിർദേശിച്ചു. രണ്ടു ദിവസത്തിനുള്ളിൽത്തന്നെ എല്ലാ നടപടികളും പൂർത്തിയാക്കി. സുതാര്യകേരളം ചിത്രീകരിക്കുന്ന സമയത്ത് ബി.പി.എൽ കാർഡ് ലഭിക്കുന്നതിനുള്ള എല്ലാ രേഖകളും എം.ആർ. ജേക്കബിന്റെ കയ്യിൽ എത്തിയിരുന്നു. എം.ആർ. ജേക്കബിന്റെ അഭിപ്രായത്തിൽ സുതാര്യകേരളം എന്ന പരിപാടി ജനകീയപ്രശ്നങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളെടുക്കുന്ന ഭരണസംവിധാനത്തിന്റെ മുഖമുദ്രയെന്നാണ്.

എറണാകുളം ജില്ലയിലെ വലിയനാട് സ്വദേശി പി.യു. തമ്പി സുതാര്യകേരളത്തെ സമീപിക്കുന്നത് വികലാംഗർക്കുള്ള ബസ് കൺസഷൻ പാസിനുവേണ്ടിയാണ്. വാഹനാപകടത്തെത്തുടർന്ന് ഇദ്ദേഹത്തിന്റെ വലതുകാലിന് ചലനശേഷി നഷ്ടപ്പെട്ടു. 50% വികലാംഗനും ബി.പി.എൽ ലിസ്റ്റിൽപ്പെട്ടയാളുമാണ് പി.യു. തമ്പി.

കെ.എസ്.ആർ.ടി.സിയിൽ ബസ് കൺസഷൻ പാസിനുവേണ്ടി 2010 നവംബറിൽ ഇദ്ദേഹം അപേക്ഷ നൽകി. എന്നാൽ ഒമ്പതു മാസം കഴിഞ്ഞിട്ടും പാസ് ലഭ്യമാക്കുന്നതിനുള്ള യാതൊരുവിധ നടപടിയും ഉണ്ടായില്ല. കൺസെഷൻ പാസിനുവേണ്ടി ഏറെ ബുദ്ധിമുട്ടനുഭവിച്ച് നിരവധി തവണ ബന്ധപ്പെട്ട ഓഫീസുകളിൽ കയറിയിറങ്ങി ഫലം കാണാത്ത അവസ്ഥയിൽ സുതാര്യകേരളത്തിൽ ഈ വിഷയം ഉന്നയിച്ചുകൊണ്ട് പി.യു. തമ്പി പരാതി സമർപ്പിച്ചു. സുതാര്യകേരളത്തിലൂടെ മുഖ്യമന്ത്രി ഇദ്ദേഹത്തിന്റെ പരാതി കേൾക്കുകയും കൺസഷൻ പാസ് എത്രയും വേഗം അനുവദിച്ചു നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു.

ഒമ്പതു ദിവസത്തിനുള്ളിൽ കൺസെഷൻ പാസിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തിയായി. എറണാകുളം കെ.എസ്.ആർ.ടി.സിയിലെ ജനറൽ മാനേജരായ ജി. വേണുഗോപാൽ പി.യു. തമ്പിയുടെ ആവശ്യം പരിഗണിച്ച് 2011 സെപ്റ്റംബർ 19 ന് ബസ് കൺസഷൻ പാസ് നൽകി.

***സിജി വർഗീസ്***
*അടൂർ*

# നന്മയുടെ മാരിപെയ്ത് സുതാര്യകേരളം മുന്നോട്ട്

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിലുള്ള ബേബി എന്ന 45 കാരിയുടെ കഷ്ടതകൾ മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്തയിലൂടെയാണ് പുറംലോകമറിയുന്നത്. നവംബർ 18ന് പ്രസിദ്ധീകരിച്ച ഈ വാർത്തയെ അടിസ്ഥാനമാക്കി സുതാര്യകേരളം നേരിട്ട് പരാതി സ്വീകരിക്കുകയായിരുന്നു. വൃദ്ധമാതാവും എട്ടുവയസ്സുകാരി മകളുമടങ്ങുന്നതാണ് ബേബിയുടെ കുടുംബം. വികലാംഗയായ ബേബി ഭിക്ഷ യാചിച്ചാണ് ഇവരെ പോറ്റുന്നത്. ബീമാപള്ളിയിലും പാളയത്തുമെല്ലാം പലപ്പോഴും നിങ്ങളിവരെ കണ്ടിട്ടുണ്ടാവാം. വർഷങ്ങൾക്കുമുമ്പ് ഒരു അപകടത്തിൽ ഇവരുടെ ഇടതുകാൽ നഷ്ടമായി. കെട്ടിടനിർമാണത്തൊഴിലാളിയായിരുന്ന ഇവർ ഇരുനിലക്കെട്ടിടത്തിൽനിന്നും താഴെവീണതിനെത്തുടർന്ന് കാൽ മുറിച്ചുമാറ്റേണ്ടിവന്നു. തുടർന്ന് ബേബിയെയും കൈക്കുഞ്ഞായിരുന്ന മകളെയും ഭർത്താവ് ഉപേക്ഷിച്ചു. ചികിത്സാ ചെലവിനായി താമസിച്ചിരുന്ന വീടും പുരയിടവും കൂടി വിൽക്കേണ്ടിവന്നപ്പോൾ ദുരന്തം പൂർത്തിയായി.

കുഞ്ഞിനെയും മാതാവിനെയും കൊണ്ട് വികലാംഗയായ ബേബി ബീമാപള്ളിയിൽ അഭയം പ്രാപിച്ചു. ഭിക്ഷയെടുത്ത് ദിനരാത്രങ്ങൾ തള്ളിനീക്കി. മഞ്ഞിലും മഴയിലും നനയുന്ന കുഞ്ഞിന്റെ അവസ്ഥയിൽ ദയവുതോന്നിയാണ് വിളപ്പിൽശാലയിലെ കാട്ടുവിള നിവാസിന്റെ ഉടമസ്ഥൻ ഇവർക്കു താമസിക്കാൻ ഒറ്റമുറി വീട് വാടകയ്ക്കു നൽകിയത്. നന്മയുടെ നാളുകൾ ഈ ലോകത്ത് അസ്തമിച്ചിട്ടില്ലെന്ന് ബേബിക്ക് മനസ്സിലായി. തുച്ഛമായ വാടകയ്ക്ക് ആ കുടുംബം അവിടെ തലചായ്ച്ചു. സ്വന്തമായൊരു വീട് സ്വപ്നംകാണാൻ പോലും ബേബിക്ക് ധൈര്യമില്ലായിരുന്നു. പട്ടിണിയിലും മകൾ മിന്നുവിനെ സ്കൂളിൽ ചേർക്കാൻ ബേബി മറന്നില്ല.

തിരുവനന്തപുരത്തെ ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ ജനസമ്പർക്കപരിപാടി നടന്നപ്പോൾ ബേബിയും മകളും മുഖ്യമന്ത്രിയെ നേരിട്ടുകണ്ട് പരാതി നൽകി. ചികിത്സാ സഹായമായി 3000 രൂപ ലഭിച്ചു. ഒപ്പം സ്വന്തമായി ഒരു വീടും അദ്ദേഹം വാഗ്ദാനം ചെയ്തു. എന്നാൽ നടപടിക്രമങ്ങൾക്ക് കാലതാമസം വരുന്നുവെന്നറിഞ്ഞപ്പോൾ സുതാര്യകേരളം നേരിട്ട് ഇടപെട്ടു. ഏറ്റവും രസകരമായ കാര്യം ഈ കുടുംബം ഇത്രയും കാലം എ.പി.എൽ ലിസ്റ്റിലായിരുന്നു എന്നതാണ്. സുതാര്യകേരളത്തിന്റെ സജീവമായ ഇടപെടൽമൂലം ദിവസങ്ങൾക്കകം ഇവർക്ക് ബി.പി.എൽ റേഷൻകാർഡ് ലഭിച്ചു. തിരുവനന്തപുരത്ത് കുണ്ടമൺകടവിനുസമീപം ഇവർക്ക് മൂന്ന് സെന്റ് പുരയിടവും വീടും നല്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയായി.

ഇത്രയും നൽകിയ മുഖ്യമന്ത്രിക്ക് നന്ദി പറയുമ്പോൾ ബേബിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു, സന്തോഷം കൊണ്ട്. മരുഭൂമിയിൽ അകപ്പെട്ടുപോയ മൂന്നു ജീവിതങ്ങൾക്ക് പുതുജീവൻ നാമ്പിട്ട സന്തോഷത്തിലാണ് ഇവർ പുതുവർഷത്തെ വരവേറ്റത്.

***എം.എസ്. സൗമ്യ***

■ എ.പി. അബ്ദുള്ളക്കുട്ടി എം.എൽ.എ

# പ്രവർത്തിക്കുന്ന മുഖ്യമന്ത്രി

**കണ്ണൂരിലെ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയോടൊപ്പം വേദി പങ്കിട്ട കണ്ണൂർ എം.എൽ.എ തന്റെ അനുഭവം വിവരിക്കുന്നു.**



മുഖ്യമന്ത്രി കണ്ണൂരിലെ ജനസമ്പർക്ക പരിപാടിയിൽ പരാതികൾ കേൾക്കുന്നു.

മജ്ജയും മാംസവുമുള്ള ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നു എന്നുപറഞ്ഞാൽ ഭാവിതലമുറ വിശ്വസിക്കില്ല എന്ന് മഹാത്മാഗാന്ധിയെപ്പറ്റി ഐൻസ്റ്റീൻ പറഞ്ഞതാണ് ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടി കണ്ടപ്പോൾ മനസ്സിൽ നുരുഞ്ഞുപൊങ്ങുന്നത്.

ഇത് വിസ്മയകരമായ സംഗതിയാണ്. എങ്ങനെയാണ് ഇത് സാധിക്കുന്നത്? പതിനേഴര മണിക്കൂർ ഇരിക്കാതെ, വിശ്രമിക്കാതെ അല്പം ഓട്സ് കഴിച്ച്, മൂന്നോ നാലോ ഗ്ലാസ് വെള്ളം കുടിച്ച്, പുലരാറായ നേരത്ത് ഒരു കട്ടൻ കാപ്പികുടിച്ച് (ഇതെല്ലാം നിന്നനിൽപ്പിലാണ്) ഒരുപച്ച മനുഷ്യൻ നിർത്താതെ പ്രവർത്തിക്കുക. പരിദേവനങ്ങൾ കേട്ടും വായിച്ചും സംസാരിച്ചും.... ചൂടും പൊടിയും ബഹളവും നിറഞ്ഞ മൈതാനത്ത് മത്സ്യത്തെപ്പോലെ ജനസാഗരത്തിൽ ഊളയിടുകയായിരുന്നു ഈ മനുഷ്യൻ.

ഉമ്മൻചാണ്ടി സർ, അങ്ങ് സർവകാല റിക്കോർഡാണ് 13 ജില്ലകളിലെയും ജനസമ്പർക്കപരിപാടിയിലൂടെ സൃഷ്ടിച്ചത്. ഇത് ഗിന്നസ് ബുക്കിൽ വരില്ലെങ്കിലും ജനങ്ങളുടെ ഖൽബിനുള്ളിൽ സ്ഥാനം പിടിച്ചുകഴിഞ്ഞ മഹാസംഭവമാണ്. ഈ ത്യാഗം, ഈ സഹനം, വിലത്തകർച്ച നേരിടുന്ന രാഷ്ട്രീയപ്രവർത്തനത്തിന് ഒരു താങ്ങുവിലയാവും. തീർച്ച. പുതിയ തലമുറയ്ക്ക് ഉമ്മൻ ചാണ്ടി രാഷ്ട്രീയജീവിതം കൊണ്ട് പകർന്നു നൽകുന്ന പുതിയ പാഠമാണിത്.

ഈ പരിപാടിയെക്കുറിച്ച് പ്രശംസ മാത്രമല്ല വിമർശനവും ഞാൻ കേട്ടിട്ടുണ്ട്. കണ്ണൂരിൽ കൗണ്ടറിൽ ടോക്കൺ വാങ്ങിയ കാൽ ലക്ഷം ആളുകളിൽ അവസാനത്തെ ആളെയും കേട്ടിട്ടാണ് അദ്ദേഹം മടങ്ങിയത്. ജനങ്ങളിൽനിന്ന് അവരെ കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയിൽനിന്നും ഒരുപാട് പഠിക്കാൻ കഴിഞ്ഞു എന്നതാണ് എന്നിലെ പൊതുപ്രവർത്തകനെ സന്തോഷിപ്പിക്കുന്നത്.

ആദ്യം ആംബുലൻസിൽ വന്ന രോഗികളെയാണ് കണ്ടത്. എം.പി. സുധാകരനും എം.എൽ.എ. കെ.എം. ഷാജിയും ഈ ലേഖകനും കൂടെ ഉണ്ടായിരുന്നു. മൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾത്തന്നെ ഞാൻ തളർന്നുപോയി. വെള്ളം കുടിച്ച് അല്പം വിശ്രമിച്ചുവരുമ്പോഴേക്കും മുഖ്യമന്ത്രി വികലാംഗരുടെ സെക്ഷനിലായിരുന്നു.

തിരക്കുള്ള ട്രാൻസ്പോർട്ട് ബസ്സിൽ ടിക്കറ്റ് എഴുതി കൊടുത്ത് കാശുവാങ്ങി കൃത്യം ചില്ലറ ബാക്കികൊടുക്കുന്ന കണ്ടക്ടറെപ്പോലെ പാവങ്ങളുടെ തിക്കിലും തിരക്കിലും ഓരോ ആൾക്കും കൃത്യമായി സഹായം എഴുതിക്കൊടുക്കുന്നതു കണ്ടപ്പോൾ ഈ മനുഷ്യനെ ദൈവം സൃഷ്ടിച്ചത് പ്രത്യേക ഉത്തേജക മരുന്നുകലർത്തിയിട്ടാണോ എന്ന് സംശയിച്ചുപോയി.

24 മണിക്കൂറിൽ 17 മണിക്കൂർ പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയെ കണ്ടിട്ടെങ്കിലും നമ്മുടെ ഔദ്യോഗികലോകം ഉണർന്നെണീറ്റു പ്രവർത്തിച്ചാൽ അതായിരിക്കും ഈ ജനസമ്പർക്ക പരിപാടിയുടെ ഏറ്റവും വലിയ വിജയം.

മുഖ്യമന്ത്രി വന്ന് ജില്ലയിലെ കെട്ടിക്കിടക്കുന്ന പരാതികളിൽ മിക്കവയും പരിഹരിച്ചിരിക്കുന്നു. പുതിയത് ചുവപ്പുനാടയിൽ കെട്ടിക്കിടക്കാതിരിക്കട്ടെയെന്ന് നമുക്ക് ആശിക്കാം.

**വാൽക്കഷണം** - *പുലർച്ചെ നാലു മണിക്കാണ് വന്നു കിടന്നത്. രാവിലെ എട്ടു മണിക്ക് ദില്ലിയിൽനിന്ന് ഒരു കോൾ ഉണ്ടെന്നുപറഞ്ഞാണ് ഗൺമാൻ വിളിച്ചുണർത്തിയത്. അങ്ങേതലയ്ക്കൽ ഒരു ഊർമിള. അവർ സ്വയം പരിചയപ്പെടുത്തിയിട്ട് പറഞ്ഞു. ഞങ്ങൾ കണ്ണൂരിലെ ധർമടത്തായിരുന്നു. മരിച്ച അമ്മയുടെ സർട്ടിഫിക്കറ്റിനുവേണ്ടി എന്റെ അനിയത്തി ശൈല വില്ലേജാഫീസിൽ ഒരാഴ്ചയായി കയറിയിറങ്ങുന്നു. അവൾ മദ്രാസിൽനിന്ന് വന്നതാണ്. സാർ.. പ്ലീസ് അങ്ങൊന്ന് ഇടപെട്ട് സർട്ടിഫിക്കറ്റ് വേഗത്തിൽ വാങ്ങിത്തരണം. ഞാൻ പത്തരയായപ്പോൾ വില്ലേജാഫീസിൽ വിളിച്ചു. അസിസ്റ്റന്റാണ് ഫോണെടുത്തത്. 'സർ, രത്നമ്മയുടെ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷ കിട്ടിയിട്ടുണ്ട് ഉടനെ കൊടുക്കാം സർ, ഓഫീസർ വന്നാൽ പറയാം സർ'. അന്നു വൈകിട്ട് രത്നമ്മയുടെ സർട്ടിഫിക്കറ്റ് കിട്ടിയത്രേ. മുഖ്യമന്ത്രിയും എം.എൽ.എമാരും പറയാതെ ശർമിളമാർക്ക് എന്നായിരിക്കും അതിവേഗം സർട്ടിഫിക്കറ്റുകൾ കിട്ടുക?*

# കണ്ണുനീരിൽ കയ്യൊപ്പിട്ട കനിവ്



മലപ്പുറത്തു നടന്ന ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി സംസാരിക്കുന്നു.

*ജനങ്ങളുടെ ഇടയിൽ നിൽക്കുമ്പോൾ ഉമ്മൻ ചാണ്ടി ക്ഷീണം അറിയുന്നില്ല. ഒന്നാമനെ കണ്ട അതേ പുഞ്ചിരിയോടെ അഞ്ഞൂറാമനെയും യാത്രയാക്കിയ ശേഷമേ അദ്ദേഹം അടുത്ത പരിപാടിക്ക് പോകൂ. ജനം വട്ടംകൂടി നിൽക്കുമ്പോൾ ഓരോ പരാതിയായി കേൾക്കുന്നതാണിഷ്ടം. അല്ലാതെ ക്യൂ സമ്പ്രദായമോ കംപ്യൂട്ടറിൽ പരാതി രേഖപ്പെടുത്തലോ ഒന്നുമില്ല. കേൾക്കാൻ പാകത്തിൽ ഓരോ വശത്തേക്കും തല ചെരിക്കും. അപ്പോൾത്തന്നെ പ്രശ്നം തീർത്തിട്ടേ വിടൂ* - മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി. റ്റി. ചാക്കോയുടെ 'കുഞ്ഞൂഞ്ഞു കഥകളി'ലെ - ഞായറാഴ്ച ദർബാറിലെ അല്പം ചില കാര്യങ്ങളാണിത്. ഈ വരികൾ അന്വർഥമാക്കുന്ന വിധമായിരുന്നു നവംബർ 24ന് മലപ്പുറം എം.എസ്.പി. ഗ്രൗണ്ടിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി.

രാവിലെ 9.30 ന് ജില്ലാ കലക്ടർ എം. സി. മോഹൻദാസിന്റെ സ്വാഗതപ്രസംഗത്തിനും വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷ പ്രസംഗത്തിനും ശേഷം ദീപനാളം തെളിയിച്ച് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിലേക്ക്. അർഹതപ്പെട്ടവർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകാൻ സംവിധാനമൊരുക്കുമെന്നും സാങ്കേതികകാരണങ്ങളാൽ സാമ്പത്തിക ആനുകൂല്യങ്ങൾ നിഷേധിക്കുകയില്ലെന്നും ഉറപ്പ് നൽകി. കാത്തിരിക്കുന്ന ജനലക്ഷങ്ങൾക്ക് സാന്ത്വനമേകുന്ന വാക്കുകൾ.

ഹ്രസ്വപ്രസംഗത്തിനുശേഷം പന്തലിനരികിലെ ആംബുലൻസിൽ വാഹനാപകടത്തെത്തുടർന്ന് നട്ടെല്ലിന് പരിക്കേറ്റ് ചികിത്സയിലുള്ള ഏറനാട് താലൂക്കിലെ കീഴ്പറമ്പ് കുനിയിൽ ഷമീമിന് 50,000 രൂപയുടെ ആദ്യ ധനസഹായം, രക്താർബുദം മൂലം ഏട്ടു വർഷമായി തളർന്നുകിടക്കുന്ന 11 കാരി രസ്നിക്ക് ഒരു ലക്ഷം, മകളെ പരിചരിക്കുന്ന അമ്മയ്ക്ക് പെൻഷൻ, എ. പി. എൽ. റേഷൻ കാർഡ് ബി.പി.എൽ ആക്കാനുള്ള നിർദ്ദേശം, പക്ഷാഘാതം വന്ന് തളർന്ന പ്രവാസിയായിരുന്ന റഷീദലി, മരത്തിൽ നിന്ന് വീണ് ശരീരം തളർന്ന സുരേഷ്, അയ്യപ്പൻ, കുമാരൻ എന്നിവർക്ക് ധനസഹായം, മനാഫിന് വീട് വയ്ക്കാൻ ധനസഹായം. ജന്മനാ കാലിന് സ്വാധീനമില്ലാത്ത വിനീഷയ്ക്ക് സ്കൂളിൽ പോകാൻ ത്രീവീൽ മോട്ടോർ സൈക്കിൾ, ഭ്രൂണാവസ്ഥയിൽത്തന്നെ സോറിയാസിസ് ബാധിച്ച ഉഷാദേവിക്ക് ധനസഹായം ലഭിച്ച അപേക്ഷകൾക്ക് മുകളിൽ തുടർനടപടിക്ക് നിർദേശം. 10,000 മുതൽ ഒരു ലക്ഷം രൂപ വരെയുള്ള ധനസഹായവും പെൻഷനും ബി.പി.എൽ, കാർഡുമെല്ലാം അനുവദിച്ച് നിമിഷത്തിനകം പ്രശ്നപരിഹാരവുമായിയെത്തി മുഖ്യമന്ത്രി.

തുടർന്ന് പന്തലിൽ മുൻ നിരയിലുള്ള വൃദ്ധരുടെയും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെയും ഇടയിലേക്ക്. ഒപ്പം ജില്ലാ കലക്ടർ എം.സി മോഹൻദാസും സംരക്ഷണ വലയം തീർത്ത് പൊലീസ് സൂപ്രണ്ട് കെ. സേതുരാമനും മറ്റ് പോലീസ് ഉദ്യോഗസ്ഥരും. ഇതിനിടയിൽ മുഖ്യമന്ത്രിയെ കാണാനെത്തിയ അപൂർവരോഗം ബാധിച്ച സഹോദരങ്ങൾക്ക് മന്ത്രി എ.പി. അനിൽകുമാർ ഇടപെട്ട് പട്ടികജാതി വകുപ്പിൽ നിന്നും 75,000 രൂപയുടെ ധനസഹായം. ഉച്ചയോടെ മന്ത്രി എ.പി. അനിൽകുമാർ ബി.പി.എൽ. കാർഡിനുള്ള അപക്ഷകൾ സ്വീകരിക്കാൻ തുടങ്ങി. പിന്നീട് മന്ത്രി ആര്യാടൻ മുഹമ്മദും സഹായത്തിനെത്തി. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകൾ മന്ത്രി അബ്ദു റബ്ബും സ്വീകരിച്ചു.

മുഖ്യമന്ത്രി അപ്പോഴും പന്തലിന്റെ മുൻനിരയിലുള്ള അവശർക്കിടയിൽത്തന്നെ. സമാന്തരമായി മുഖ്യമന്ത്രിയെ കാണാനുള്ളവരുടെ നീണ്ട ക്യൂ.

വൈകിട്ട് അഞ്ചു കഴിഞ്ഞപ്പോഴേക്കും മഴമേഘങ്ങൾ പെയ്യാൻ വെമ്പിയെങ്കിലും താഴെ സങ്കടപ്പെരുമഴകൾ പെയ്തുതീരാൻ കനിവോടെ വഴിമാറി. ഗതാഗതകുരുക്ക് ഒഴിവാക്കാനും ക്രമസമാധാനപാലനത്തിനുമായി യൂണിഫോമിലും മഫ്തിയിലുമായി രംഗത്തുണ്ടായിരുന്ന 180 ഓളം പൊലീസുകാർ ഫലവത്തായി പ്രവർത്തിച്ചു. കൂടാതെ എം.എസ്.പി. യുടെ 300 ഓളം ട്രെയിനി വൊളന്റയർമാർ സൗജന്യഭക്ഷണവും വെള്ളവും വിതരണം ചെയ്യുന്നതിലും പൊതുജനങ്ങളെ സഹായിക്കുന്നതിനും സദാ കർമനിരതരായി.

മൈതാനത്തിലെ നാല് ദിശയിലും എം. എസ്.പി. യുടെ കാന്റീനിൽ നിന്നും മിതമായ നിരക്കിൽ ഭക്ഷണസാധനങ്ങളും ലഭിച്ചിരുന്നു. കലക്റ്ററേറ്റ് സ്റ്റാഫ് വെൽഫയെർ കമ്മിറ്റി അംഗങ്ങൾ അതത് സമയങ്ങളിൽ മൈക്ക് അനൗൺസ്മെന്റുകളിലൂടെ പൊതുജനങ്ങളുമായി സംവദിച്ചു. അപേക്ഷയുമായി എത്തുന്നവരെ സഹായിക്കാനുള്ള ഹെൽപ്പ്ഡെസ്ക്, പന്തലിന് രണ്ടു ഭാഗത്തുമുള്ള വിവിധ വകുപ്പുകളുടെ 32 കൗണ്ടറുകൾ എന്നിവയിലെ ഉദ്യോഗസ്ഥർ ജനവികാരത്തിനൊപ്പം നിന്നു.

ജില്ലയിലെ വികസന-ക്ഷേമപ്രവർത്തനങ്ങളുടെ ചിത്രങ്ങളുൾപ്പെടുത്തി ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ പ്രദർശനവും മുഖ്യമന്ത്രിയുടെ സ്വകാര്യജീവിതത്തിലെയും രാഷ്ട്രീയജീവിതത്തിലേയും രസകരമായ സംഭവങ്ങൾ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.റ്റി. ചാക്കോ എഴുതിയ *കുഞ്ഞൂഞ്ഞു കഥകൾ* കാർട്ടൂൺ സഹിതം പ്രദർശിപ്പിച്ചത് കാണാനും വായിക്കാനും ധാരാളമാളുകളുണ്ടായിരുന്നു. രാവിലെ ഒൻപത് മുതൽ വൈകിട്ട് ആറ് വരെ പ്രവർത്തിച്ച പ്രദർശന സ്റ്റാളിൽ നിന്നും ഐ. & പി.ആർ.ഡി. പ്രസിദ്ധീകരിച്ച 8675 രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടത്തി. സ്വാതന്ത്ര്യസമര സേനാനി മുഹമ്മദ് അബ്ദുറഹിമാന്റെ ജീവചരിത്രം മാത്രം 52 എണ്ണം വിറ്റുപോയി.

രാത്രി 10ന് മുഖ്യമന്ത്രി അവസാനത്തെ അപേക്ഷയും വാങ്ങി എല്ലാവരോടുമായി



സ്ട്രെച്ചറിൽവന്ന രോഗിയിൽനിന്നും മുഖ്യമന്ത്രി പരാതി സ്വീകരിക്കുന്നു.

# ആയിരങ്ങൾക്ക് സാന്ത്വനമേകി ആലപ്പുഴയിൽ ജനസമ്പർക്കപരിപാടി

ആയിരക്കണക്കിന് പരാതികൾ പരിഹരിച്ചും 1.73 കോടിയിലേറെ രൂപയുടെ .ധനസഹായം വിതരണം ചെയ്തും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആയിരങ്ങളുടെ ദു:ഖങ്ങൾക്ക് സാന്ത്വനമായി. തങ്ങളുടെ പരാതികൾക്ക് പരിഹാരം ലഭിക്കും എന്ന ശുഭാപ്തി വിശ്വാസത്തോടെ അതിരാവിലെ തന്നെ ജനസമ്പർക്ക വേദിയിലേക്ക് ജനങ്ങൾ ഒഴുകിയെത്തി. പ്രഭാതം മുതൽ ആരംഭിച്ച ജനത്തിരക്ക് പരിപാടിക്കിടെ വർധിച്ചുവന്നു.

കൃത്യം 9.30ന് മുഖ്യമന്ത്രി വേദിയിലെത്തി. പൊതുജനങ്ങളുടെ എല്ലാ പരാതികൾക്കും പെട്ടെന്നു പരിഹാരം കാണാൻ സാധിച്ചില്ലെങ്കിലും ഒരാളുടെ പരാതി പോലും പരിഗണിക്കപ്പെടാതെ പോകരുതെന്ന് മുഖ്യമന്ത്രി ഹ്രസ്വമായ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ജനസമ്പർക്കപരിപാടിയുടെ വിജയം ജനപങ്കാളിത്തവും സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും കൂട്ടായ്മയുമാണെന്നും നാടിനു വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ കൂട്ടായ്മ കരുത്തു നൽകുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.



**ആലപ്പുഴയിൽ നടന്ന ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി പരാതി സ്വീകരിക്കുന്നു**

## ആദ്യസഹായം സ്മിതയുടെ കുടുംബത്തിന്

രണ്ടു മാസം മുമ്പ് നാടിനെ ഒന്നടങ്കം ദു:ഖത്തിലാഴ്ത്തി കൊലചെയ്യപ്പെട്ട സ്മിതയുടെ കുടുംബത്തിനാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആലപ്പുഴയിലെ ജനസമ്പർക്ക പരിപാടിയിൽ ആദ്യസഹായം നൽകിയത്. മാതാപിതാക്കളുടെ ഏക ആശ്രയമായിരുന്ന വിധവയായ സ്മിത മകളെ വളത്തുന്നതിനും കുടുംബം പുലർത്തുന്നതിനും വേണ്ടി ജോലിസ്ഥലത്തു നിന്നു മടങ്ങുമ്പോഴാണ് കൊലചെയ്യപ്പെട്ടത്. സ്മിതയുടെ മകൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കായി ബാങ്കിൽ നിക്ഷേപിക്കുന്നതിന് 5,00,000 രൂപയും കുടുംബ ത്തിന് വീടു വയ്ക്കുന്നതിനായി 5,00,000 രൂപയുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചത്. സ്മിതയുടെ പിതാവ് കെ.ആർ. നിവാസിൽ രാമകൃഷ്ണനും അമ്മ രമണിയും മുഖ്യമന്ത്രിയിൽ നിന്ന് സഹായം ഏറ്റു വാങ്ങി.

## 228 പേർക്ക് പട്ടയവും കൈവശരേഖകളും

ജനസമ്പർക്കപരിപാടിയിൽ ഡിസംബർ 22ന് വൈകുന്നേരം ആറു മണി വരെ ജില്ലയിലെ 228 പേർക്ക് പട്ടയവും കൈവശരേഖകളും ലഭിച്ചു. ഇതിൽ അമ്പലപ്പുഴ താലൂക്കിൽ സുനാമി ദുരിതബാധിതരിൽ മാത്രമായി 186 പേർക്കാണ് സ്വന്തം ഭൂമിയിൽ പട്ടയം ലഭിച്ചത്. വീടു വയ്ക്കാൻ ഒരിഞ്ചു ഭൂമി പോലുമില്ലാത്തവർക്ക് പട്ടയം നൽകിക്കൊണ്ടുള്ള ഉത്തരവ് മുഖ്യമന്ത്രിയിൽ നിന്ന് അപേക്ഷകർ കൈപ്പറ്റിയത് കണ്ണീരോടെയാണ്. വർഷങ്ങളായി ഓഫീസുകളിൽ കയറിയിറങ്ങിയിട്ടും പട്ടയം ലഭിക്കാതിരുന്ന പലർക്കും ജനസമ്പർക്കപരിപാടിയിൽ പട്ടയം ലഭിച്ചു. പുറമ്പോക്ക് പട്ടയമിനത്തിൽ അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകളിൽ ഒന്നു വീതം പട്ടയവും ചേർത്തല താലൂക്കിൽ 10 പട്ടയങ്ങളും നൽകി. കോളനി പട്ടയമിനത്തിൽ അമ്പലപ്പുഴ താലൂക്കിൽ മൂന്നു പട്ടയങ്ങളും മിച്ചഭൂമിയിനത്തിൽ 15 പട്ടയങ്ങളുമാണ് നൽകിയത്.

ചികിത്സാ ധനസഹായ അപേക്ഷകൾക്ക് പരിഹാരവും ധനസഹായമുൾപ്പെടെയുള്ള നടപടികൾക്ക് ഉത്തരവും നൽകിയ ശേഷം, ആംബുലൻസിലെത്തിയ പരാതിക്കാരെ അദ്ദേഹം നേരിൽക്കണ്ട് പരാതികളിൽ നടപടി സ്വീകരിച്ചു. തുടർന്ന് സ്റ്റേജിന് താഴെ മുൻവശത്ത് ഇരുന്ന നൂറുകണക്കിന് വികലാംഗരുടെ അടുത്ത് ചെന്ന് അവരുടെ പരാതികൾ സ്വീകരിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും പി.സി. വിഷ്ണുനാഥ് എം.എൽ.എം.യും ജില്ലാ കളക്ടർ സൗരഭ് ജെയിനും രാത്രി വളരെ വൈകിയും പരാതിപരിഹാരം തുടർന്നു.

ഡിസംബർ 22ന് രാത്രി വരെയുള്ള വിവരം ലഭിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1,64,15,500 രൂപയും ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം 9,40,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചടങ്ങിൽ കേന്ദ്ര ഊർജസഹമന്ത്രി കെ.സി. വേണുഗോപാൽ, സംസ്ഥാന വനം-കായിക-സിനിമ മന്ത്രി കെ.ബി. ഗണേഷ് കുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി., എംഎൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, ഡോ. ടി.എം. തോമസ് ഐസക്, തോമസ് ചാണ്ടി, സി.കെ. സദാശിവൻ, പി. തിലോത്തമൻ, എ.എം. ആരിഫ്, ജില്ലാ കളക്ടർ സൗരഭ് ജെയിൻ, നഗരസഭാധ്യക്ഷ മേഴ്സി ഡയാന മാസിഡോ, മുൻ എം.എൽ.എ. എ.എ. ഷുക്കൂർ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി കെ.എസ്. വാസുദേവശർമ, ത്രിതലപഞ്ചായത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

*എൻ. സുനിൽ കുമാർ,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

*കെ.ആർ. പ്രമോദ് കുമാർ,*
*അസിസ്റ്റന്റ് എഡിറ്റർ, ആലപ്പുഴ*

*സി.പി. ഫിറോസ്, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

വീണ്ടും സാന്ത്വനവാക്കുകൾ. സ്വീകരിച്ച പരാതികളിലുള്ള തുടർനടപടികൾ ഉടൻ അറിയിക്കുമെന്നും ഒപ്പം ജനസമ്പർക്ക പരിപാടി പിഴവുറ്റതാക്കിയ കൂട്ടായ്മയ്ക്ക്, ഉദ്യോഗസ്ഥർക്ക് അഭിനന്ദനവും. രാവിലെ 9.30 മുതലുള്ള ഭക്ഷണം രണ്ട് ഗ്ലാസ് ഇളനീരും പാൽക്കഞ്ഞിയും മാത്രം. എങ്കിലും ആൾക്കൂട്ടത്തിൽ നിന്നും ഊർജം ഉൾക്കൊണ്ട് അഭിവാദ്യങ്ങളുടെ ആരവങ്ങൾക്കിടയിലൂടെ കാറിലേക്ക്. 25ന് നടക്കുന്ന ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാൻ വയനാട്ടിലേക്ക്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തത് 83 ലക്ഷം. 1496 പേർക്കായാണ് വേദിയിൽ 82 ലക്ഷത്തോളം രൂപ ധനസഹായം ലഭിച്ചത്. ഉദ്ഘാടന ചടങ്ങ് കഴിഞ്ഞതുമുതൽ മീഡിയ സെന്ററിൽ നിന്നും മാധ്യമങ്ങൾക്ക് ഓൺലൈനായി വാർത്തകൾ നൽകാൻ തുടങ്ങിയിരുന്നു. 11 റിലീസുകൾ വൈകിട്ട് 7 വരെ. മീഡിയ സെന്ററിൽ നിന്നും രാത്രി 10.15 ന് അവസാന വാർത്ത പോയപ്പോഴേക്കും പന്തലും വേദിയും ഒഴിഞ്ഞിരുന്നു.

***വി.പി. സുലഭ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം.*

# ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക : മുഖ്യമന്ത്രി



മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും മന്ത്രി പി.കെ. ജയലക്ഷ്മിയും പരാതി സ്വീകരിക്കുന്നു.

ഗവൺമെന്റും ജനങ്ങളും, ജനങ്ങളുടെ പ്രശ്നങ്ങളും അധികാരവും തമ്മിലുള്ള അകലം കുറയ്ക്കുക എന്ന വലിയ ലക്ഷ്യമാണ് ജനസമ്പർക്ക പരിപാടിക്കുള്ളത് എന്ന ആമുഖത്തോടെയായിരുന്നു നവംബർ 25 ന് വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിക്ക് തുടക്കമിട്ടത്. ജനങ്ങൾ എന്താഗ്രഹിക്കുന്നു എന്നത് മനസ്സിലാക്കുകയും ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യമാണ്. മുഴുവൻ ജില്ലകളിലും പരിപാടി നടക്കുന്നതോടെ ലഭിക്കുന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ പുതിയ നയപരിപാടികൾ ആവിഷ്കരിക്കുമെന്നും സർക്കാർ നടപടിക്രമങ്ങൾ പരിഷ്കരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മലപ്പുറം ജില്ലയിലെ ജനസമ്പർക്കം കഴിഞ്ഞ് 25 ന് പുലർച്ചയോടെ വയനാട്ടിലെത്തിയ മുഖ്യമന്ത്രി ആദ്യം ചെയ്തത് വന്യമൃഗശല്യം രൂക്ഷമായ കാട്ടിനുള്ളിലെ ഒരു ജനാധിവാസമേഖല സന്ദർശിക്കുകയായിരുന്നു. കൽപ്പറ്റയിൽ നിന്നും 40 കിലോമീറ്ററോളം അകലെ നൂൽപ്പുഴ പഞ്ചായത്തിലെ കൊട്ടങ്കരയിലാണ് മുഖ്യമന്ത്രി സന്ദർശനം നടത്തിയത്. വയനാട് വന്യജീവി സങ്കേതത്തിലെ 14 ജനാധിവാസ കേന്ദ്രങ്ങളിൽ നിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന് കാത്തുനിൽക്കാതെ തന്നെ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചു. പ്രദേശത്തെ ജനങ്ങളിൽ നിന്നും അദ്ദേഹം പരാതികൾ കേട്ടറിഞ്ഞു. ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രദേശവാസിയായ ഫോറസ്റ്റ് വാച്ചർ വാസുവിന്റെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപയുടെ ധനസഹായം മുഖ്യമന്ത്രി കൊട്ടങ്കരയിൽ വച്ചുതന്നെ വിതരണം ചെയ്തു.

കൊട്ടങ്കരയിൽ നിന്നും മുഖ്യമന്ത്രി നേരിട്ട് ജനസമ്പർക്കവേദിയിലെത്തി. ജനസമ്പർക്ക പരിപാടിക്കായി പുലർച്ച മുതലേ കൽപ്പറ്റ എസ്.കെ.എം.ജെ.സ്കൂൾ ഗ്രൗണ്ടിൽ വൻജനതിരക്കാണ് അനുഭവപ്പെട്ടത്. കാലത്ത് ഒൻപതരയോടെ പരിപാടിക്ക് തുടക്കമാവുമ്പോഴേക്കും പതിനായിരങ്ങൾ സന്നിഹിതരായിരുന്നു. ഹ്രസ്വമായ ഉദ്ഘാടനച്ചടങ്ങിനും ധനസഹായവിതരണത്തിനും ശേഷം മുഖ്യമന്ത്രി ആംബുലൻസിലും മറ്റുമായി എത്തിയ രോഗികളായവരുടെ പരാതികളും അപേക്ഷകളും അവരുടെ അരികിലെത്തി സ്വീകരിച്ചു. പിന്നീട് പ്രായമായവർക്കും വികലാംഗർക്കുമായി ഒരുക്കിയ പ്രത്യേക ഇരിപ്പിടങ്ങളിലെത്തിയും അദ്ദേഹം പരാതികൾ ഏറ്റുവാങ്ങി. തുടർന്നാണ് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ചുതുടങ്ങിയത്. പരാതികൾ പരിശോധിക്കുന്നതിൽ മന്ത്രി പി.കെ. ജയലക്ഷ്മി, എം.ഐ. ഷാനവാസ്. എം.പി, എം.എൽ.എമാരായ എം.വി. ശ്രേയാംസ്കുമാർ, ഐ.സി. ബാലകൃഷ്ണൻ എന്നിവർ മുഖ്യമന്ത്രിക്ക് സഹായമേകി.

ആകെ 21,224 പരാതികളാണ് വയനാട് ജില്ലയിൽ നിന്നും ലഭിച്ചത്. ഇതിൽ 2160 പരാതികൾ ജനസമ്പർക്ക ദിവസം മുഖ്യമന്ത്രിക്ക് നേരിട്ട് ലഭിച്ചവയാണ്. എ.പി.എൽ. കാർഡ് ബി.പി.എൽ.ആക്കുക, കടാശ്വാസം അനുവദിക്കുക, വന്യജീവിശല്യം തടയുക, പട്ടയം അനുവദിക്കുക, ഭവനനിർമാണ ധനസഹായം അനുവദിക്കുക, ചികിത്സാ ധനസഹായം അനുവദിക്കുക തുടങ്ങിയവയായിരുന്നു പരാതികളിൽ ഒട്ടുമിക്കതിന്റെയും വിഷയം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നായി 76,63,750 രൂപയുടെ ധനസഹായം വേദിയിൽവച്ചു തന്നെ അനുവദിച്ചു. മാനന്തവാടി ബ്ലോക്കിൽ 849 അപേക്ഷകളിലായി 32,18,250 രൂപ, വൈത്തിരി ബ്ലോക്കിൽ 881 അപേക്ഷകളിലായി 28,49,000 രൂപ, ബത്തേരി ബ്ലോക്കിൽ 394 അപേക്ഷകളിലായി 15,96,500 രൂപ എന്നിങ്ങനെയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചത്. വനംവകുപ്പ് മുഖേന അനുവദിച്ച നാലു ലക്ഷം രൂപയുടെ സഹായത്തിന് പുറമേയായിരുന്നു ഇത്. പരിക്കുപറ്റി ചികിത്സയിൽ കഴിയുന്നവർക്കായി 35000 ൽപ്പരം രൂപയുടെ സഹായം വേറെയും അനുവദിച്ചു. വൈവിധ്യമാർന്ന നിരവധി പ്രശ്നപരിഹാരങ്ങൾക്കാണ് ജനസമ്പർക്കവേദി സാക്ഷിയായത്.

## ആറാം ക്ലാസ്സുകാരി നിഥില യെത്തി -പ്രശ്നപരിഹാരവുമായി

ആറാം ക്ലാസ് വിദ്യാർഥിനികളായ നിഥിലയും നിഷ്മയും ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയെ കാണാനെത്തിയത് കൗതുകമായി. ലക്കിടി സ്വദേശിനിയായ നിഥിലയുടെ പ്രശ്നം അവതരിപ്പിക്കാനായിരുന്നു ഇരുവരുടെയും വരവ്. വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള ടി.ടി ബസ്സിലെ (ടൗൺ റ്റു ടൗൺ) കൺസഷനായിരുന്നു വിഷയം. ദിവസവും ഒമ്പത് രൂപാകൊടുത്ത് 20 കി.മീറ്റർ യാത്രചെയ്തുവരുന്ന നിഥിലയ്ക്ക് കൺസഷൻ ലഭിച്ചിരുന്നില്ല. ബന്ധപ്പെട്ടവരെ സമീപിച്ചിട്ടും ഫലമില്ലാത്തതിനാലാണ് മുഖ്യമന്ത്രിയെ കാണാനെത്തിയത്. നിഥിലയുടെ കുട്ടിപ്രശ്നം അതീവ ഗൗരവത്തോടെയാണ് മുഖ്യമന്ത്രി എടുത്തത്. കൺസഷനുള്ള നടപടികൾ ഉടൻ കൈക്കൊള്ളാമെന്ന് മുഖ്യമന്ത്രി വാക്കു നൽകി. മാതാപിതാക്കളോടൊപ്പമോ മറ്റുമുതിർന്നവരുടേയോ കൂടെയല്ല നിഥിലയെത്തിയത്. സ്വന്തം പ്രശ്നങ്ങൾ ഒറ്റയ്ക്ക് പരിഹരിക്കാൻ ആരെയും ഭയക്കേണ്ട ആവശ്യമില്ലെന്നതായിരുന്നു നിഥിലയുടെ അഭിപ്രായം.

## പി.കെ.കെ.എം.കോളേജിന് സ്വന്തം സ്ഥലം

മാനന്തവാടി പി.കെ.കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം പണിയാൻ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് പി.ടി.എ. ഭാരവാഹികൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നൽകിയ അപേക്ഷ ഫലം കണ്ടു. നല്ലൂർനാട് വില്ലേജിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള റീസർവെ 23/1 ൽപ്പെട്ട 2.63 ഏക്കർ സ്ഥലം കോളേജിന് അനുവദിക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടു.

മാനന്തവാടി ഗവ.കോളേജിന്റെ രണ്ട് ബ്ലോക്കുകളിലായാണ് 2008 ജൂലൈയിൽ ആരംഭകാലംമുതൽ കോളേജ് പ്രവർത്തിച്ചിരുന്നത്.

## സാന്ത്വന സ്പർശം

നൂറുകണക്കിന് പേർക്കാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സാന്ത്വന സ്പർശമേകിയത്. ആറു വർഷമായി സ്തനാർബുദ രോഗബാധിതയാണ് കാക്കവയൽ സ്വദേശിനിയായ സരസ്വതി. ഇതേ അസുഖത്തെത്തുടർന്ന് ഇവരുടെ കുടുംബത്തിലെ മൂന്നു പേർ ഇതിനകം മരണമടഞ്ഞു. ചികിത്സയ്ക്കായി വീടും പുരയിടവും നഷ്ടപ്പെട്ട സരസ്വതി ഒരു കൈസഹായത്തിനായാണ് മുഖ്യമന്ത്രിയെ സമീപിച്ചത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ തത്കാല ആശ്വാസമായി. സരസ്വതിക്കും മകനും മരുമകളുമടങ്ങുന്ന കുടുംബത്തിനും 25,000 രൂപ അനുവദിച്ചു.

ബത്തേരി തൊവരിമലയിലെ കൂലിപ്പണിക്കാരനായ നാരായണപ്പണിക്കർ ജോലിക്കിടയിലുണ്ടായ അപകടം കാരണം ശാരീരികമായ അസ്വസ്ഥതകൾ അനുഭവിച്ചുവരുന്നു. പൂമലപള്ളി ഇഷ്ടദാനമായി നൽകിയ എട്ടര സെന്റ് പട്ടയഭൂമിയായിരുന്നു ഏകആശ്വാസം. ഈ ഭൂമിയുടെമേൽ നാരായണപ്പണിക്കർക്ക് ഔദ്യോഗികമായി യാതൊരു രേഖയുമുണ്ടായിരുന്നില്ല. പലവട്ടം സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയിട്ടും യാതൊരു ഫലവുംലഭിച്ചില്ല. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഈ പ്രശ്നത്തിന് ബത്തേരി തഹസിൽദാർ വഴി പട്ടയഭൂമി നാരായണപ്പണിക്കരുടെ പേരിൽ പതിച്ചു നൽകാൻ ഉത്തരവുണ്ടായി.

കെട്ടിടം പണിക്കിടെ അപകടത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ പുൽപ്പാറയിലെ ജോൺ അതീവദയനീയാവസ്ഥയിലാണ് മുഖ്യമന്ത്രിയെ കാണാനെത്തിയത്. പ്രതിമാസം 300 രൂപ പെൻഷൻ ലഭിക്കുന്ന ഈ യുവാവിന് മുഖ്യമന്ത്രി 5000 രൂപയും ഒരു വീൽച്ചെയറും അനുവദിച്ചു. അപകടത്തിൽ ചികിത്സയിലുള്ള മേപ്പാടി സ്വദേശി ജെയിംസിന് പതിനായിരം രൂപയുടെ ചികിത്സാ ധനസഹായം നൽകി.

വൈത്തിരി താലൂക്കിലെ 11 -ാം വാർഡ് അയൽക്കൂട്ടം കൺവീനറാണ് സുന്ദരൻ. 23 വർഷമായി സുന്ദരനടക്കം 123 കുടുംബങ്ങൾ താമസിക്കുന്ന ലക്ഷംവീട് കോളനിക്ക് പട്ടയ കൈവശരേഖ കിട്ടിയിരുന്നില്ല. പലതവണ പലയിടങ്ങളിലും അപേക്ഷ നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലെത്തിയ ഈ പരാതിക്ക് പരിഹാരമായി പട്ടയം അനുവദിച്ചുകൊണ്ട് ഉത്തരവായി. കൃഷിപ്പണിക്കാരനായ ചന്ദ്രൻ എട്ടു വർഷമായി ആസ്ത്മ രോഗിയാണ്. 5000 രൂപ ധനസഹായമനുവദിച്ചു.

വയനാടൻ കുളിരിനെയും പരിമിതമായ യാത്രാസൗകര്യങ്ങളെയും അതിജീവിച്ച് ജനസമ്പർക്ക പരിപാടി രാത്രി പത്തുമണിക്കപ്പുറം പോകില്ല എന്നായിരുന്നു പൊതുവേ ധരിച്ചിരുന്നത്. എന്നാൽ രാത്രി പതിനൊന്നരയോടെ മുഖ്യമന്ത്രി പിരിയുമ്പോഴും ആയിരത്തിലേറെ പേരായിരുന്നു ചരിത്രമുഹൂർത്തത്തിന് ഭാഗഭാക്കായി സദസ്സിൽ അവശേഷിച്ചിരുന്നത്.

***ഇ. സജീവ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്*

# ചുരുളഴിയുന്നു; ഇടുക്കിയുടെ പ്രാക് ചരിത്രം

സഹ്യാദ്രിയുടെ മധ്യഭാഗങ്ങളിൽ ഗിരിനിരകളുടെ മിനാരങ്ങളിലും താഴ്‌വാരങ്ങളിലുമായി മഞ്ഞുപുതച്ചുറങ്ങിയ മഹാശിലായുഗ സംസ്കൃതിയുടെ ചുരുളഴിയുമ്പോൾ നിബിഡവനങ്ങളുടെ ചരിവുകളിലൊരിടത്ത് ഒരുപറ്റം ആദിമമനുഷ്യർ ഒത്തുചേരുകയാണ്. ചേതനയറ്റ തങ്ങളുടെ പിതാമഹന്റെ മൃതശരീരം ആചാരാനുഷ്ഠാനങ്ങളുടെ അകമ്പടിയോടെ വലിയ ഒരു ഭരണിയിലാക്കി അവർ പ്രകൃതിക്കുനല്കി നൃത്തം വയ്ക്കുന്നു.

ചരിത്രത്തിന്റെ ആഴങ്ങളിൽ മൗനമുദ്രിതമായ ഒരു ഓർമച്ചെപ്പായി സുഷുപ്തി കൊള്ളാൻ ഒരു നന്നങ്ങാടി കൂടി അങ്ങനെ പിറവികൊണ്ടു.

നന്നങ്ങാടികൾ മഹാശിലായുഗ കാലത്ത് മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിനുള്ള ഒരു രീതിയായിരുന്നു. മൃതാവശിഷ്ടങ്ങൾ പ്രതിഷ്ഠിക്കുന്നതിന് ഇത്തരത്തിലുള്ള നിരവധി രീതികൾ ഓരോ ഗോത്രത്തിന്റെയും സവിശേഷതയായി അക്കാലത്ത് നിലവിലുണ്ടായിരുന്നു. അതിലൊന്നാണ് സാധാരണ കല്ലറകൾ. അവ മൂടുകല്ലുകൊണ്ടു മൂടിയിരിക്കും. മൂടികയ്ക്ക് ഒരു ദ്വാരവും കാണും. വലിയ കൽപ്പാളികൾ ഉപയോഗിച്ചുള്ള വലിപ്പമുള്ള കല്ലറകളാണ് മുനിയറകൾ. വലിയ കല്ലറകളിൽ മൃതാവശിഷ്ടങ്ങൾ വച്ച് നിലത്തു കുഴിച്ചിട്ട് മൂടുകല്ലുകൊണ്ടു മൂടുന്നത് മേശക്കല്ല്. ഇതിന്റെ മധ്യഭാഗത്ത് ദ്വാരം കാണും. മൃതശരീരം അളിഞ്ഞ് പക്ഷികൾക്കും മറ്റും തീറ്റയ്ക്കായി നിക്ഷേപിക്കുന്നതാണ് കൽവൃത്തങ്ങൾ. അവശിഷ്ടങ്ങൾ മറവുചെയ്ത് മീതെ വൃത്താകൃതിയിലുള്ള കൂമ്പാരക്കല്ല് പ്രതിഷ്ഠിച്ചാൽ അത് കുടക്കല്ല്. വൃത്താകൃതിയിലുള്ള കൂമ്പാരക്കല്ല് നിലത്തു പതിഞ്ഞിരുന്നാലത് തൊപ്പിക്കല്ല്.




**ഇടുക്കിയുടെ പൈതൃകം കണ്ടെത്താനുള്ള ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിക്കുന്നു**

ഗതകാലത്തിന്റെ തിരുശേഷിപ്പുകളായ ഇത്തരം ഒട്ടനവധി നന്നങ്ങാടികളും തൊപ്പിക്കല്ലുകളും മുനിയറകളുമൊക്കെ പേറുന്ന പാരമ്പര്യസമൃദ്ധി ഇടുക്കി ജില്ലയ്ക്കു സ്വന്തം. കേരളത്തിന്റെ ചരിത്രവഴികളിൽ സവിശേഷമായി സ്ഥാനം ഈ ജില്ലയ്ക്കുണ്ടെന്ന് ഇവ വെളിപ്പെടുത്തുന്നു. എന്നാൽ പലപ്പോഴും നമ്മുടെ ചരിത്രവിചാരങ്ങളിൽ ആ പ്രാധാന്യം ഈ ജില്ലയ്ക്കു കിട്ടാറില്ല. കേവലം കുടിയേറ്റങ്ങളുടെയും കുടിയേറ്റ കർഷകരുടേതുമായ സമീപകാല സംഭവങ്ങളാവും പലപ്പോഴും ഇടുക്കിയെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിറയുന്നുത്.




‘ഗ്രാമയാത്ര’യുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

# ഗ്രാമസഭ സജീവമാകണം, അവസരങ്ങൾ പ്രയോജനപ്രദമാക്കണം : മുഖ്യമന്ത്രി

ഗ്രാമസഭകളുടെ പ്രവർത്തനം സജീവമാക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രസ്താവിച്ചു. ഇതിനുള്ള അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തണം. നടപടിക്രമങ്ങളുടെ ലഘൂകരണവും ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. പഞ്ചായത്ത്-സാമൂഹികക്ഷേമ മന്ത്രി എം.കെ. മുനീറിന്റെ നേതൃത്വത്തിൽ നടത്തുന്ന ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടനം അന്നമനടയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സാമൂഹിക-സാമ്പത്തികമേഖലയിൽ ചലനം സൃഷ്ടിക്കുകയാണ് ഗ്രാമയാത്രയുടെ ലക്ഷ്യം. അടുത്ത ഏപ്രിൽ ഒന്നുമുതൽ ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ നടപടി സ്വീകരിക്കുകയാണ്. പഞ്ചവത്സര പദ്ധതികളായിരിക്കും ഇനി പഞ്ചായത്തുകളിൽ നടപ്പാക്കുക. സാമ്പത്തിക വർഷത്തെ ആദ്യത്തെ ആറുമാസം കടന്നാലെ പദ്ധതികളാകൂ എന്നതാണ് നിലവിലുള്ള അവസ്ഥ.. ഇത് മാറുകയാണ്. അധികാരവും അവകാശവും അവസരവും ഗ്രാമസഭയ്ക്കുണ്ടാകും. ഗ്രാമസഭയുടെ സജീവത ഒഴിവാക്കാൻ പറ്റില്ല. നേരത്തേ

സമൃദ്ധമായ പുരാവസ്തു തെളിവുകളിൽ നിന്ന് ഉലയൂതിയെടുത്ത ഒരു ചരിത്രനിർമിതിയുടെ അഭാവം തന്നെയാണ് ആ പരിമിതിക്കു കാരണം. ഇതു തിരിച്ചറിഞ്ഞാണ് ഇടുക്കിയുടെ സമ്പന്നമായ ചരിത്രപാരമ്പര്യങ്ങളെയും പൈതൃകത്തെയും ചികഞ്ഞെടുക്കാനും ചിട്ടപ്പെടുത്താനും ഭാവിതലമുറയ്ക്കായി രേഖപ്പെടുത്താനുമുള്ള പദ്ധതിക്ക് ഇടുക്കി ജില്ലാ പഞ്ചായത്ത് രൂപം നല്കിയത്.

ഇടുക്കിയുടെ പ്രാക്ചരിത്രം മുതലുള്ള വിശദാംശങ്ങൾ കണ്ടെത്താനുള്ള ജില്ലാ പഞ്ചായത്ത് പദ്ധതി പഞ്ചായത്ത് - സാമൂഹികക്ഷേമ മന്ത്രി ഡോ. എം. കെ. മുനീർ ഉദ്ഘാടനം ചെയ്തു. വികസനമെന്നത് ഭൗതികമുന്നേറ്റം മാത്രമല്ലെന്നും സാംസ്കാരിക പോഷണവും പൈതൃകസംരക്ഷണവുമെല്ലാ ചേരുമ്പോഴാണ് വികസനം അതിന്റെ സാകല്യാവസ്ഥയിലെത്തുന്നതെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അലക്സ് കോഴിമല, റോഷി അഗസ്റ്റിൻ എം.എൽ.എ., കൺസ്യൂമർഫെഡ് ചെയർമാൻ അഡ്വ.ജോയി തോമസ്, സിൽക്ക് ചെയർമാൻ റ്റി.എം.സലിം, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ നേർന്നു. ടി.രാജേഷ് ആമുഖാവതരണം



കുടകല്ല്

ഉണ്ടായിരുന്ന കുടുംബബന്ധങ്ങളുടെ സ്ഥാനത്തേക്ക് ഗ്രാമസഭ ഉയരണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കഴിഞ്ഞ കാലങ്ങളിൽ ഗ്രാമസഭ സജീവമല്ലായിരുന്നു. ഒരു സ്ഥലത്ത് രാഷ്ട്രീയം, ഒരു സ്ഥലത്ത് ആനുകൂല്യം വീതിക്കാൻ മത്സരം. ഗ്രാമസഭ തീരുമാനിക്കേണ്ട കാര്യങ്ങളിൽ പരസ്പരം പോരടിച്ചപ്പോൾ പാവപ്പെട്ടവർക്ക് അവസരം നഷ്ടമായി. 13 ജില്ലകളിൽ ജനസമ്പർക്കപരിപാടി പൂർത്തിയായപ്പോൾ സർക്കാർ നടപ്പിലാക്കിയ ആനുകൂല്യങ്ങൾ പലരും മനസ്സിലാക്കിയിട്ടില്ല എന്ന് തിരിച്ചറിയാനായി.

സംസ്ഥാനത്തെ 134 നിയോജകമണ്ഡലങ്ങളിലും ഒന്നുവീതം ഗ്രാമസഭ ചേർന്നുകൊണ്ടാണ് മന്ത്രി മുനീറിന്റെ നേതൃത്വത്തിൽ ഗ്രാമയാത്ര നടത്തുക. സർക്കാരിൽനിന്നുള്ള നിർദേശങ്ങൾ കാലതാമസമില്ലാതെ നടപ്പാക്കാൻ പറ്റുംവിധം ചലനാത്മകമായ ഗ്രാമങ്ങളെ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അധ്യക്ഷത വഹിച്ച പഞ്ചായത്ത്-സാമൂഹികക്ഷേമ മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. ഇതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ഉദ്യോഗസ്ഥതല പുനർവിന്യാസവും ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് 38 ലക്ഷം പേർക്ക് ഗ്രാമസഭാംഗങ്ങൾക്കുള്ള പരിശീലനം നൽകി. ഗ്രാമയാത്രയ്ക്കിടെ 134 നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന ഗ്രാമസഭകളിൽനിന്ന് ലഭിക്കുന്ന വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അടുത്ത വർഷത്തെ പദ്ധതി തയാറാക്കുക - അദ്ദേഹം പറഞ്ഞു.

കാര്യക്ഷമത വർധിപ്പിക്കുന്നതിനുപുറമേ പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന അഴിമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് തുടച്ചു നീക്കുമെന്ന് വിശിഷ്ടാതിഥിയായ ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനം വിലയിരുത്തിയപ്പോൾ കേന്ദ്ര ആനുകൂല്യങ്ങൾ വാങ്ങാൻ കേരളത്തിന് പ്രയാസമുള്ള അവസ്ഥയായിരുന്നുവെന്ന് മന്ത്രി കെ.സി. ജോസഫ് ചൂണ്ടിക്കാട്ടി. മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ നേട്ടമുണ്ടാക്കിയപ്പോൾ കേരളത്തിനു ലഭിച്ച 900 കോടിയിൽ 550 കോടിയാണ് ചെലവാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. പി. രാജീവ് എം.പി, എം.എൽ.എമാരായ കെ. രാധാകൃഷ്ണൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ, കളക്ടർ പി.എം. ഫ്രാൻസീസ്, മുൻ എം.എൽ.എ ടി.യു. രാധാകൃഷ്ണൻ, കില ഡയറക്ടർ പി. ബാലൻ, ആലീസ് തോമസ്, ടെസി ടൈറ്റസ് വർഗീസ് കാച്ചപ്പിള്ളി, അനിൽ മാന്തുരുത്തി, പി.വി. ജോസ്, ടി.കെ. സതീശൻ, രവി നമ്പൂതിരി തുടങ്ങിയവർ പങ്കെടുത്തു.

***എം.എസ്. അലിക്കുഞ്ഞ്***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*

നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇന്ദു സുധാകരൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടി. സനൽകുമാർ തുടങ്ങിയവരും ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തു.

ഇടുക്കിയുടെ സമഗ്രമായ ചരിത്രം തയാറാക്കാനും അതിന്റെ അടിസ്ഥാനത്തിൽ വരുംതലമുറയ്ക്കായി ഹെറിറ്റേജ് മ്യൂസിയം ഒരുക്കാനും ലക്ഷ്യമിടുന്ന പദ്ധതിയുടെ പ്രോജക്ട് ഓഫീസർ ഇടുക്കിയുടെ ചരിത്രരേഖകൾ സംബന്ധിച്ച് ഗവേഷണം ചെയ്യുന്ന ടി. രാജേഷ് ആണ്. കഴിയുന്നതും വേഗം, കഴിയുന്നത്ര സമഗ്രമായി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇടുക്കിയുടെ പൈതൃക സംരക്ഷണത്തിനും സാംസ്കാരികമുന്നേറ്റത്തിനും പദ്ധതി വലിയ ഗുണം ചെയ്യും- ജില്ലാ പഞ്ചായത്തു പ്രസിഡന്റ് അലക്സ് കോഴിമലയുടെ വാക്കുകളിൽ പദ്ധതിക്കു പിന്നിലെ കാഴ്ചപ്പാടും ആത്മവിശ്വാസവും നിറയുന്നു.

***പി.എസ്. രാജശേഖരൻ***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി.*

# എറണാകുളം ഇനി നോക്കുകൂലിവിമുക്ത ജില്ല

കയറ്റിറക്കുകൂലി തർക്കങ്ങൾ അവസാനിപ്പിച്ച്, വ്യാപാരേതര മേഖലയിലെ കയറ്റിറക്കുകൂലി ഏകീകരിച്ച് എറണാകുളം നോക്കുകൂലിവിമുക്ത ജില്ലയായി. എറണാകുളം ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ മന്ത്രി പ്രൊഫ. കെ.വി. തോമസ് നോക്കുകൂലിവിമുക്ത ജില്ലാ പ്രഖ്യാപനം നടത്തി.

അതിവേഗം വളരുന്ന എറണാകുളം ജില്ലയുടെ വികസന കുതിപ്പിന് ശാന്തമായ തൊഴിലന്തരീക്ഷം അനിവാര്യമാണ്. പൊതു-സ്വകാര്യ മേഖലകളിലായി ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ജില്ലയിൽ പുതിയ പ്രഖ്യാപനം ആരോഗ്യകരമായ തൊഴിൽരംഗത്തിന് വഴിയൊരുക്കും. വിദഗ്ധതൊഴിലാളികളുടെ അഭാവം നമ്മുടെ വ്യവസായ, കാർഷികമേഖലയെ അലട്ടുന്നുണ്ട്. അതിനുള്ള പരിഹാര നടപടികളും അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

2006-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രായോഗിക തലത്തിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തൊഴിൽ-ഭക്ഷ്യമന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. തൊഴിലാളികളുടെ പേരിൽ ചൂഷണം നടത്താനുള്ള ശ്രമങ്ങൾ പുതിയ പ്രഖ്യാപനം നടപ്പാക്കുന്നതോടെ ഒഴിവാകും.



**നോക്കുകൂലിവിമുക്ത ജില്ലാ പ്രഖ്യാപനചടങ്ങ് മന്ത്രി കെ.സി. തോമസ് ഉദ്ഘാടനം ചെയ്യുന്നു**

ജില്ലയിലെ വിവിധ മേഖലയിലെ കയറ്റിറക്കുകൂലി പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റിന്റെ പ്രകാശനം എക്സൈസ്-തുറമുഖമന്ത്രി കെ. ബാബുവും തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് വിതരണം കെ.പി. ധനപാലൻ എം.പിയും നിർവഹിച്ചു. മേയർ ടോണി ചമ്മിണി മുഖ്യാതിഥിയായി. നിർമ്മാണ-ഗാർഹിക മേഖലയിലെ കയറ്റിറക്കുകൂലിയടങ്ങുന്ന പുസ്തകത്തിന്റെ പ്രകാശനം ഹൈബി ഈഡൻ എം.എൽ.എ. നടത്തി.

എം.എൽ.എ.മാരായ ഡൊമിനിക് പ്രസന്റേഷൻ, അൻവർ സാദത്ത്, ലേബർ കമ്മിഷണർ ടി.ടി. ആന്റണി, ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് എസ്. തുളസിധരൻ, തൊഴിലാളി യൂണിയൻ നേതാക്കൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

***പി. വിനോദ്***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ഫെബ്രുവരി 2012

**1**
- ദേശീയ തീര സംരക്ഷണ ദിനം.
- യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ നിലവിൽ വന്നു (1964)
- കൊളംബിയ ബഹിരാകാശ വാഹനം തകർന്ന് കല്പന ചൗള അന്തരിച്ചു (2003)

**2**
- കേരള സിവിൽ പൊലീസ് യാഥാർത്ഥ്യമായി (2011)
- ഹാവ്‌ലോക് എല്ലീസ് ജന്മദിനം (1859 - 1939).
- എഴുത്തുകാരനും ലൈംഗിക ശാസ്ത്രജ്ഞനും.ബ്രിട്ടീഷ് ഗണിതജ്ഞനും ചിന്തകനുമായ ബെർട്രാന്റ് റസ്സൽ അന്തരിച്ചു (1873 - 1970)

**3**
- വിക്ടോറിയ ടെർമിനസ്സിൽ നിന്നും കുർള വരെ നീളുന്ന ഇന്ത്യയിലെ ആദ്യ വൈദ്യുത ട്രെയിൻ ഗതാഗതം ആരംഭിച്ചു (1925)

**4**
- ലോക ക്യാൻസർ ദിനം
- ബ്രിട്ടീഷുകാരിൽനിന്നും ശ്രീലങ്ക സ്വാതന്ത്ര്യം നേടി (1948)
- ഇന്ത്യയിലെ ആദ്യ സമ്പൂർണ സാക്ഷരത നേടിയ ജില്ലയായി എറണാകുളത്തെ പ്രധാനമന്ത്രി വി.പി. സിങ് പ്രഖ്യാപിച്ചു (1990)

**5**
- ചൗരി ചൗരാ ആക്രമണം നടന്നു (1922). ഗോരഖ്പൂരിലെ പൊലീസ് സ്റ്റേഷനിൽ നടന്ന തീവയ്പിൽ 22 പൊലീസുകാർ മരിച്ചു.
- സ്കോട്ടിഷ് ലേഖകനും ചരിത്രകാരനുമായ തോമസ് കാർലേ അന്തരിച്ചു (1796 - 1881)
- ചാർളി ചാപ്ലിന്റെ ശബ്ദചിത്രമായ *മോഡേൺ ടൈംസ്* റിലീസ് ചെയ്തു (1937)

**6**
- രാജകുമാരി അമൃത് കൗർ അന്തരിച്ചു (1889 - 1964). സ്വാതന്ത്ര്യസമര സേനാനിയും ഇന്ത്യൻ ക്യാബിനറ്റിലെ പ്രഥമ വനിതാ അംഗവും.
- ലളിതാംബിക അന്തർജനം ചരമദിനം (1909 - 1987)
- എസ്. ഗുപ്തൻ നായർ അന്തരിച്ചു (1919 - 2006)



**7**
- ചാൾസ് ഡിക്കൻസ് ജനിച്ചു (1812 - 1870)
- മലയാളം കഥാകൃത്ത് സി.വി. ശ്രീരാമൻ ജന്മദിനം (1931 - 2007)
- ഇന്ത്യയുടെ ആദ്യ അന്തർവാഹിനി ഐ.എൻ.എസ്. ശൽക്കി കമ്മീഷൻ ചെയ്തു (1992)



**8**
- ഡോ. സാക്കിർ ഹുസൈൻ ജന്മദിനം (1897 - 1969) ഇന്ത്യയുടെ മൂന്നാമത്തെ രാഷ്ട്രപതി
- ലോകപ്രശസ്ത ചിത്രകാരൻ മൈക്കലാഞ്ചലോ ചരമദിനം (1475 - 1564)
- ലോകപ്രസിദ്ധ ഗസൽ ഗായകൻ ജഗ്‌ജിത് സിങ് ജനിച്ചു (1941 - 2011)



**9**
- ബാബ ആംതേ ചരമദിനം (1914 - 2008) മുഴുവൻ പേര് മുരളീധർ ദേവീദാസ് ആംതേ
- ഇന്ത്യയിലെ ആദ്യ സമുദ്രാന്തര പര്യവേക്ഷണ സംഘം അന്റാർട്ടിക്കയിലെത്തി (1982)
- ഇന്റർനെറ്റ് സുരക്ഷാദിനം



**10**
- എക്സ് റേ കണ്ടുപിടിച്ച ജർമൻ ഭൗതിക ശാസ്ത്രജ്ഞൻ വില്യം കോൺറാഡ് റോൺട്ജൻ അന്തരിച്ചു (1845 - 1923)
- ന്യൂ ദൽഹിയെ ഔപചാരികമായി ഇന്ത്യയുടെ തലസ്ഥാനമാക്കി (1913) 1911 ഡിസംബർ 12 നാണ് ന്യൂ ദൽഹി തലസ്ഥാനമായി പ്രഖ്യാപനം വന്നത്.



**11**
- വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ യാഥാർത്ഥ്യമായി (2011). ഇന്ത്യയിലെ ആദ്യ കണ്ടെയ്നർ ടെർമിനൽ.
- തോമസ് ആൽവ എഡിസൺ ജന്മദിനം (1847 - 1931)
- നെൽസൺ മണ്ടേല 27 വർഷത്തെ ജയിൽവാസത്തിനുശേഷം മോചിതനായി (1990)

**12**
- ഇന്ത്യൻ പാർലമെന്റ് മന്ദിരത്തിന് തറക്കല്ലിട്ടു. (1921) 1927 ജനുവരി 18ന് മന്ദിരം പൂർത്തിയായി
- എബ്രഹാം ലിങ്കൺ ജന്മദിനം (1809 - 1865) പ്രസിദ്ധനായ അമേരിക്കൻ പ്രസിഡന്റ്
- പരിണാമ സിദ്ധാന്തത്തിന് അടിത്തറയിട്ട ചാൾസ് ഡാർവിൻ ജന്മദിനം (1809 - 1882)



**13**
- സരോജിനി നായിഡു ജന്മദിനം (1879 - 1949) കവയിത്രിയും സ്വാതന്ത്ര്യസമര സേനാനിയും
- പൂനെ ജർമൻ ബേക്കറി സ്ഫോടനം നടന്നു (2010). 13 മരണവും 65 പേർക്ക് പരിക്കും
- മനുഷ്യരിൽ ആദ്യമായി പെൻസിലിൻ ഉപയോഗിച്ചു തുടങ്ങി (1941)

**14**
- വിശ്വ പ്രണയ ദിനം
- ഇന്ത്യൻ എയർ ലൈൻസിന്റെ എയർബസ് 320 ബാംഗ്ലൂരിൽ തകർന്നുവീണു (1990) 92 മരണം.
- ഹെർമൻ ഗുണ്ടർട്ട് ജന്മദിനം (1814 - 1893)



**15**
- ആധുനിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഗലീലിയോ ഗലീലി ജനിച്ചു (1564 - 1642)
- വയർലസ് റിമോട് കൺട്രോളിന്റെ ഉപജ്ഞാതാവ് റോബർട് അഡ്‌ലർ അന്തരിച്ചു (1913 - 2007)

**16**
- സോപാന സംഗീതജ്ഞൻ ഞെരളത്ത് രാമപൊതുവാൾ ജനിച്ചു (1914 - 1996)
- ഡോക്കുമെന്ററി സിനിമകളുടെ പിതാവ് എന്നറിയപ്പെടുന്ന റോബർട് ഫ്‌ളാഹർട്ടി ജന്മദിനം (1884 - 1951)
- പാലക്കാടിനെ രാജ്യത്തെ ആദ്യ സമ്പൂർണ വൈദ്യുതീകൃത ജില്ലയായി പ്രഖ്യാപിച്ചു (2010)

**17**
- ശ്രീരാമകൃഷ്ണ പരമഹംസർ ജനിച്ചു (1836 - 1886)
- പ്രസിദ്ധ വർത്തമാനപത്ര ചിത്രകഥയായ ലീഫോക്കിന്റെ ഫാന്റം പ്രസിദ്ധീകരണമാരംഭിച്ചു (1936)
- ഇന്ത്യൻ തത്വചിന്തകൻ ജിദ്ദു കൃഷ്ണമൂർത്തി അന്തരിച്ചു (1896 - 1986)

**18**
- ജ്ഞാനപീഠ പുരസ്കാരം ആരംഭിച്ചു (1944)



**19**
- കേരളവർമ വലിയകോയിത്തമ്പുരാൻ ജനിച്ചു (1845 - 1914)
- നിക്കോളാസ് കോപ്പർനിക്കസ് ജന്മദിനം (1473 - 1543)
- ഗോപാലകൃഷ്ണ ഗോഖലെ ചരമദിനം (1866 - 1915)

**20**
- ഭാഷാശാസ്ത്ര നിപുണൻ കേരള പാണിനി എ.ആർ. രാജരാജവർമ ജന്മദിനം (1865 - 1918)
- ആലപ്പുഴ / എറണാകുളം ജില്ലകൾ സമ്പൂർണ വൈദ്യുതീകൃത ജില്ലകളായി (2011)

**21**
- ലോക മാതൃഭാഷാദിനം
- ഇംഗ്ലീഷ് കവി ഡബ്ല്യു.എച്ച്. ഓഡൻ ജന്മദിനം (1907 - 1973)
- തീവണ്ടി ഗതാഗതത്തിനായി ആദ്യമായി ആവിയന്ത്രം ഉപയോഗിച്ചു (1804)


**22**
- സ്കൗട്ട് ആൻഡ് ഗൈഡ് പ്രസ്ഥാന സ്ഥാപകൻ ബേഡൻ പവൽ ജന്മദിനം (1857 - 1941)
- കാരൂർ നീലകണ്ഠപിള്ള ജനിച്ചു (1898 - 1975)
- ന്യൂസിലാൻഡിൽ വൻ ഭൂചലനം. 400 ലധികം ആളുകൾ മരിച്ചു (2011)

**23**
- കാലാവസ്ഥാ ശാസ്ത്രദിനം
- ജർമൻ ഗണിത ശാസ്ത്രജ്ഞൻ യൊഹാൻകാൾ ഫ്രെഡറിക് ഗൗസ് ചരമദിനം (1777 - 1855)
- ജോൺ കീറ്റ്സ് ചരമദിനം (1795 - 1821)


**24**
- കേന്ദ്ര എക്സൈസ് ദിനം
- അമർ ചിത്രകഥകളുടെ പിതാവ് അനന്തപൈ അന്തരിച്ചു (1930 - 2011)
- അറബി സഞ്ചാരി ഇബ്നു ബത്തൂത്ത ജന്മദിനം (1304 - 1368)

**25**
- കേരളത്തിലെ ആദ്യ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് കൊല്ലത്ത് തുടങ്ങി (2011)
- കവി പി.ഭാസ്കരൻ ചരമദിനം (1924 - 2007)
- ഇന്ത്യയുടെ പ്രഥമ ഭൂതല മിസൈൽ 'പ്രിഥ്വി' വിജയകരമായി പരീക്ഷിച്ചു (1988)

**26**
- ന്യൂയോർക്ക് വേൾഡ് ട്രേഡ് സെന്ററിൽ ബോംബ് സ്ഫോടനം നടന്നു (1993). ആറു മരണം, ആയിരത്തിലധികം പേർക്ക് പരിക്ക്.
- വിക്റ്റർ ഹ്യൂഗോ ജന്മദിനം (1802 - 1885)
- സ്കോട്ടിഷ് ഇൻവന്റർ റോബർട് വാർട്സൺ വാട്ട് റഡാർ ആദ്യമായി പ്രദർശിപ്പിച്ചു (1935)




**27**
- കേരളത്തിലെ കെ.എം.എം.എൽ ലോകത്തിലെ ആദ്യ ഏക സംയോജിത ടൈറ്റാനിയം സ്പോഞ്ച് ഉല്പാദന കമ്പനിയായി (2011)
- ജോൺ ഹോപ്കിൻസ് സർവകലാശാല ശാസ്ത്രജ്ഞർ സാക്രിൻ കണ്ടുപിടിച്ചു (1879)
- ജോൺ സ്റ്റീൻബക്ക് ജന്മദിനം (1902 - 1968)



**28**
- ദേശീയ ശാസ്ത്രദിനം
- കേരള നിയമസഭയിലേക്ക് ആദ്യ തിരഞ്ഞെടുപ്പു നടന്നു (1957). തെരഞ്ഞെടുപ്പ് മാർച്ച് 11 വരെ നീണ്ടു.
- ഇംഗ്ലീഷ് കവിയും നിരൂപകനുമായ സർ സ്റ്റീഫൻ സ്പെൻഡർ ജന്മദിനം (1909 - 1995)

**29**
- മൊറാർജി ദേശായ് ജന്മദിനം (1896 - 1995). ലോകത്തെ ഏറ്റവും പ്രായംകൂടിയ പ്രധാനമന്ത്രിയായിരുന്നു.
- 'ആധുനിക അന്തർവാഹിനി കപ്പലുകളുടെ പിതാവ്' എന്നറിയപ്പെടുന്ന ജോൺ ഫിലിപ് ഹോളണ്ടിന്റെ ജന്മദിനം (1840 - 1914)



■ കെ.എം. മോഹനൻ

# പട്ടികജാതി/വർഗ വികസന കോർപ്പറേഷന് ദേശീയ പുരസ്കാരം

സംസ്ഥാന സർക്കാർ സംരംഭമായ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗവികസന കോർപ്പറേഷൻ ഇന്ത്യയിലെ ഏറ്റവും മികച്ച രണ്ടാമത്തെ ധനകാര്യ ചാനലൈസിങ് ഏജൻസി എന്ന ദേശീയ പുരസ്കാരത്തിന് അർഹമായി. ഭാരത സർക്കാരിന്റെ സാമൂഹികനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിലുള്ള പുനർവായ്പാ ഏജൻസിയായ ദേശീയ പട്ടികജാതി ധനകാര്യവികസന കോർപ്പറേഷൻ (എൻ.എസ്.എഫ്.ഡി.സി) വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ ചാനലൈസിങ് ഏജൻസികളിൽനിന്നും 2008-2009 സാമ്പത്തിക വർഷത്തെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലാണ് അർഹമായവയെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു ദേശീയ പുരസ്കാരം ലഭിക്കുന്നത് എന്നത് ഏറെ അഭിമാനാർഹമാണ്.



ഇന്ത്യയിലെ ഏറ്റവും മികച്ച രണ്ടാമത്തെ ധനകാര്യ ചാനലൈസിങ് ഏജൻസിയായി പട്ടികജാതി/വർഗ വികസനകോർപ്പറേഷനെ തിരഞ്ഞെടുത്തുകൊണ്ടുള്ള പുരസ്കാരം കേന്ദ്രമന്ത്രി മുകുൾ വാസ്നിക്കിൽനിന്നും കോർപ്പറേഷൻ എം.ഡി. കെ.എം. മോഹനൻ ഏറ്റുവാങ്ങുന്നു

1972ൽ സ്ഥാപിതമായ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി വൈവിധ്യമാർന്ന വായ്പാപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വായ്പ നൽകുമ്പോൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അഭിരുചിക്കും തൊഴിൽ വൈദഗ്ധ്യത്തിനും അനുസൃതമായ പുതുമയാർന്ന വരുമാനദായക പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനാണ് പ്രാമുഖ്യം നൽകുന്നത്. വായ്പകളുടെ കുറഞ്ഞ പലിശനിരക്കും ലളിതമായ വ്യവസ്ഥകളും ഇതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷനെ വ്യതിരിക്തമാക്കുന്ന സവിശേഷ ഘടകങ്ങളാണ്.

കോർപ്പറേഷന്റെ ആരംഭം മുതൽ 2011 ആഗസ്റ്റ് അവസാനം വരെയായി 1,49,001 ഗുണഭോക്താക്കൾക്കായി 250.77 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ആരംഭം മുതൽ നാളിതുവരെ വിതരണം ചെയ്ത മൊത്തം വായ്പത്തുകയുടെ 35%വും 2006-2007 സാമ്പത്തിക വർഷം മുതലുള്ള അഞ്ചുവർഷക്കാലയളവിൽ നൽകിയതാണ്. പ്രസ്തുത കാലയളവിൽ ഓരോ വർഷവും നൽകിയ വായ്പത്തുകയും ഗുണഭോക്താക്കളുടെ എണ്ണവും താഴെപ്പറയുന്ന പ്രകാരമാണ്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പയായി വിതരണം ചെയ്ത തുക (രൂപ കോടിയിൽ) |
|---|---|---|
| 2006 - 2007 | 1390 | 7.40 |
| 2007 - 2008 | 1589 | 7.41 |
| 2008 - 2009 | 3574 | 18.04 |
| 2009 - 2010 | 4574 | 27.27 |
| 2010 - 2011 | 4063 | 26.74 |
| **ആകെ** | **15190** | **86.86** |

എന്നാൽ തൊട്ടുമുമ്പുള്ള അഞ്ചു വർഷക്കാലയളവിൽ 5793 ഗുണഭോക്താക്കൾക്കായി 28.90 കോടി രൂപയുടെ വായ്പാസഹായം മാത്രമാണ് ലഭ്യമാക്കിയിരുന്നത്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പയായി വിതരണം ചെയ്ത തുക (രൂപ കോടിയിൽ) |
|---|---|---|
| 2001 - 2002 | 871 | 3.61 |
| 2002 - 2003 | 1808 | 7.95 |
| 2003 - 2004 | 1307 | 6.74 |
| 2004 - 2005 | 912 | 5.76 |
| 2005 - 2006 | 895 | 4.84 |
| **ആകെ** | **5793** | **28.90** |

വായ്പയുടെ തിരിച്ചടവിലും കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ അനിതരസാധാരണമായ നേട്ടം കോർപ്പറേഷന് കൈവരിക്കുവാനായിട്ടുണ്ട്. കൂടാതെ, ഈ കാലയളവിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ ഗുണഭോക്താക്കളുടെ സൗകര്യാർഥം പ്രസ്തുത ജില്ലകളിൽക്കൂടി മേഖലാ ഓഫീസുകൾ ആരംഭിക്കുവാനും അതുവഴി കോർപ്പറേഷന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മേഖലാ ഓഫീസുകൾ എന്ന ആശയം പ്രാവർത്തികമാക്കുവാനും കഴിഞ്ഞു.

ഇക്കാലയളവിലെ കോർപ്പറേഷന്റെ മെച്ചപ്പെട്ട പ്രകടനവും കൂടി പുരസ്ക്കാര നിർണയ സമിതി പ്രത്യേകം പരിഗണിക്കുകയുണ്ടായി.

മൂന്നു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഉൾക്കൊള്ളുന്ന ദേശീയ പുരസ്കാരം 2011 സെപ്റ്റംബർ 15 ന് ദില്ലിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര സാമൂഹികനീതി ശാക്തീകരണമന്ത്രി മുകുൾ വാസ്നിക്കിൽനിന്ന് കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടർ കെ.എം. മോഹനൻ ഏറ്റുവാങ്ങി. സഹമന്ത്രി നെപ്പോളിയൻ, വകുപ്പു സെക്രട്ടറി കെ.എം. ആചാര്യ, ജോയിന്റ് സെക്രട്ടറി സഞ്ജീവ് കുമാർ, എൻ.എസ്.എഫ്.ഡി.സിയുടെ സി.എം.ഡി എച്ച്.എസ്. കിങ്ര എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ഈ പുരസ്കാരലബ്ധി കോർപ്പറേഷന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെ കൂടുതൽ ഊർജസ്വലവും ലക്ഷ്യാധിഷ്ഠിതവും ആക്കുമെന്നും സമൂഹത്തോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിനുള്ള കോർപ്പറേഷന്റെ അശ്രാന്ത പരിശ്രമങ്ങൾക്ക് കൂടുതൽ ശക്തി പകരുമെന്നും പ്രതീക്ഷിക്കാം.

*(പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടറാണ് ലേഖകൻ)*

# കെ.സി. രാജഗോപാൽ പ്രസ് അക്കാദമി വൈസ് ചെയർമാൻ



കേരള പ്രസ് അക്കാദമി വൈസ് ചെയർമാനായി കെ.യു.ഡബ്ല്യു.ജെ. പ്രസിഡന്റ് കെ.സി രാജഗോപാലിനെ തെരഞ്ഞെടുത്തു. അക്കാദമിയുടെ പുനഃസംഘടിപ്പിച്ച ജനറൽ കൗൺസിലിന്റെ പ്രഥമ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. നിർവാഹക സമിതിയിലേക്ക് പത്രപ്രവർത്തക യൂണിയൻ പ്രതിനിധിയായി എൻ. രജേഷിനെയും (മാധ്യമം) മാനേജ്മെന്റ് സംഘടനയുടെ പ്രതിനിധിയായി കേരള കൗമുദി മാനേജിങ് ഡയറക്ടർ എം.എസ്. രവിയെയും തെരഞ്ഞെടുത്തു. പ്രസ് അക്കാദമിയിൽ ചേർന്ന കൗൺസിൽ യോഗത്തിൽ ചെയർമാൻ എൻ.പി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.ജെ. രേണുക റിപ്പോർട്ട് അവതരിപ്പിച്ചു.

***അയ്യപ്പൻ സി.***

*അസി. സെക്രട്ടറി, കേരള പ്രസ് അക്കാദമി*

# വിനോദ് കുമാർ ലോക മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പിലേക്ക്

തിരുവനന്തപുരത്തു നടന്ന ഓൾ ഇന്ത്യ സിവിൽ സർവീസ് നീന്തൽ, വാട്ടർപോളോ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ സ്വർണവും, 4x100 മീറ്റർ മെഡ്‌ലേ റിലേ, 4x100 മീറ്റർ ഫ്രീസ്റ്റൈൽ റിലേ, 4x200 മീറ്റർ ഫ്രീസ്റ്റൈൽ റിലേ എന്നിവയിൽ വെള്ളി മെഡലുകളും 200 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ വെങ്കല മെഡലും എൽ. വിനോദ്കുമാർ കരസ്ഥമാക്കി.



**എൽ. വിനോദ്കുമാർ**

2011 ഡിസംബർ 22 മുതൽ 24 വരെ ബാംഗ്ലൂരിൽവച്ച് നടന്ന ആൾ ഇന്ത്യ മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് 50 മീറ്റർ, 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ വെള്ളി മെഡലും 4x50 മീറ്റർ മെഡ്‌ലെ റിലേയിൽ സ്വർണമെഡലും നേടി. 2012 ജൂൺ രണ്ടു മുതൽ 18 വരെ ഇറ്റലിയിൽ വച്ച് നടക്കുന്ന ലോക മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിലേക്ക് വിനോദ് കുമാർ യോഗ്യത നേടിയിട്ടുണ്ട്.

എൽ. വിനോദ്കുമാർ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസിലെ ഉദ്യോഗസ്ഥനാണ്. കേരള ടീം ക്യാപ്റ്റൻ കൂടിയാണ്.

# ബാലപീഡനം തടയാൻ ജുവനൈൽ യൂണിറ്റ്

സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിന് പ്രത്യേക പോലീസ് സംവിധാനം നിലവിൽവരുന്നു. കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ വർധിച്ച സാഹചര്യത്തിലാണ് ഇത്തരമൊരു സംരംഭത്തിന് സർക്കാർ തുടക്കമിട്ടത്. എല്ലാ ജില്ലകളിലും ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആഭ്യന്തരവകുപ്പ് ഉത്തരവിറക്കി. 'ജുവനൈൽ പോലീസ് യൂണിറ്റ്' എന്നാണ് ഇതിന് നാമകരണം ചെയ്തിരിക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ ചൈൽഡ് വെൽഫെയർ ഓഫീസറായി പ്രവർത്തിക്കും. ക്രൈം റിക്കോർഡ്സ് ബ്യൂറോ ഡിവൈ.എസ്.പിക്കായിരിക്കും ഇതിന്റെ മേൽനോട്ടച്ചുമതല. വനിതാ സെല്ലിനും ഇതിന്റെ പ്രത്യേക ചുമതലയുണ്ട്. നാല് സിവിൽ പോലീസ് ഉദ്യോഗസ്ഥർകൂടി പരാതികൾ അന്വേഷിക്കാനുള്ള സംഘത്തിലുണ്ടാകും. ഇതിൽ രണ്ടുപേർ വനിതാ ഉദ്യോഗസ്ഥരായിരിക്കും.

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ കണ്ടെത്തുകയാണ് ഈ ഉദ്യോഗസ്ഥരുടെ പ്രധാന ചുമതല. കുട്ടികൾക്ക് നേരിടേണ്ടി വരുന്ന തിക്താനുഭവങ്ങളും മാനസിക പീഡനങ്ങളും അവരുടെ വ്യക്തിത്വവികസനത്തിന് ഹാനികരമായി ഭവിക്കുമെന്നതിനാൽ ഈ കാര്യത്തിൽ അതീവ ശ്രദ്ധപാലിക്കേണ്ടതുണ്ട്. ഇത്തരം പീഡനങ്ങളിൽ ചെറിയൊരു ശതമാനം മാത്രമേ പുറത്തുവരുന്നുള്ളുവെന്ന് ഉന്നത പോലീസ്‌വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്



സ്കൂൾ അധികാരികൾ, രക്ഷിതാക്കൾ, നാട്ടുകാർ തുടങ്ങിയവരിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും അന്വേഷണം നടത്തും. പെൺകുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഏറെ മൂടിവയ്ക്കപ്പെടുന്ന സാഹചര്യമുണ്ട്. പല രക്ഷിതാക്കളും അപമാനഭാരം ഭയന്നാണ് ഇത്തരം സംഭവങ്ങൾ പുറത്തുപറയാതെ ഒതുക്കിത്തീർക്കുന്നത്. കുട്ടികൾക്കായി പ്രത്യേക പോലീസ് സംവിധാനം നിലവിൽ വരുന്നതോടെ പ്രശ്നങ്ങൾ തുറന്നുപറയാൻ അവർ തയ്യാറാകുമെന്നും അതിലൂടെ അതിക്രമങ്ങൾ തടയാനാകുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

പെൺജീവിതം

■ കെ.എ. ബീന

# പെൺയാത്രകൾ

**പുരുഷന്മാരുടെ യാത്രകളെക്കാൾ ആയിരമിരട്ടി പ്രയാസകരമാണ് ഓരോ സ്ത്രീയാത്രയും. വീടും, ഓഫീസും, മറ്റ് അസൗകര്യങ്ങളും ഒക്കെ പിന്നോട്ട് വലിക്കുമ്പോളും യാത്രയുമായി മുന്നോട്ടുപോകുന്നതിന് കഴിയുന്നവർ – അവരിലൊരാളാകുമ്പോൾ എനിക്ക് കിട്ടുന്നത് അപൂർവമായ ജിവിതോർജമാണ്**



കണക്കുപുസ്തകങ്ങളിൽ പിശക് വരുക സ്വാഭാവികം. ജീവിത കണക്കുപുസ്തകത്തിലും അങ്ങനെ തന്നെ. എപ്പോഴും യാത്ര ചെയ്യണമെന്ന മനസ്സുമായി സ്ത്രീ ശരീരത്തിനുള്ളിൽ (അതും കേരളത്തിൽ) ജീവിക്കേണ്ടിവരുന്നത് അത്തരമൊരു കണക്കുപുസ്തക തെറ്റ് ആകണമെന്ന് എത്ര വട്ടമാണ് ഞാൻ ഓർത്തിട്ടുള്ളത്.

യാത്രയും സ്ത്രീയും – രണ്ട് വൈരുധ്യങ്ങൾ തന്നെയാണവ. എന്നിട്ടും യാത്രചെയ്തുകൊണ്ടേയിരിക്കാൻ കൊതിക്കുന്നവരാണ് ഒരുപാട് സ്ത്രീകൾ. ആകസ്മികമായൊന്നുമല്ല, യാത്രയുടെ ലോകത്ത് ഞാൻ എത്തിച്ചേർന്നത്. യാത്രയുടെ ലോകത്ത് ജനിച്ചുവീണ് അതിന്റെ ആനന്ദങ്ങളും നൊമ്പരങ്ങളും അറിഞ്ഞ് വളർന്നതിനാലാകണം യാത്രയെന്നുകേൾക്കുമ്പോൾത്തന്നെ സമസ്തകോശങ്ങളും അസാധാരണമായൊരു ഊർജപ്രവാഹത്തിൽ നിറയുന്നത്.

ലോകം മുഴുവൻ യാത്ര ചെയ്യുന്ന അച്ഛൻ (മർച്ചന്റ് നേവിയിലായിരുന്നു അച്ഛന് ജോലി). ഒരിക്കലും വീട് മാത്രമാണ് സ്ത്രീയുടെ ലോകം എന്നു പഠിപ്പിച്ച് വളർത്താൻ തയ്യാറാകാത്തവർ ആയിരുന്നു എന്റെ അച്ഛനമ്മമാർ. യു.പി. സ്കൂൾകാലം മുതൽ കുട്ടികൾക്ക് പങ്കെടുക്കാവുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മത്സരങ്ങളിലും വിവിധ കോഴ്സുകളിലുമൊക്കെ പങ്കെടുപ്പിച്ച് അസാധാരണമായൊരു ബാല്യമാണ് അവർ എനിക്ക് സമ്മാനിച്ചത്. അവധിക്കാലങ്ങളും അവധി സമയങ്ങളും മുഴുവനായി തന്നെ വീടിന് പുറത്തായിരുന്നു എന്ന് ഇപ്പോഴോർക്കുമ്പോൾ തിരിച്ചറിയുന്നു. ബാലവേദിയുടെ സംസ്ഥാന നേതാവായിക്കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തിന് പുറത്തേക്കും നീണ്ടു യാത്രകൾ. ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ റഷ്യയിലേക്ക് പോകാൻ കഴിഞ്ഞതും മറ്റൊരു യാത്രാഭാഗ്യം.



ലോകം ചുറ്റുന്ന അച്ഛന്റെ ജോലിയ്ക്കിടയിൽ മുടങ്ങാതെ വന്നുചേരുന്ന കത്തുകൾ സ്നേഹം മാത്രമായിരുന്നില്ല പകർന്നുതന്നത്. ഈ ഭൂലോകത്തിന്റെ ഒരുപാട് കോണുകൾ, അവിടുത്തെ കാഴ്ചകൾ, വിശേഷങ്ങൾ, ആളുകൾ, അറിവുകൾ – അച്ഛന്റെ കത്തുകൾ വലിയ യാത്രാവിവരണങ്ങൾ ആയിരുന്നു. അവയിലൂടെ ഈ ലോകമെന്നത് തിരുവനന്തപുരം എന്നൊരു ദേശം മാത്രമല്ലെന്ന് ഓർമവച്ചപ്പോഴേ ഞാനറിഞ്ഞു. വിവിധ നാടുകളിലെ മലകളും പുഴകളും പൂക്കളും മരങ്ങളും മറ്റും ഫോട്ടോകളായി അച്ഛന്റെ വർണനകളായി മനസിൽ പതിഞ്ഞു. അച്ഛന്റെ ഫോട്ടോഗ്രാഫി കമ്പം മനസിൽ പതിപ്പിച്ചുതന്ന ലോകങ്ങൾ കാണണമെന്ന് മനസിൽ കുട്ടിക്കാലത്ത് ഉറപ്പിച്ചിരുന്നു. ഒരവധിക്കാലത്ത് അച്ഛൻ സമ്മാനിച്ച എസ്.കെ. പൊറ്റക്കാടിന്റെ സഞ്ചാരസാഹിത്യകൃതികൾ മറ്റൊരു സ്വപ്നവുംകൂടി നൽകി – നാടുകൾ കണ്ട്, നാട്ടുവിശേഷങ്ങൾ എഴുതുന്ന യാത്രാവിവരണക്കാരിയാകണം. കുട്ടിക്കാലത്ത് ആ സ്വപ്നങ്ങളൊക്കെ പത്തരമാറ്റോടെ യാഥാർഥ്യമായി. ഒൻപതാം ക്ലാസിൽ വിദേശയാത്ര, പത്താം ക്ലാസിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ യാത്രാവിവരണം സീരിയലൈസ് ചെയ്തുവന്നു, ആയിടെതന്നെ ഡി.സി. ബുക്സ് ബീന കണ്ട റഷ്യ പുസ്തകവുമാക്കി.

അക്കാലത്തൊന്നും സ്ത്രീക്ക് യാത്രകൾ സ്വപ്നം മാത്രമാണെന്ന് ഞാൻ ചിന്തിച്ചിട്ടേയില്ല. പക്ഷെ കൗമാരവും യൗവ്വനവും എന്നെ സ്ത്രീത്വത്തിന്റെ പരിമിതികളെക്കുറിച്ച് പഠിപ്പിച്ചുതുടങ്ങി. പുറത്തിറങ്ങുമ്പോഴുള്ള നോട്ടങ്ങൾ, അശ്ലീലച്ചുവയുള്ള കമന്റടികൾ, പൊതുനിരത്തും, ബസ്സും ട്രെയിനുമൊക്കെ എനിക്കുള്ളതല്ല എന്ന് ഞാൻ വേഗത്തിൽത്തന്നെ തിരിച്ചറിഞ്ഞു. എന്നിട്ടും പകലുകൾ സ്വന്തമാക്കി ഇത്തിരിവട്ടങ്ങളിൽ ഞാനെന്നെ യാത്ര ചെയ്യിപ്പിച്ചുകൊണ്ടേയിരുന്നു. പക്ഷെ രാത്രി മൊത്തമായും, ചില്ലറയായും എനിക്കുള്ളതല്ല എന്ന് തീരുമാനിക്കാതെ വയ്യായിരുന്നു. സന്ധ്യയ്ക്കുശേഷം പുറത്തിറങ്ങുന്നത് അപകടമെന്ന് വീട്ടുകാരും നാട്ടുകാരും അനുഭവങ്ങളും വ്യക്തമാക്കിക്കൊണ്ടേയിരുന്നു.

പത്രപ്രവർത്തനം പഠിച്ചും, പത്രപ്രവർത്തകയായും സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങളെ സ്വന്തമാക്കാൻ ശ്രമിച്ചിട്ടും യാത്രയെന്നത് സ്വപ്നം മാത്രമായി തന്നെ അവശേഷിച്ചു.

ഇന്ത്യൻ ഇൻഫർമേഷൻ സർവീസിൽ ജോലികിട്ടിയപ്പോൾ ആദ്യ പോസ്റ്റിങ് ഡി.എ.വി.പിയിലായിരുന്നു. കേരളത്തിലെ ഗ്രാമങ്ങളിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിക്കുകയായിരുന്നു ജോലി. വിരസമായിരുന്നു ജോലിയെങ്കിലും യാത്രചെയ്യാമെന്ന ചിന്ത കോശങ്ങളിൽ ആനന്ദത്തിന്റെ ഊർജസ്രോതസുകളുടെ ഉറവുകളെ ഉണർത്തി. ചെറിയ കുട്ടിയായിരുന്ന മകനെ പല

ഒരിക്കലും വീട് മാത്രമാണ് സ്ത്രീയുടെ ലോകം എന്നു പഠിപ്പിച്ച് വളർത്താൻ തയ്യാറാകാത്തവർ ആയിരുന്നു എന്റെ അച്ഛനമ്മമാർ. യു.പി. സ്കൂൾകാലം മുതൽ കുട്ടികൾക്ക് പങ്കെടുക്കാവുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മത്സരങ്ങളിലും വിവിധ കോഴ്സുകളിലുമൊക്കെ പങ്കെടുപ്പിച്ച് അസാധാരണമായൊരു ബാല്യമാണ് അവർ എനിക്ക് സമ്മാനിച്ചത്

പ്പോഴും ഒപ്പം കൊണ്ടുപോയി, മകനെ വീട്ടിലാക്കിപ്പോയപ്പോൾ വീട് മാടിവിളിച്ചു. കേരളത്തിലെ ഗ്രാമങ്ങളിൽ അലഞ്ഞുനടന്ന ആ കാലത്താണ് (20 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു) 'സ്ത്രീയാത്ര'യുടെ പ്രായോഗിക പ്രശ്നങ്ങൾ ഞാൻ തിരിച്ചറിഞ്ഞുതുടങ്ങിയത്.

രാത്രി താമസിക്കാനിടംതേടി പല ഗ്രാമങ്ങളിലും അലഞ്ഞ അനുഭവങ്ങൾ. പലപ്പോഴും മണിക്കൂറുകൾ യാത്രചെയ്ത് ബന്ധുക്കളുടെയും കൂട്ടുകാരുടെയും വീടുകളിൽ താമസിക്കേണ്ടിവന്നിട്ടുണ്ട്. നിത്യവും ദീർഘയാത്രചെയ്ത് ക്ഷീണിച്ചത് ഒന്നോരണ്ടോ വട്ടമായിരുന്നില്ല. പല സ്ഥലത്തും പെട്ടെന്ന് ചെല്ലുമ്പോഴും ഒന്നോ രണ്ടോ ദിവസങ്ങൾക്കുവേണ്ടി ചെല്ലുമ്പോഴും വർക്കിങ് വിമൻസ് ഹോസ്റ്റലുകളുടെ വാതിലുകൾ തുറക്കുമായിരുന്നില്ല. സുരക്ഷിതമായ രാത്രികേന്ദ്രങ്ങൾ അക്കാലത്ത് അപൂർവം തന്നെയായിരുന്നു. ഹോട്ടലുകൾ ഒറ്റയ്ക്ക് താമസിക്കാനെത്തുന്ന സ്ത്രീയെ പകപ്പോടെ നോക്കി.

അന്ന് ഇന്ത്യയിൽത്തന്നെ മറ്റൊരു സ്ത്രീയും ഡി.എ.വി.പിയുടെ എക്സിബിഷൻ ഓഫീസറായി പ്രവർത്തിക്കാൻ ധൈര്യം കാട്ടാത്തതിനാൽ ഔദ്യോഗികമായും ഇത്തരം പ്രശ്നങ്ങൾ എന്റേതുമാത്രമായി അവശേഷിച്ചു.

പൊതു ഇടങ്ങളിലെ രാത്രികൾ സ്ത്രീകളുടേതല്ലയെന്ന് പല അനുഭവങ്ങളിലൂടെ കേരളീയസമൂഹം എന്നെ പഠിപ്പിച്ചുകൊണ്ടേയിരുന്നു. എന്റെ ഓഫീസർ ഞാൻ ജോലിയിൽ ചേരാൻ ചെല്ലുമ്പോൾതന്നെ പ്രസ്താവിച്ചതാണ്,

'ഇതു സ്ത്രീകൾക്കുചേർന്ന പണിയല്ല, നിങ്ങളെ കൊണ്ടുപോകുന്നത് ഞങ്ങൾക്കും ബുദ്ധിമുട്ടാണ്, പേരുദോഷം ഉണ്ടാവുമെന്നത് ഒരു കാര്യം. നിങ്ങളുടെ സുരക്ഷ ഉണ്ടാക്കുന്ന തലവേദന മറ്റൊന്ന്. ട്രാൻസ്ഫർ വാങ്ങിപ്പോകുന്നതാണ് നിങ്ങൾക്കും ഓഫീസിനും നല്ലത്'.

അഞ്ചുവർഷങ്ങൾ ഞാൻ കേരളത്തിലെ ഗ്രാമങ്ങൾ കണ്ടുനടന്നു. ബുദ്ധിമുട്ടുകൾ ഏറെയുണ്ടായിരുന്നു. എങ്കിലും അപൂർമായ ഒരു ലഹരി ആ നാളുകളിൽ എന്നിൽ നിറഞ്ഞുനിന്നു. യാത്രയുടെ ലഹരി. ട്രെയിനുകളും ബസുകളും എന്റെ സ്വന്തം ഇടങ്ങളാണെന്നു തോന്നുന്നത് അക്കാലത്തുമാത്രമായിരുന്നില്ല.

യാത്രകൾ ഇത്രയേറെ ആത്മാവിൽ കുടിയേറിയിട്ടും യാത്രകളെ ശപിച്ചുപോകുന്നത് കേരളത്തിലെ പുരുഷ സമൂഹത്തിലെ ചിലരുടെ മാനസികവൈകല്യങ്ങൾ അനുഭവിക്കുമ്പോഴാണ്. അനാവശ്യമായി പിന്തുടരുന്ന അശ്ലീല കണ്ണുകൾ, തോണ്ടലുകൾ, തൊടീലുകൾ, അശ്ലീല സംസാരങ്ങൾ - അപകടം മണക്കുന്ന യാത്രാവേളകൾ, യാത്രയുടെ ചന്തവും ചാരുതയും പലതവണ തല്ലിക്കൊഴിച്ചു.

ചിലരൊക്കെ ബസ്സിൽ ഞാൻ യാത്രചെയ്യുന്ന സ്ഥലംവരെ ടിക്കറ്റെടുത്ത് ഒപ്പംവന്ന് എന്റെ നെഞ്ചിടിപ്പുകൂട്ടി. മറ്റുചിലർ അറപ്പുളവാക്കുന്ന കാഴ്ചകൾ കാട്ടി, വർത്തമാനങ്ങൾപറഞ്ഞ് വഴിയോരങ്ങളെ അഭിശപ്തമാക്കി - സ്ത്രീശരീരമെന്നത് ഏറ്റവും വലിയ ശാപമാണെന്നും, അതിനുള്ളിലിരുന്ന് പിടയ്ക്കുന്ന സ്വാതന്ത്ര്യത്തിന്റെ, യാത്രയുടെ ആഗ്രഹങ്ങൾക്ക് യാതൊരു ന്യായീകരണവുമില്ലെന്നും പലവട്ടം അനുഭവങ്ങൾ ഓർമിപ്പിച്ചു.

എന്നിട്ടും എനിക്ക് യാത്രചെയ്യാതിരിക്കാൻ വയ്യായിരുന്നു. അവസരം കിട്ടിയപ്പോഴൊക്കെ ഞാൻ ബാഗുനിറച്ചുപോകാൻ കഴിയുന്ന ഇടങ്ങളിലേക്കൊക്കെ പോയി, കാണാൻ തോന്നിയ കാഴ്ചകളെ തേടിയലഞ്ഞു, ഇന്ത്യയുടെ മിടുപ്പുകൾക്കു കാതോർത്തു. എഴുതാൻ കഴിഞ്ഞതൊക്കെ എഴുതി. ജീവിതത്തിരക്കുകളുടെ, സമയക്കുറവിന്റെ പരിമിതികളാൽ എഴുതാൻകഴിയാതെ ഏറെ ബാക്കിവച്ചു. ഒറ്റയ്ക്കു യാത്രചെയ്യുമ്പോൾ പല പുരുഷന്മാർക്കും 'അല്പം പിശകാവും, അതാണ് ഇങ്ങനെ യാത്ര ചെയ്യുന്നത്' എന്ന് തോന്നുന്നത് നേരിട്ടറിഞ്ഞിട്ടുണ്ട്. അവരുടെയൊക്കെ സങ്കല്പത്തിലെ സ്ത്രീ വീടിനുപുറത്ത് ഒരു ലോകം കാണേണ്ടവളല്ലല്ലോ.

അപമാനങ്ങൾ, അസ്വസ്ഥതകൾ - ഏറെ അനുഭവിച്ചിട്ടും യാത്ര എന്നെ പ്രലോഭിപ്പിച്ചുകൊണ്ടിയിരിക്കുന്നു. 20 വർഷങ്ങൾക്കുമുമ്പ് ഡി.എ.വി.പിയിൽ ജോലി ചെയ്യുമ്പോൾ നേരിട്ട പ്രശ്നങ്ങളിൽ പലതും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. പുരുഷന്മാരുടെ പെരുമാറ്റത്തെക്കുറിച്ചു മാത്രമല്ല, രാത്രി താമസിക്കാനുള്ള പ്രശ്നങ്ങൾ, ഒരിടത്ത് രാത്രി ചെന്നിറങ്ങിയാൽ സുരക്ഷിതമായി താമസസ്ഥലത്തെത്താനുള്ള പ്രശ്നങ്ങൾ, എല്ലാത്തിനുമുപരി പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ. ഒക്കെ ഇന്നും കീറാമുട്ടികൾതന്നെ.

ഒരാൾ തീവ്രമായി എന്തെങ്കിലും ആഗ്രഹിച്ചാൽ പ്രപഞ്ചം മുഴുവൻ അയാളുടെ സഹായത്തിനെത്തുമെന്ന് പറഞ്ഞത് പാവ്ലോ കൊയ്ലോയാണ്. അത് ശരിയാണെന്ന് ജീവിതം പലവട്ടം പഠിപ്പിച്ചിട്ടുണ്ട്, ഇപ്പോഴും.

ദൂരദർശന്റെ ന്യൂസ് എഡിറ്റർ സ്ഥാനത്തുനിന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയിലേക്ക് ട്രാൻസ്ഫർ വാങ്ങിയപ്പോൾ എഴുത്തിനുവേണ്ടി മറ്റു തിരക്കുകളിൽനിന്ന് രക്ഷപെടുക എന്നതായിരുന്നു ഉദ്ദേശ്യം. ഇപ്പോൾ യാത്രകളുടെ ലോകം വീണ്ടും എനിക്ക് സ്വന്തം. ഔദ്യോഗികമായിതന്നെ വിവിധ സ്ഥലങ്ങളിലേക്ക് യാത്രകൾക്ക് അവസരം തരുന്നു എന്റെ ജോലി.

യാത്രകൾ വിശാലമാക്കുന്നത് മനസിനെയും ചിന്തകളെയും മാത്രമല്ല, ജീവിതവീക്ഷണത്തെക്കൂടിയാണ് - സ്ത്രീ ശരീരത്തിലിരുന്ന് ശ്വാസംമുട്ടുന്ന എന്റെ യാത്ര, മനസ് ഓരോ യാത്രയിലും ഉന്മാദിയാകുന്നു. ഓരോ കാഴ്ചയും ആയിരമിരട്ടി ചാരുതയോടെ ഓർമയുടെ പുസ്തകത്തിൽ ബാക്കിയാവുന്നു.

പുരുഷന്മാരുടെ യാത്രകളെക്കാൾ ആയിരമിരട്ടി പ്രയാസകരമാണ് ഓരോ സ്ത്രീയാത്രയും. വീടും, ഓഫീസും, മറ്റ് അസൗകര്യങ്ങളും. ഒക്കെ പിന്നോട്ട് വലിക്കുമ്പോളും യാത്രയുമായി മുന്നോട്ടുപോകുന്നതിന് കഴിയുന്നവർ - അവരിലൊരാളാകുമ്പോൾ എനിക്ക് കിട്ടുന്നത് അപൂർവമായ ജിവിതോർജമാണ്, ഏതു പ്രതിസന്ധിയെയും മറികടക്കാനുള്ള അപാരമായ ശക്തിയാണ്. ■



# മലയാളസിനിമയുടെ കാണാക്കാഴ്ചകൾ

**അശോകൻ പുതുപ്പാടി**



മനുഷ്യനുമായി ഏറ്റവുമടുത്തുനിന്ന് സമൂഹത്തിന്റെ സമസ്തമേഖലകളിലുമിടപെടുന്ന മാധ്യമമാണ് സിനിമ. സിനിമയെ സൗന്ദര്യശാസ്ത്രപരമായും വിമർശനപരമായും നോക്കിക്കാണുന്ന നിരവധി ഗ്രന്ഥങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക കാലയളവിലെ മലയാളസിനിമയെ അടുത്തുനിന്നും അകലെനിന്നും നിരീക്ഷിച്ച് നേട്ടങ്ങളും കോട്ടങ്ങളും പരിശോധിച്ച് വിലയിരുത്തുന്ന പഠനഗ്രന്ഥങ്ങൾ കുറവാണ്. സമൂഹത്തിന് അഭികാമ്യമാകേണ്ട ജനകീയമാധ്യമത്തിന്റെ ഇത്തരം സാധ്യതകൾ തേടുന്ന ചലച്ചിത്ര പഠനപുസ്തകമാണ് അനിൽ ദേവ് രചിച്ച കാണാക്കാഴ്ചകൾ.

മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലുമായി ഡോക്യുമെന്ററിയടക്കം നാലു സിനിമകൾ നിർമിച്ച പരിചയവുമായാണ് അനിൽ ദേവ് ഗ്രന്ഥരചന നിർവഹിച്ചിരിക്കുന്നത്. ലോകത്തിലെ ആദ്യ ശബ്ദചിത്രമായ *ജാസ് സിംഗറിൽ* തുടങ്ങി മലയാളത്തിലെ ആദ്യ ശബ്ദചിത്രമായ *ബാലനെ* സ്പർശിച്ച് ഗൗരവ സാഹിത്യകൃതികൾ അവലംബിച്ച് ചിത്രീകരിച്ച സിനിമകളിലൂടെ കാൻ ഫെസ്റ്റിവൽ വരെയെത്തി സിനിമകളെ പരിചയപ്പെടുത്തുന്ന ഇന്നലെകളുടെ ഓർമപ്പെടുത്തലുകൾ എന്ന അധ്യായത്തോടെയാണ് പുസ്തകം ആരംഭിക്കുന്നത്. ദൃശ്യമാധ്യമങ്ങളുടെ ധാരാളിത്തം പ്രകടമായ ഈ കാലഘട്ടത്തിൽ പരമ്പരാഗത ആർട് ചിത്രങ്ങളുടെ സാധ്യതയ്ക്ക് മങ്ങലേറ്റപ്പോഴും ഓൺലൈൻ വിപണനത്തിലൂടെയും ഡി.വി.ഡി റൈറ്റിലൂടെയും മുടക്കുമുതൽ തിരിച്ചെടുക്കാൻ സിനിമകൾക്ക് സാധിക്കുന്നുണ്ട്. കലാപരമായ മേന്മയും അതേ സമയം ലളിതമായ കഥാഖ്യാനവും നല്ല സിനിമയുടെ മുഖമുദ്രയായി മാറുന്നുണ്ടെന്ന് *ആദാമിന്റെ മകൻ അബു, തകരച്ചെണ്ട, ആത്മകഥ, നിഴൽക്കുത്ത്, ശേഷം, പെരുമഴക്കാലം* എന്നീ സിനിമകളിലൂടെ ലേഖകൻ സ്ഥാപിക്കുന്നു.

വാർധക്യത്തിന്റെ നിസ്സഹായതയും ഏകാന്തതയും ചിത്രീകരിച്ച സിനിമകൾ ഈ കാലഘട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. *ഏകാന്തം, ഓർക്കുക വല്ലപ്പോഴും, ബ്രിഡ്ജ്* എന്നിവ ഇതിനുദാഹരണങ്ങളാകുമ്പോൾ *ഒരു വടക്കൻ വീരഗാഥ, യുഗപുരുഷൻ, മകരമഞ്ഞ്, പാലേരിമാണിക്യം* എന്നിവ വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെട്ട ചരിത്ര സിനിമകളാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു.

വിപ്ലവകരമായ ജീവിതവും തീവ്രവിപ്ലവത്തിൽ നിന്നുള്ള വിടവാങ്ങലും അതിന്റെ പരിണതഫലങ്ങളും പ്രതിപാദിക്കുന്ന സിനിമകൾ വന്നപ്പോൾത്തന്നെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുന്ന സിനിമകളും പാരമ്പര്യത്തിന്റെ പേരുപറഞ്ഞ് അതിനെ കച്ചവടച്ചരക്കാക്കുന്ന സിനിമകളും ഉണ്ടായി. സ്ത്രീപക്ഷ സിനിമകൾ, ബാലമനസ്സുകളുടെ ആത്മാവിനെ തൊട്ടറിയുന്ന സിനിമകൾ, യാഥാർഥ്യങ്ങളെപ്പോലെ ഭ്രാത്മകതയെ ചിത്രീകരിക്കുന്ന സിനിമകൾ തുടങ്ങി മലയാളസിനിമയിലെ ഒരു ദശാബ്ദക്കാലത്തെ ഡോക്യുമെന്റേഷൻ വളരെ വിദഗ്ധമായിട്ടാണ് ലേഖകൻ നിർവഹിച്ചിരിക്കുന്നത്.

മലയാളസിനിമയുടെ 'പത്തുവർഷക്കാഴ്ചകൾ' പത്ത് അധ്യായങ്ങളായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാറുന്ന മലയാളിമനസ്സുകളിൽ മറുഭാഷാചിത്രങ്ങൾ ഇടം തേടുമ്പോഴും കലാപരമായി മേന്മയുള്ള മറുഭാഷാസിനിമകൾ സമ്മാനിച്ചത് മലയാളി സംവിധായകർ തന്നെയാണെന്ന് *മറുപക്കം (സേതുമാധവൻ), കാഞ്ചീവരം (പ്രിയദർശൻ)* എന്നീ സിനിമകളെ സൂചിപ്പിച്ചുകൊണ്ട് ലേഖകൻ ബോധ്യപ്പെടുത്തുന്നു. അനുബന്ധത്തിൽ 2010 നുശേഷം മലയാളസിനിമയിൽ വന്ന പുത്തൻ നിരയെ പരിചയപ്പെടുത്തുന്നു. എം. മോഹനൻ, രഞ്ജിത് ശങ്കർ, സമീർ താഹിർ, ആഷിക് അബു എന്നിവർ പ്രതീക്ഷ നൽകുന്ന സംവിധായകരാണെന്ന് ലേഖകൻ പ്രത്യാശ പ്രകടിപ്പിക്കുന്നു.

മലയാളസിനിമ വളരുക തന്നെയാണെന്ന് പത്തുവർഷത്തെ ചലച്ചിത്രപഠനം നമ്മെ ബോധ്യപ്പെടുത്തുന്നു. സംവിധായകൻ എം.പി. സുകുമാരൻ നായർ അവതാരികയിൽ പറഞ്ഞിരിക്കുന്നതുപോലെ മലയാളസിനിമയിലെ ആദ്യ സിനിമാസ്കോപ്പ്, ത്രീഡി തുടങ്ങി നാഴികക്കല്ലുകളായ ചില സിനിമകളുടെ പരാമർശമില്ല എന്ന പോരായ്മകൾക്കിടയിലും സിനിമയെ മറ്റൊരു കാഴ്ചപ്പാടിൽ അടുത്തറിയാൻ ശ്രമിച്ച അനിൽ ദേവും പ്രസാധകരായ റീഡ് ഇന്ത്യാ പബ്ലിക്കേഷനും അഭിനന്ദനമർഹിക്കുന്നു. ചലച്ചിത്രവിദ്യാർഥികളും സിനിമയെ സ്നേഹിക്കുന്നവരും തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകമാണ് 'കാണാക്കാഴ്ചകൾ' എന്ന് നിസ്സംശയം പറയാം.

*കാണാക്കാഴ്ചകൾ - റീഡ് ഇന്ത്യ പബ്ലിക്കേഷൻസ്*

# പരസ്പരം



മറുപടി നൽകുന്നത് :
**വി.വി. മൊയ്തുണ്ണി**
അഡീ. സെക്രട്ടറി,
അസോസിയേറ്റ് ഫെലോ, ഐ.എം.ജി

01-01-2006 ൽ കണ്ണൂർ ജില്ലയിൽ കൃഷി വകുപ്പിൽ എൽ.ഡി.സി ആയി നിയമിതനായ എനിക്ക് 20-08-2008 ൽ പരസ്പര മാറ്റത്തിലൂടെ തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിൽ നിയമനം ലഭിച്ചു. എന്നാൽ ഇതേ തീയതിയിൽ തിരുവനന്തപുരം ജില്ലയിലെ വ്യവസായവകുപ്പിലേക്ക് കെ.പി.എസ്.സി ശുപാർശചെയ്യപ്പെട്ട ഒരാൾക്ക് 15-09-2008 ലാണ് നിയമന ഉത്തരവ് നൽകിയത്. അതനുസരിച്ച് പ്രസ്തുത ആൾ 25-09-2008 ൽ സർവീസിൽ പ്രവേശിച്ചു. തിരുവനന്തപുരം ജില്ലയിലെ വ്യവസായവകുപ്പിലെ എൽ.ഡി.സി സീനിയോറിറ്റി ലിസ്റ്റിൽ എനിക്കുശേഷം നിയമിതനായ ഇയാൾ എന്നെക്കാൾ സീനിയറായിട്ടാണ് കാണുന്നത്. ഇത് ശരിയാണോ?

ടി. ഉണ്ണികൃഷ്ണൻ, കല്ലമ്പലം

KS&SSR ചട്ടം 27(c) യുടെ പ്രൊവിസോ പ്രകാരം പരസ്പരം (mutual) അല്ലെങ്കിൽ ഒരു യൂണിറ്റിൽ നിന്നും മറ്റൊരു യൂണിറ്റിലേക്ക് (inter unit) അല്ലെങ്കിൽ ഒരു വകുപ്പിൽനിന്ന് മറ്റൊരുവകുപ്പിലേക്ക് (inter departmental) അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിക്കപ്പെടുന്ന ആളിന്റെ പ്രവേശന തീയതിയും അതേ തരത്തിലുള്ള തസ്തികയിലേക്ക് കമ്മീഷന്റെ ശുപാർശ പ്രകാരം നിയമിക്കപ്പെടുന്ന ആളിന്റെ പ്രാബല്യത്തിൽ വരുന്ന ആദ്യത്ത ശുപാർശ (first effective advice) യുടെ തീയതിയും ഒന്നുതന്നെയാണെങ്കിൽ രണ്ടാമത്തെ ആൾ ആദ്യത്തെ ആളിനേക്കാൾ സീനിയറാണെന്നു കണക്കാക്കേണ്ടതാണ്. മേൽചട്ടപ്രകാരം താങ്കളുടെ സീനിയോറിറ്റി കണക്കാക്കിയത് ക്രമപ്രകാരമാണ്.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും*
*സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള*
*സംശയങ്ങൾക്ക് മറുപടി നൽകുന്ന*
*പംക്തിയാണ് പരസ്പരം.*
*ഇതിലേക്കുള്ള ചോദ്യങ്ങൾ*
*എഡിറ്റർ, ജനപഥം,*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,*
*സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001*
*വിലാസത്തിൽ അയയ്ക്കുക.*

സതീഷ് പൂവത്തൂർ

# തുളസി റേഡിയേഷനെയും ചെറുക്കും



ഔഷധസസ്യങ്ങളുടെ മാതാവായ തുളസിക്ക് റേഡിയേഷനെ ചെറുക്കാൻ കഴിവുണ്ടെന്ന ആധുനിക ശാസ്ത്രലോകത്തിന്റെ കണ്ടെത്തൽ പുത്തൻ പ്രതീക്ഷകൾക്ക് വഴിയൊരുക്കുന്നു.

പ്രതിരോധ ഗവേഷണ-വികസന സംഘടന (ഡി.ആർ.ഡി.ഒ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ മെഡിസിൻ ആൻഡ് അലയഡ് സയൻസ്, കസ്തൂർബാ മെഡിക്കൽ കോളേജിലെ റേഡിയോ ബയോളജി വിഭാഗം എന്നിവയിലെ വിദഗ്ധരാണ് ഇതുസംബന്ധിച്ച ഗവേഷണ റിപ്പോർട്ട് പുറത്തുവിട്ടത്. റേഡിയേഷനെയും കാൻസറിനെയും പ്രതിരോധിക്കാൻ തുളസിക്ക് കഴിയുമെന്ന് എലികളിൽ നടത്തിയ പരീക്ഷണത്തിലൂടെ തെളിഞ്ഞു.

തുളസിയിലയിൽ അടങ്ങിയിരിക്കുന്ന 'ഗ്ലൂറ്റാത്തിയോൻ' എന്ന രാസവസ്തുവിന് റേഡിയേഷൻമൂലമുണ്ടാകുന്ന തകരാറ് പരിഹരിക്കാനാവുമെന്നാണ് പഠനം വെളിപ്പെടുത്തുന്നത്. കാൻസർ ചികിത്സയുടെ ഭാഗമായി റേഡിയേഷൻ ചികിത്സയ്ക്കു വിധേയരാകുന്ന രോഗികളുടെ ശരീരകോശങ്ങളെ സംരക്ഷിക്കാൻ ഈ രാസവസ്തുവിന് കഴിയും എന്നതും ഏറെ ശ്രദ്ധേയമാണ്. ഇതിന്റെ പഠന നിരീക്ഷണങ്ങൾക്കായി പ്രതിരോധ ഗവേഷണ വകുപ്പ് ഏഴുകോടിയോളം രൂപയാണ് ചെലവഴിച്ചത്. ഇന്ത്യൻ ശാസ്ത്രലോകം കൈവരിച്ച ഈ നേട്ടം ലോകജനതയ്ക്കാകമാനം ഗുണകരമാകുമെന്ന് ഗവേഷകവൃത്തങ്ങൾ പറയുന്നു.



# വലിയ തലയുള്ള പോരാളി ഉറുമ്പുകൾ

പ്രാചീനമായ ജീനുകൾ സജീവമാക്കി വലിപ്പമേറിയ തലയും വലിയ വായുമുള്ള 'വിശിഷ്ടപോരാളി' ഉറുമ്പുകളെ ജനിതക ശാസ്ത്രജ്ഞർ സൃഷ്ടിച്ചു. കോടിക്കണക്കിനു വർഷങ്ങൾക്കുമുമ്പ് ഇത്തരം ഉറുമ്പുകൾ ഭൂമുഖത്ത് ജീവിച്ചിരുന്നു.


സാധാരണ ഉറുമ്പിന്റെ ലാർവയിൽ പ്രത്യേക ഹോർമോൺ ചേർത്താണ് ജനിതക ശാസ്ത്രജ്ഞർ വിശിഷ്ട പോരാളികളെ സൃഷ്ടിച്ചത്. 'ജേണൽ സയൻസിന്റെ' പുതിയ ലക്കത്തിൽ ഈ ഗവേഷണഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശത്രു ഉറുമ്പുകളെ തുരത്തുകയാണ് ഇവയുടെ മുഖ്യ ദൗത്യം. അടുത്തെത്തുന്ന ശത്രുവിനെ വലിയ തല ഉപയോഗിച്ച് ആക്രമിച്ചു തോൽപ്പിക്കുകയാണ് രീതി. ജനവാസകേന്ദ്രങ്ങളിൽ ഇവയുടെ സാന്നിധ്യം സാധാരണമല്ലെങ്കിലും ഇത്തരം ഉറുമ്പുകൾ അപൂർവമായി കാടുകളിൽ കാണാറുണ്ടെന്ന് പഠനറിപ്പോർട്ടിൽ വെളിപ്പെടുത്തുന്നു.


സാധാരണ ഉറുമ്പുകളിൽ വിശിഷ്ട പോരാളി ഉറുമ്പുകളായി മാറുന്നതിനുള്ള എല്ലാ ജനിതകഘടകങ്ങളുമുണ്ടെന്ന് കാനഡയിലെ മക്ഗിൽ സർവകലാശാലയിലെ ഡോ. രാജേന്ദ്രൻ രാജകുമാർ ഗവേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

# ട്രാങ്കുലിറ്റൈറ്റ് ഭൂമിയിലും കണ്ടെത്തി

ചന്ദ്രനിൽ മാത്രമുള്ളതായി അവകാശപ്പെട്ടിരുന്ന അപൂർവ ധാതുക്കൾ ഭൂമിയിലും കണ്ടെത്തിയതായി ഗവേഷകർ വെളിപ്പെടുത്തി. ശാസ്ത്രലോകത്തിനുമുന്നിൽ അദൃശ്യമായി തുടർന്നിരുന്ന ട്രാങ്കുലിറ്റൈറ്റ് ധാതുവിന്റെ സാന്നിധ്യമാണ് കണ്ടെത്തിയത്.

ഓസ്ട്രേലിയയിലെ കർട്ടിൻ സർവകലാശാല നടത്തിയ പഠനത്തിനിടെ ലഭിച്ച അയിരംകോടി വർഷം പഴക്കമുള്ള പാറക്കഷണങ്ങളാണ് ധാതുസമ്പത്തിന് സ്ഥിരീകരണം നൽകുന്നത്. ചന്ദ്രനിൽ ആദ്യമെത്തിയ നീൽ ആംസ്ട്രോങ്ങും എഡ്വിൻ ആൽഡ്രിനും 'സീ ഓഫ് ട്രാങ്കുലിറ്റൈറ്റിയിൽ' നിന്ന് ശേഖരിച്ച മൂന്നിനം ധാതുക്കളിൽ ട്രാങ്കുലിറ്റൈറ്റിന്റെ സാന്നിധ്യം മാത്രം ഭൂമിയിൽ കണ്ടെത്താൻ സാധിച്ചിരുന്നില്ല. വർഷങ്ങൾ നീണ്ട പഠനങ്ങളുടെ ഫലമായിട്ടാണ് അവയെ കണ്ടെത്താനായതെന്ന് ഓസ്ട്രേലിയൻ ഗവേഷകൻ ബിർഗൻ റസ്മുസെൻ അഭിപ്രായപ്പെട്ടു.





# ജനസമ്പർക്കം ഒരു തുടർപരിപാടി

ഭരണം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നത് പലതലങ്ങളിലാണ്. സ്ഥിരമായി ഒരു വരുമാനമില്ലാതെ കൂലിപ്പണിയെടുത്തു ജീവിക്കുന്ന ഒരു കുടുംബത്തിന് എ.പി.എൽ റേഷൻ കാർഡാണ് ലഭിച്ചതെങ്കിൽ ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഭരണം മോശപ്പെട്ട ഒരു അനുഭവമായിരിക്കും. ആ റേഷൻ കാർഡ് ബി.പി.എൽ ആക്കി മാറ്റുവാൻ റേഷനിങ് ഓഫീസിലും മറ്റ് അധികാര സ്ഥാനങ്ങളിലും കയറിയിറങ്ങി അവർ ഭരണകൂടത്തെ ശപിക്കും. ന്യായമായി കിട്ടേണ്ട ബി.പി.എൽ കാർഡ് വലിയ അലച്ചിൽ ഇല്ലാതെ കിട്ടിയാൽ ഭരണത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായത്തിൽ വ്യത്യാസമുണ്ടാകും.

ഇങ്ങനെ സാധാരണ ജനങ്ങളെ ബാധിക്കുന്ന അനേകം കാര്യങ്ങളുണ്ട്. അവയൊക്കെ സർക്കാരിന്റെ നടപടിക്രമങ്ങളിൽ കുടുങ്ങി ജനങ്ങളുടെ ജീവിതത്തെ ദുഃഖമയമാക്കുന്നു. പിന്നെ അഴിമതി. ന്യായമായി ജനങ്ങൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു തടസമുണ്ടാകുന്ന സാഹചര്യമുണ്ട്. ജനസമ്പർക്ക പരിപാടിയിൽനിന്ന് എനിക്ക് ബോധ്യമായ കാര്യമാണിത്. വളരെ ചെറിയ ആവശ്യങ്ങൾക്കുപോലും മുഖ്യമന്ത്രിയെ സമീപിക്കേണ്ടിവരിക എന്നത് ഭരണക്രമത്തെ സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. പൊതുസമൂഹവും ഇക്കാര്യത്തിൽ ജാഗ്രത കാണിക്കേണ്ടതുണ്ട്. ശരിയായ കാര്യത്തിന് ഉത്തമമായ പൗരബോധത്തോടുകൂടി ഉദ്യോഗസ്ഥരിൽനിന്ന് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അവരും തയാറാകേണ്ടതുണ്ട്.

ജനസമ്പർക്ക പരിപാടിയിൽ അഞ്ചു ലക്ഷത്തോളം പരാതികളാണ് എനിക്ക് ലഭിച്ചത്. മൂന്നു ലക്ഷം പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണാൻ കഴിഞ്ഞു. പരിഹരിക്കാൻ കൂടുതൽ സമയം ആവശ്യമായവയ്ക്ക് പ്രത്യേകം ജില്ലാതലയോഗങ്ങൾ നടത്തുന്നുണ്ട്. ജനസമ്പർക്കം ഒരു തുടർപരിപാടിയാണ്.

ജനസമ്പർക്ക പരിപാടിയിൽ നിന്നും ലഭിച്ച പാഠങ്ങൾ സർക്കാരിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ മാർഗ്ഗദീപമായിരിക്കും. ഓരോ വകുപ്പിലും വരുത്തേണ്ട മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കും തുടക്കമിട്ടുകഴിഞ്ഞു. റവന്യൂ വകുപ്പിലും സഹകരണവകുപ്പിലും കഴിഞ്ഞ മന്ത്രിസഭായോഗം സുപ്രധാനമായ തീരുമാനങ്ങളെടുത്തു. എല്ലാ വകുപ്പുകളിലും ഇത്തരം മാറ്റങ്ങളും നടപടികളും പ്രതീക്ഷിക്കാം.

അർഹിക്കുന്നവർക്ക് സാങ്കേതികത്വം പറഞ്ഞു സഹായം തടയുന്ന ഒരു ഭരണാധികാരിയല്ല ഞാൻ. ജനങ്ങളുടെ പ്രശ്നങ്ങളിൽ മനുഷ്യത്വപരമായ സമീപനമാണ് എന്റേത്. ലക്ഷക്കണക്കിന് ജനങ്ങളുടെ പരാതികളും സങ്കടങ്ങളും വേദനകളും ദുരിതങ്ങളും എന്നെ കൂടുതൽ വിനയാന്വിതനാക്കുന്നു. ആവശ്യം എത്ര ചെറുതാകട്ടെ അത് ക്ഷമയോടെ കേൾക്കുവാനും ഉചിതമായ നടപടി സ്വീകരിക്കുവാനും ഞാനെന്നും ശ്രമിക്കും. ഒരു ഭരണാധികാരിയെന്ന നിലയിൽ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ കഴിയുന്നത് വളരെ ആശ്വാസം നൽകുന്ന കാര്യമാണ്. വീണ്ടും ഊർജസ്വലതയോടെ മുന്നോട്ടു പോകുവാൻ ജനസമ്പർക്കം എന്നെ കൂടുതൽ പ്രാപ്തനാക്കുന്നു. ■